# ഗിരിദീപം

വാല്യം : 05 | ലക്കം : 06 | വില : ₹10


2022
ജൂൺ



## തിരുഹൃദയ തിരുനാൾ ആശംസകൾ

ക്രൂരതയുടെ കുന്തമുനയിലും അവസാന തുള്ളി രക്തവും
അപരനുവേണ്ടി ചിന്തുന്ന കാരുണ്യമാണ് തിരുഹൃദയം

# ആദരപൂർവം നന്ദിയോടെ



Fr. Chirayil George




Fr. Joseph Mampallikunnel



Fr. Mathew Manimalatharappil



Fr. Mathew Payyanatt



Fr. Abraham Thonippara



"മലബാറിന്റെ മലയോരങ്ങളിൽ
കർത്താവിന്റെ അജഗണത്തെ
വിശ്വസ്തതയോടെ നയിച്ച, നന്മനിറഞ്ഞ
അജപാലകർക്ക് അതിരൂപതയുടെ നന്ദി..."

ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി

ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49, 6).

വാല്യം 05 ജൂൺ 2022 ലക്കം 06

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
0490 - 2342440

# ഉള്ളടക്കം


1. കെ.സി.ബി.സി. സർക്കുലർ ആഗോള മാധ്യമദിനം .......................... 05
2. സർക്കുലർ - സ്കൂൾവർഷാരംഭം .......................... 13
3. കച്ചേരിക്കാര്യം .......................... 18
4. അനുസ്മരണം ഫാ. ജേക്കബ് കരോട്ട് .......................... 30
5. സെമിനാരി വാർത്തകൾ .......................... 32
6. വിശ്വാസപരിശീലനം .......................... 35
7. ബൈബിൾ അപ്പൊസ്റ്റോലേറ്റ് .......................... 44
8. ചെറുപുഷ്പ മിഷൻലീഗ് .......................... 47
9. തിരുബാലസഖ്യം .......................... 56
10. യുവജനശുശ്രൂഷ .......................... 58
11. കുടുംബപ്രേഷിതത്വം .......................... 63
12. വിദ്യാഭ്യാസ ഏജൻസി .......................... 69
13. വിമൽജ്യോതി വാർത്തകൾ .......................... 73
14. സാൻജോസ് അക്കാഡമി .......................... 76
15. ADAM .......................... 79
16. എ.കെ.സി.സി. .......................... 80
17. ഇൻഫാം വാർത്തകൾ .......................... 82
18. മദ്യവിരുദ്ധ പ്രസ്ഥാനം .......................... 83
19. ഏയ്ഞ്ചൽ ട്രസ്റ്റ് .......................... 87
20. സാമൂഹ്യസേവനവേദി .......................... 89
21. ധ്യാനകേന്ദ്രങ്ങളിലൂടെ .......................... 91
22. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) .......................... 92
23. Programme of the Archbishop Mar Joseph Pamplany... .......................... 96
24. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) .......................... 99
25. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) .......................... 101

# സർക്കുലർ
## 2022 ജൂൺ 5
# 56–ാം ആഗോള മാധ്യമദിനം
പരിശുദ്ധ ഫ്രാൻസിസ് പാപ്പയുടെ മാധ്യമ ദിന സന്ദേശം – 2022

പ്രിയ സഹോദരീ സഹോദരന്മാരേ,

വ്യക്തികളെ നേരിട്ടു കാണുവാനും സംഭവങ്ങളെ നേരിട്ടറിയാനും ആ അനുഭവങ്ങൾ പുനരവതരിപ്പിച്ച് സത്യാവസ്ഥ തിരിച്ചറിയാനും വേണ്ട ആവശ്യകതയായ'വന്ന് കാണുവിൻ'– എന്ന ആശയത്തെക്കുറിച്ചാണ് കഴിഞ്ഞ വർഷം ഇതേയവസരത്തിൽ വിചിന്തനം ചെയ്തത്. ഇതേ വിചിന്തനത്തിന്റെ തുടർച്ചയായി, കളങ്കമറ്റ സംഭാഷണ സംവാദങ്ങൾക്ക് ആവശ്യമായതും ആശയവിനിമയത്തി നേറ്റവുമാവശ്യമായ വ്യാകരണങ്ങളി ലൊന്നുമായ' ശ്രവിക്കുക' 'കേൾക്കുക'–എന്ന ക്രിയയിലേക്കാണ് നിങ്ങളുടെ ശ്രദ്ധയാകർഷിക്കുന്നതിന് ശ്രമിക്കുന്നത്.

ദൈനംദിന ബന്ധങ്ങളിലാണെങ്കിലും പൗര ജീവിതത്തിന്റെ പ്രധാന പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചകളിലാണെങ്കിലും നമുക്ക് ശ്രവിക്കുന്ന തിനുള്ള ശേഷിയും ശക്തിയും പാടവവും പ്രാപ്തിയും ക്ഷയിച്ചുവരുന്നു. അതേസമയം ശ്രവണശക്തി തന്നെ ആശയവിനിമയ സമ്പർക്ക മേഖലകളിൽ പ്രധാനവും കനത്തതുമായ വികാസ പരിണാമങ്ങളിലൂടെ കടന്നുപോവുന്നു. എങ്കിലും, പോഡ്കാസ്റ്റിലൂടെയും (Podcast) മറ്റ് ശ്രവ്യോപാധികളിലൂടെയുള്ള അറിയിപ്പുകളും വിവര വൃത്താന്തങ്ങളുടെ ആധിക്യം, ശ്രവണശക്തിയുടെ ആവശ്യകത, എത്രമാത്രം മനുഷ്യന്റെ ആശയവിനിമയത്തിന് പ്രധാനപ്പെട്ട താണെന്ന് തെളിയിക്കുന്നു.

മനുഷ്യകുലത്തിനേറ്റവും അത്യാവശ്യമുള്ളതെന്താണ് എന്ന് വളരെ പ്രശസ്തനായ ഡോക്ടറോട് ചോദിച്ചതിനുള്ള ഉത്തരമായി അദ്ദേഹം പറഞ്ഞത് "ശ്രവിക്കപ്പെടണം എന്ന അതിരുകളില്ലാത്ത അദമ്യമായ ആഗ്രഹം"– എന്നായിരുന്നു. അദ്ദേഹം മനസ്സുകളേൽക്കുന്ന മുറിവുകളുണ ക്കുന്നതിൽ അതിപ്രാവീണ്യമുള്ള ഒരു ഡോക്ടറായിരുന്നു. ഇത്ര അദമ്യമായ ആഗ്രഹം പലപ്പോഴും ഒളിഞ്ഞുകിടക്കുകയാണ് പതിവ്. പക്ഷേ, ഒളിഞ്ഞു കിടക്കുന്ന 'ഞാൻ ശ്രദ്ധിക്കപ്പെടണം',– 'ഞാൻ പറയുന്നത് കേൾക്കണം'– എന്ന ആഗ്രഹം, ഭാവം പലർക്കും ഒരു വെല്ലുവിളിയാവുകയാണ്. പ്രത്യേകിച്ച് മാതാപിതാക്കൾ, അദ്ധ്യാപകർ, അജപാലകർ എന്നിങ്ങനെയുള്ള സാമൂഹികമോ രാഷ്ട്രീയപരമായോ തൊഴിൽ തുറകളിലുള്ളവർക്ക്. സാമൂഹ്യ വിനിമയ സമ്പർക്ക മേഖലകളിലുള്ളവർക്ക് പ്രത്യേകിച്ചും.

## ഹൃദയമാകുന്ന ചെവികൊണ്ടുള്ള ശ്രവണം

വിശുദ്ധ ലിഖിതങ്ങളിൽനിന്നും നമുക്ക് മനസ്സിലാവുന്നത് ശ്രവിക്കുക എന്നുള്ളത് ശബ്ദത്തെക്കുറിച്ചുള്ള ഗ്രാഹ്യം മാത്രമല്ല, മറിച്ച് ദൈവവും മനുഷ്യകുലവും തമ്മിലുള്ള ഒരു സംഭാഷണ സംവേദനത്തിലടിസ്ഥാന മായുള്ള ഒരു ബന്ധംകൂടിയാണ്.-ഒരു ഹൃദയബന്ധം. ''ശ്രവിക്കുക ഇസ്രായേലേ''- (നിയമാ. 6:4) എന്ന തോറയുടെ ആദ്യ കല്പനയുടെ തുടക്കംതന്നെ പലപ്പോഴും വി. ഗ്രന്ഥത്തിൽ ഇത് അടിവരയിടുന്നതാണ്. വി. പൗലോസ് റോമാക്കാരോട് പറയുന്നത് തന്നെ "വിശ്വാസം വരുന്നത് ശ്രവിക്കുന്നതിലൂടെ"-എന്നാണ് (റോമ. 10:17). ഇതിന് പ്രാരംഭംകുറിച്ചതും മുൻകൈ എടുത്തതും ദൈവമാണെങ്കിലും നമ്മൾ അവനെ ശ്രവിച്ച് സമുചിതമായി പ്രതികരിക്കുന്നു. ഈ ശ്രവണം എന്ന അനുഗ്രഹവും സ്രഷ്ടാവിന്റെ പ്രസാദവരത്തിൽനിന്നുതന്നെ ഉത്ഭവിക്കുന്നത് എന്ന് ഒരു നവജാതശിശു തന്റെ മാതാപിതാക്കളുടെ ശബ്ദം തിരിച്ചറിയുന്നതിലൂടെ നമുക്ക് പെട്ടെന്ന് മനസ്സിലാവും. നമ്മുടെ പഞ്ചേന്ദ്രിയങ്ങളിലേറ്റവും ശ്രേഷ്ഠമായതും, സ്രഷ്ടാവിന് പ്രിയപ്പെട്ടതും ശ്രവണശക്തിയാവണം. കാരണം, അതാണ് മനുഷ്യന് ഏറ്റവും സ്വാതന്ത്ര്യം നൽകുന്നതും, അവധാനപൂർവ്വമായതും, എതിരെ ഉള്ളവരെ കടന്നുകയറി പിടിക്കാത്തതും ആകുന്നു. ശ്രവിക്കുന്നതും ശ്രവണ ശക്തിയും ദൈവത്തിന്റെ വിനയ സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നതാണ്. സ്വത്വമായ സൃഷ്ടാവായ ദൈവം തന്നെത്തന്നെ അനാവരണം ചെയ്ത് ശബ്ദിച്ചുകൊണ്ട് തന്റെതന്നെ പ്രതിച്ഛായയിൽ മനുഷ്യനെ പുരുഷനായും സ്ത്രീയായും സൃഷ്ടിക്കുകയും അതിനുശേഷം അവരെ ശ്രവിക്കുന്നതിലൂടെ തന്റെ ആശയവിനിമയത്തിൽ പങ്കാളികളാക്കുകയും ചെയ്യുന്നു. മനുഷ്യകുലത്തെ സ്നേഹിക്കുന്നതിലാണ്, സൃഷ്ടാവായ ദൈവം തന്റെ വചനം അവർക്ക് നൽകുന്നതും അവരെ ശ്രവിക്കാനായി തന്റെ ചെവികൾ നൽകുന്നതും.

ഇതിന് കടകവിരുദ്ധമായി, മനുഷ്യൻ ഈ മധുരോദാരമായ ബന്ധത്തിൽ നിന്നും ഓടിയൊളിക്കാനായി ശ്രമിക്കുന്നു. പുറംതിരിഞ്ഞ് നിൽക്കുകയും 'ചെവി കൊട്ടിയടച്ച്'-നിന്നുകൊണ്ട് ശ്രവിക്കേണ്ട ഉത്തരവാദിത്ത ത്തിൽനിന്നും മാറിനിൽക്കുന്നു. ശ്രവിക്കേണ്ട ഉത്തരവാദിത്തത്തിൽ നിന്നുമുള്ള ഈ മാറിനിൽക്കൽ പലപ്പോഴും മറ്റുള്ളവരോടുള്ള കയ്യേറ്റവും സമാധാന ലംഘനവും ആകുന്നു. സ്റ്റീഫൻ ഡീക്കനോട് ചെവി കൊട്ടിയടച്ച് അക്രമോൽസുകരായി ചെന്നവരെപ്പോലെ (അപ്പ. 7:57) പരസ്പര സമാധാനം ലംഘിച്ചു വർത്തിക്കുന്നു. എപ്പോഴും സൃഷ്ടാവായ ദൈവം തന്നെത്തന്നെ അനാവരണം ചെയ്യുന്നത് കെട്ടുപാടുകളില്ലാതെ ആശയവിനിമയം നമ്മളോട് ചെയ്തിട്ടാണ്.

മനുഷ്യരോട് ശ്രവിക്കാൻ തയ്യാറാവാനും ശ്രദ്ധിക്കാനും ആഹ്വാനം ചെയ്യുന്നു. വ്യക്തമായും സ്പഷ്ടമായും നാഥൻ മനുഷ്യരായ നമ്മളോട് സ്നേഹത്തിന്റെ ഉടമ്പടിയിലേക്ക് ക്ഷണിക്കുന്നുണ്ട്. അടിസ്ഥാനപരമായി ശ്രവിക്കാനുള്ള സന്നദ്ധത സ്നേഹത്തിന്റെ അളവും മാനവും ആണ്. സ്നേഹത്തിന്റെ ഉടമ്പടിയിലേക്കുള്ള ആ ക്ഷണം അങ്ങനെ നമുക്ക് നമ്മളാവാനുള്ള സാദ്ധ്യതയാണ്, അവരവർക്കുള്ള സ്ഥാന ങ്ങളും അധികാരങ്ങളും വിട്ടുകൊടുക്കുമ്പോഴാണ് നമ്മൾ, മനുഷ്യർ, ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട വരാകുന്നത്. അവന്റെപോലെ ശ്രവിക്കാനും മറ്റുള്ളവരെ സ്വാഗതം ചെയ്യാനും. അതിനാലാണ് താന്താ ങ്ങളുടെ ശ്രവണശക്തി അളന്ന് തയ്യാറെടുക്കാനായി യേശുക്രിസ്തു തന്റെ ശിഷ്യന്മാരോട് പറഞ്ഞത്. "ആകയാൽ നിങ്ങൾ എങ്ങനെ കേൾക്കുന്നു എന്ന് സൂക്ഷിച്ചു കൊൾവിൻ (ലൂക്കാ 8:18). വിതക്കാരന്റെ ഉപമ വിവരിച്ചതിനു ശേഷം ഇങ്ങനെ യേശുക്രിസ്തു പരസ്യമായി ആഹ്വാനം ചെയ്തത് വെറുതെ കേൾക്കുന്ന കേൾവിക്കാരനാവാനല്ല, മറിച്ച് നല്ലപോലെ ശ്രദ്ധിച്ച് ശ്രവിച്ച് മനസ്സിലാക്കാൻവേണ്ടിക്കൂടിയാണ്. സത്യസന്ധവും നല്ലതുമായ ഹൃദയഭാവത്തോടെ വചനം സ്വീകരിക്കുന്നവർക്കേ അത് കാത്തുസൂക്ഷി ക്കാനും പ്രതീക്ഷിച്ച സദ്ഫലങ്ങൾ-ജീവന്റേയും രക്ഷയുടേയും-അനുഭവി ക്കാനും സാധിക്കൂ (വി. ലൂക്കാ 8:15) ആരെയാണ് നമ്മൾ ശ്രവിക്കുന്നതെന്നും എന്താണ് ശ്രവിക്കുന്ന തെന്നും എങ്ങനെയാണ് ശ്രവിക്കുന്നതെന്നും നമ്മൾ ശ്രദ്ധിച്ചാലാണ് ആശയവിനിമയം എന്ന കലയിൽ നമുക്ക് അഭിവൃദ്ധി പ്രാപിക്കാൻ സാധിക്കുകയുള്ളൂ. ഇത് ഒരു സിദ്ധാന്തമോ പരിജ്ഞാനമോ സാങ്കേതികശക്തിയോ അല്ല. മറിച്ച് വെറും "അടുപ്പം സാധ്യമാക്കുന്ന ഹൃദയങ്ങളുടെ തുറവി'- മാത്രമാണ് (സുവിശേഷത്തിന്റെ സന്തോഷം, 171 (2003).

നമുക്കെല്ലാവർക്കും ചെവികളുണ്ടെങ്കിൽ പോലും പലപ്പോഴും നല്ല ശ്രവണശക്തിയുള്ളവർക്കുപോലും പരസ്പരം കേൾക്കാൻ പറ്റാതാ വുന്നുണ്ട്. ശാരീരികമായ ബധിരതയെക്കാൾ ഇതിനു കാരണം ഹൃദയം കൊണ്ടും മനസ്സുകൊണ്ടും കേൾക്കാനുള്ള സന്നദ്ധതയില്ലായ്മയാണ്. വെറും ശ്രവിക്കുക എന്ന ബാഹ്യ ശാരീരിക കഴിവിനേ ക്കാൾ കേൾക്കുക എന്നത് മുഴുവൻ മനുഷ്യനെത്തന്നെ ബന്ധപ്പെട്ടു കിടക്കുന്നതാണ്. ശ്രവിക്കുന്നതിന്റെ അടിസ്ഥാനം ഹൃദയത്തിലാണ്. സോളമൻ രാജാവ് തീരെ ചെറുപ്പമായിരുന്നു. എങ്കിൽക്കൂടി വളരെ ബുദ്ധിയോടെ നാഥനോടപേക്ഷിച്ചത് തനിക്ക് ശ്രവിക്കാൻ തയ്യാറുള്ള ഒരു ഹൃദയംനൽകണം (1 രാജ. 3:9) എന്നായിരുന്നു. അഗസ്തീനോസ് വിശുദ്ധൻ പറഞ്ഞിരുന്നത് പുറമേയുള്ള ചെവികൾകൊണ്ടല്ല അകമേയുള്ള

ഹൃദയംകൊണ്ട് ശ്രവിക്കാനായിരുന്നു. അസ്സീസിയിലെ വി. ഫ്രാൻസിസ് ആഹ്വാനം ചെയ്തത് "ചെവികളിലല്ല ഹൃദയം വേണ്ടത്, ചെവിയുള്ള ഹൃദയമാണ് വേണ്ടത്"- എന്നായിരുന്നു. ആകയാൽ സത്യസന്ധമായ ആശയവിനിമയം വീണ്ടെടു ക്കേണ്ടതിന് ചെയ്യേണ്ടത് നമ്മൾ നമ്മളെത്തന്നെ ശ്രവിക്കുക എന്നതാണ്. ഏറ്റവും ആവശ്യമായ ആവശ്യങ്ങളിലേക്ക്... നമ്മുടെ ഉള്ളിന്റെ ഉള്ളിൽ എഴുതപ്പെട്ടിരിക്കുന്ന ഏറ്റവും മൗലികമായ അടിസ്ഥാനപരമായ ആവശ്യങ്ങളെ ശ്രവിക്കണം. അണുകണികകളെപ്പോലെ ജീവിക്കാൻ അല്ല- ഒന്നിച്ച് ഒരുമിച്ച് ജീവിക്കാനുള്ള ബാധ്യത നമുക്ക് ഉള്ളതിനാൽ മറ്റ് സഹോദരങ്ങളുമായും അവനുമായും ഉള്ള അടിസ്ഥാന ബന്ധത്തിനുവേണ്ടി ദാഹിക്കുന്നതാണ് നമ്മളെ-മനുഷ്യരെ - മൗലികരാക്കുന്നത്.

## നല്ല ആശയവിനിമയത്തിനുള്ള ഉപാധി-ശ്രവിക്കുക

ശ്രവിക്കുന്നതിന്റെ നേരെ വിപരീത ഫലമുളവാക്കുന്ന തരം കേൾക്കലാണ്-ഒളിഞ്ഞുകേൾക്കുന്നത്. സത്യത്തിൽ നവമാധ്യ മങ്ങളുടെ ഈ കാലത്ത്, കൂടുതലും താന്താങ്ങളുടെ സ്ഥാപിത താൽപര്യങ്ങൾക്ക് വേണ്ടി മാത്രം മറ്റുള്ളവരെ ചൂഷണം ചെയ്യുക, ചാരപ്രവൃത്തികൾ ചെയ്യുക, ഒളിഞ്ഞിരുന്നു കേൾക്കുക, തുടങ്ങിയ പ്രവൃത്തികൾ വർദ്ധിച്ചുവരു ന്നതായാണ് കാണുന്നത്. ആത്മവിശ്വാസ ത്തോടെയും ന്യായബോധ ത്തോടെയും സത്യസന്ധമായും മുൻപിലിരിക്കുന്ന വ്യക്തിയെ ശ്രദ്ധിക്കു മ്പോഴാണ് ആശയവിനിമയം നല്ലതും പൂർണമായും മാനുഷികമാകുന്നതും.

ദൈനംദിന ജീവിതത്തിലെ കേൾവിക്കുറവുകളേക്കാൾ, പരസ്യ ജീവിതത്തിലെ വർദ്ധിക്കുന്ന പ്രവണതയായ പരസ്പരം ശ്രവിക്കുന്നതിനെ ക്കാൾ കൂടുതൽ സദസ്സിനോട് സംസാരിക്കുക എന്നത് വളരെ ആപത്കര മാണ്. ഇത്, നല്ലതിനേയും സത്യത്തെയും അന്വേഷിക്കുന്ന തിനുപകരം അഭിപ്രായ ഐക്യത്തെ തേടുന്ന പ്രവണതയുടെ അനാരോഗ്യകരമായ പ്രതിഫലനമാണ്. ആശയ വിനിമയത്തിന്റെ നിലവാരവും മാധുര്യവും ഉയർത്തുന്നത് സത്യാവസ്ഥകളുടെ സങ്കീർണതകളും വിഷമവൃത്തങ്ങളും ഉൾക്കൊള്ളുന്ന അപരന്റെ കാരണങ്ങളും സാഹചര്യങ്ങളും സത്യസന്ധ മായി മനസ്സിലാക്കി അവതരിപ്പിക്കുമ്പോഴാണ്. അല്ലാതെ പൊതുജനത്തെ ആവേശത്താ ലാറാടിക്കുന്ന അനാവശ്യ പ്രകടനങ്ങളോ സഹോദരനെ ഇകഴ്ത്തി കൈയ്യടി വാങ്ങുമ്പോഴോ അല്ല. കൂടുതൽ ദുഃഖകരമാകുന്നത് സഭയുടെയകത്തും ആശയപരവും പ്രത്യയശാസ്ത്രപരവുമായ കൂട്ടായ്മ കൾ വളരുന്നതും അതിനാൽ ശ്രവിക്കാനുള്ള സന്നദ്ധത കുറയുന്നതും, എതിർക്കുന്നവരെ നിശ്ശബ്ദമാക്കാനുള്ള ഔൽസുക്യം വർദ്ധിക്കുന്നതുമാണ്.

വാസ്തവത്തിൽ, ഇന്ന് നടക്കുന്ന പല സംഭാഷണങ്ങളിലും നമ്മൾ സംവദിക്കുന്നേയില്ല. അപരൻ സംസാരിച്ച് കഴിഞ്ഞാൽ ഉടനെ നമ്മുടെ അഭിപ്രായം അവരിൽ അടിച്ചേൽപ്പിക്കാനാണ് കാത്തിരിക്കുന്നത്. താത്വികാചാര്യനായ Abraham Kaplan ഇതിനെ പറയുന്നത് രണ്ടുപേർ തമ്മിലുള്ള സംഭാഷണം എന്നല്ല, രണ്ട് ആത്മഗത ങ്ങളാണെന്നാണ്. രണ്ട് സ്വരങ്ങളിലുള്ള ഒരേ ആത്മഗതങ്ങൾ. ശരിയായ ആശയവിനിമയങ്ങളിലും സംഭാഷണങ്ങളിൽ "ഞാനും"- "താങ്കളും"- പരസ്പരം അടുത്തെത്താനായി അവരവരുടെ സ്ഥാനങ്ങളിൽനിന്നും അപരന്റെയടുത്തേക്ക് മാറി എത്തുന്ന സാഹചര്യമാണ് വേണ്ടത്. അതിനാൽ ശ്രവിക്കുക എന്നത് സംഭാഷണങ്ങളിലെ മാറ്റിനിർത്താനാവാത്ത ഘടകമാണ്. ശ്രവി ക്കുന്നത് നടന്നിട്ടില്ല എങ്കിൽ അവിടെ ആശയവിനിമയം നടന്നിട്ടില്ല. അതില്ലാതെ നല്ല പത്രപ്രവർത്തനത്തിന് അസ്തിത്വമേ ഇല്ലാതാവുന്നു. പൂർണ്ണവും സന്തുലിതവും പരിപക്വവുമായ വിവരങ്ങൾ ലഭിക്കുവാൻ ദീർഘനേരം നല്ലപോലെ ശ്രവിക്കേണ്ടത് അത്യാവശ്യമാണ്. ഒരു സംഭവം വിവരിക്കാനോ, ഒരു സാഹചര്യം മനസ്സിലാക്കി നൽകുവാനോ, പ്രത്യേകിച്ച് വാർത്താവിതരണ മേഖലയിൽ ശ്രവിക്കേണ്ടത് എങ്ങനെയെന്നറിയേണ്ടത് അത്യാവശ്യമാണ്. ഇതിന് സ്വന്തം അനുമാനങ്ങളും അഭിപ്രായങ്ങളും മാറ്റിവെയ്ക്കുവാനും വരെ തയ്യാറാവേണ്ടതുണ്ട്.

ആത്മഗതങ്ങൾ മാറ്റിവെച്ചാൽ മാത്രമേ ശബ്ദങ്ങളുടെയും അഭിപ്രായങ്ങളുടെയും സമന്വയങ്ങൾ ഉയരുകയുള്ളൂ. കൃത്യമായ ആശയവിനിമയത്തിന്റെയും വാർത്താവിതരണത്തിന്റെയും ഉത്തര വാദിത്വങ്ങളിൽ പ്രധാനമാണത്. വിവിധ സ്രോതസ്സുകളിൽനിന്നും വിവരങ്ങൾ ശേഖരിച്ചുവേണം (ആദ്യം കാണുന്ന സത്രത്തിൽ യാത്ര അവസാനിപ്പിക്കാതെ) നമുക്ക് ലഭിക്കുന്ന വിവരങ്ങളുടെ സാംഗത്യവും വിശ്വാസ്യതയും ഉറപ്പിക്കേണ്ടതിന്- നമ്മുടെ ഭാഗത്തുനിന്നും വാർത്തകൾ ആയി ബഹിർഗമിക്കാൻ വിവേകാത്മകമായും വിവേചനാബോധത്തോടെയും പ്രവർത്തിക്കാനാവണമെങ്കിൽ, സഭയുടെ അകത്തും പല വ്യക്തികളോടും വിവിധ സ്രോതസ്സുകളോടും ആശയവിനിമയം നടത്തിയാലേ സ്വരലയങ്ങളോട് കാതോർക്കാൻ നമുക്ക് സാധിക്കുകയുള്ളൂ.

എന്തിനാണ് ശ്രവിക്കുന്നതിന് ഇത്രയും അദ്ധ്വാനിക്കേണ്ടത്? വത്തിക്കാൻ കാര്യാലയത്തിലെ സമുന്നതനായ നയതന്ത്രജ്ഞനായ cardinal Agostino Casaroli പലപ്പോഴും 'ക്ഷമയുടെ രക്തസാക്ഷിത്വ'-ത്തെക്കുറിച്ച് സംസാരിക്കാറുണ്ട്. പരിമിത സ്വാതന്ത്ര്യങ്ങൾ മാത്രമുള്ള ഇടങ്ങളിൽ, ഏറ്റവും കഠിനമായ മധ്യസ്ഥ ശ്രമങ്ങൾ വളരെ ക്ലേശകരമായ

രീതിയിൽ മുന്നോട്ടുപോകുമ്പോൾ ശ്രദ്ധിക്കാനും ശ്രവിക്കപ്പെടാനുമുള്ള പരിശ്രമങ്ങളിൽ ക്ഷമയുടെ രക്തസാക്ഷിത്വം സംഭവിച്ചുപോവാറുണ്ട്. ഇത്തരം കഠിനമായ സാഹചര്യങ്ങളിൽ മുമ്പിലിരിക്കുന്ന മനുഷ്യനിൽനിന്നും ഭാഗികമായ സത്യങ്ങളെ ശ്രവിക്കാനേ ഭാഗ്യമുണ്ടാവുകയുള്ളൂ. എങ്കിൽപോലും, നമ്മൾ അത്ഭുതപ്പെട്ടുപോവാനുള്ള സാധ്യതകളോട് പൊരുത്തപ്പെടുകയും ക്ഷമയോടെ ശ്രവിച്ചുകൊണ്ടിരിക്കുന്നതിനുള്ള ധൈര്യം ആർജിച്ചെടു ക്കുകയും വേണം. വിസ്മയത്തോടെ ആശ്ചര്യപ്പെട്ടാൽ മാത്രമേ നമുക്ക് വിജ്ഞാനം അധികം ആർജിക്കാനാവുകയുള്ളൂ. അതിരറ്റ ജിജ്ഞാസയോടെ തുറന്ന കണ്ണുകളോടെ തനിക്ക് ചുറ്റുമുള്ള ലോകത്തെ നോക്കിക്കാണുന്ന ഒരു പിഞ്ചു കുഞ്ഞിന്റെ ലാളിത്യത്തോടെ, വിനയത്തോടെ വേണം നമ്മൾ മറ്റുള്ളവരെ ശ്രവിക്കാൻ. മുതിർന്നവരുടെ അവബോധ ത്തോടെയുള്ള ഒരു പിഞ്ചുകുഞ്ഞിന്റെ ഔൽസുക്യം-അതാണിന്നിന്റെ ആവശ്യം എത്ര ചെറുതാണെങ്കിലും അപരനിൽനിന്നും എന്തെങ്കിലും എനിക്ക് പഠിക്കാനുണ്ടാവുമെന്നും അത് എന്നെങ്കിലും എന്റെ ജീവിതയാത്ര യിലുപകരിക്കുമെന്നും-ഈ അവബോധത്തോടുകൂടിയുള്ള ഔത്സുക്യം ആണ് നമുക്കാവശ്യം.

വലിയ ഒരു മഹാമാരി കഴിഞ്ഞുണരുന്ന ഈ കാലഘട്ടത്തിൽ സമൂഹത്തിനെയും ഇത്തരത്തിൽ ശ്രവിക്കേണ്ടത് അത്യാവശ്യമാണ്, കാലത്തിന്റെ ആവശ്യമാണ്. കാലാകാലങ്ങളിലൂടെ വർദ്ധിച്ചുവന്ന “ഔദ്യോഗിക അറിയിപ്പുക”-ളോടുള്ള അവജ്ഞയും വിദ്വേഷവും മൂലം കൃത്യവും അല്ലാത്തതുമായ വാർത്തകൾ വളരെ പെട്ടെന്ന് ലോകമാകെ പരക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ ലോകം വിശ്വാസ്യതയ്ക്കും സുതാര്യതയ്ക്കും വേണ്ടി പരക്കംപായുകയാണ്. ശ്രവിക്കാനുള്ള നമ്മുടെ സന്നദ്ധതയുടെ ആവശ്യകത,സാമൂഹികവും സാമ്പത്തികവുമായ പല തകിടംമറിച്ചിലുകളും പലപ്പോഴും നടക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ വർദ്ധിച്ചുവരുന്നു- പ്രത്യേകിച്ച് ഗാഢമായി ശ്രവിക്കുന്നതിന്റെ ആവശ്യകത. നിർബന്ധിത പലായനത്തിന്റെ ബുദ്ധിമുട്ടുകൾ ഇന്നിന്റെ സത്യാവസ്ഥ യാണ്- ആരുടെ പക്കലും ഇതിനൊരു പരിഹാരം ഇല്ലാത്ത സാഹചര്യത്തിൽ എല്ലാത്തരം പ്രവാസികളെയും ശ്രവിക്കാൻ നമ്മൾ ബാധ്യസ്ഥരാണ്. പ്രത്യേകിച്ച് അവരെക്കുറിച്ചുള്ള മുൻവിധികളും വിപ്രതിപത്തികളും മാറ്റിയെടുക്കുവാനും നമ്മുടെ കടുത്തുപോയ ഹൃദയങ്ങളെ കൂടുതൽ ആർദ്രമാക്കാനുമതാവശ്യമാണ്. ഓരോ പ്രവാസിക്കുമോരോരോ നാമവും കഥയും നൽകണം. പല പത്രപ്രവർത്തകരും അത് ചെയ്യുന്നുണ്ട്. സാധിക്കുമെങ്കിൽ അങ്ങനെ ചെയ്യാൻ തയ്യാറായവരും അനേകമുണ്ട്. നമ്മൾ അവരെ ശ്രവിക്കാനും ധൈര്യപ്പെടുത്താനും പ്രോത്സാഹിപ്പിക്കാനും

ശ്രമിക്കണം. അതുവഴി അതത് രാജ്യങ്ങൾക്കു ചേർന്ന കുടിയേറ്റ- പ്രവാസ നീതിന്യായ വ്യവസ്ഥകൾ ഉയർന്നുവരട്ടെ. പക്ഷേ, അതിന് നമ്മുടെ മുൻപിൽ കണക്കുകളോ, അക്രമണകാരികളായ അധിനിവേശക്കാരെയോ അല്ല കാണേണ്ടത്. അവരുടെ പ്രതീക്ഷകളും ആകുലതകളും കഥകളും കഷ്ടപ്പാടുകളുമാണ് - സാധാരണ മനുഷ്യരുടെ.

## സഭയ്ക്കകത്ത് പരസ്പരം ശ്രവിക്കുക

സഭയ്ക്കകത്തും പരസ്പരം ശ്രവിക്കേണ്ടതുണ്ട്. ഏറ്റവും അമൂല്യവും ജീവസ്സുറ്റതുമായ പാരിതോഷികമാണത്. ഏറ്റവും നല്ല ശ്രോതാവിൽനിന്നും ലഭിച്ച ദൗത്യങ്ങളിൽ ഒന്നായ ശ്രവിക്കുക എന്ന മഹത്തായ ദൗത്യം ക്രിസ്ത്യാനികൾ മറന്നമട്ടാണ്. ദൈവത്തിന്റെ വചനം പ്രഘോഷിക്കുന്നവരും സംസാരിക്കുന്നവരുമായവർക്ക്, ദൈവത്തിന്റെ ചെവികൾ കൊണ്ട് ശ്രദ്ധിക്കേണ്ട ഉത്തരവാദിത്വമുണ്ട്. പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രജ്ഞനായ ഉശലൃേശരവ ആീിവീലളളലൃ നമ്മളെ ഓർമ്മിപ്പിക്കുന്നത് നമ്മുടെ പ്രഥമ ദൗത്യവും കടമയും നമ്മുടെ സഹോദരരെ ശ്രവിക്കുക എന്നതാണെന്നാണ്. തന്റെ ഇഹലോകത്തിലെ സഹോദരീ സഹോദരന്മാരെ ശ്രവിക്കാൻ സാധിക്കാത്തവർക്ക് ദൈവത്തെ ശ്രവിക്കാനാവില്ലതന്നെ.

ദാനധർമ്മങ്ങളിലേറ്റവും അമൂല്യമായത് മറ്റുള്ളവരെ ശ്രവിക്കാൻ നമ്മുടെ സമയം നൽകുക എന്നതാണ്. അജപാലന ദൗത്യങ്ങളിലേറ്റവും പ്രധാനപ്പെട്ടത് ശ്രവിക്കുക എന്ന അപ്പസ്തോലിക കടമയാണ്. യാക്കോബ് ശ്ലീഹ ആഹ്വാനം ചെയ്യുന്നതും അതുതന്നെയാണ്. ഏത് മനുഷ്യനും കേൾക്കാൻ വേഗതയും സംസാരിക്കാൻ സാവധാനവും ഉണ്ടാവട്ടെ (വി. യാക്കോബ് 1:19).

ഒരു സിനഡിനുള്ള ഒരുക്കങ്ങൾ തുടങ്ങിയിട്ടുണ്ട്. പരസ്പരം ശ്രവിക്കാനുള്ള നല്ലൊരവസരമാകട്ടെ അതെന്ന് നമുക്ക് പ്രാർത്ഥിക്കാം. തന്ത്രങ്ങളുടേയും പരിപാടികളുടെയും പരിണിതഫലമല്ല കൂട്ടായ്മ. മറിച്ച് പരസ്പരം ശ്രവിക്കുന്നതിലൂടെ നിർമ്മിക്കപ്പെടുന്നതാണത്. ഒരു ഗായക സംഘത്തിലെന്നപോലെ ഒത്തൊരുമയ്ക്ക്, ഐക്യരൂപമോ ഏകസ്വരതയോ അല്ല ആവശ്യം, മറിച്ച് അനേകത്വവും ബഹുസ്വരതയും വിവിധങ്ങളായ വൈവിധ്യങ്ങളുമുള്ള സ്വരങ്ങളാണ്. അതേസമയം ഒരു ഗായക സംഘം പാടുമ്പോൾ അതിലെ ഓരോ അംഗവും മറ്റുള്ളവരുടെ സ്വരങ്ങളെയും ആ സ്വരങ്ങളുടെ മൊത്തത്തിലുള്ള ലയപൊരുത്തങ്ങളെ ശ്രദ്ധിച്ചാണ് ആലപിക്കുന്നത്. ഈ ലയപൊരുത്തങ്ങളുടെ ആശയം സൃഷ്ടിച്ചത് സംഗീത സംവിധായകനാണെങ്കിലും അതിന്റെ സാക്ഷാത്കാരം സംഭവിക്കുന്നത് വിവിധങ്ങളായ ഓരോ സ്വരശബ്ദങ്ങളുടെയും ഐക്യപൂർത്തിയിലാണ്.

നമ്മളേക്കാളും വളരെ മുൻപുതന്നെ തുടങ്ങിയതും നമ്മളെ ഉൾക്കൊള്ളുന്നതുമായ ഈ കൂട്ടായ്മയിൽ നമ്മളോരോരുത്തരും ഭാഗഭാക്കാകുമ്പോൾ, നമുക്ക് നമ്മുടെ സഭയെ വീണ്ടും കണ്ടെത്താം- സ്വരലാവണ്യമുള്ള ഇമ്പമുള്ള സഭയെ പുനരവതരിപ്പിക്കാം- അതിലെ ഓരോ വിശ്വാസിക്കും അവനവന്റെ സ്വന്തം ശബ്ദത്തിൽ പാടാനവസരമുള്ള, മറ്റുള്ളവരുടെ ശബ്ദങ്ങളെ എപ്പോഴും സ്വാഗതം ചെയ്തുകൊണ്ട്- പരിശുദ്ധാരൂപിയുടെ സ്വത്വമായ ലയപൊരുത്തങ്ങളെ പ്രത്യക്ഷീകരിച്ചു കൊണ്ട് ജീവിക്കാനുള്ള പാരിതോഷികമായി കരുതി നമുക്ക് പരസ്പരം ഹൃദയംകൊണ്ട് ശ്രവിച്ച് മുന്നേറാം.

St. Francis De Sales ന്റെ സ്മരണ പുതുക്കൽ
24 Jan 2022, റോമിലെ St. John Lateran ൽനിന്നും
ഫ്രാൻസിസ് പാപ്പ

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2022 ജൂൺ മാസം 5-ാം തീയതി ഞായറാഴ്ച വി. കുർബ്ബാന മദ്ധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

Prot. No. 326 / 22 സർക്കുലർ നമ്പർ 02 / 2022

# സർക്കുലർ

# ജൂൺ – സ്കൂൾ വർഷാരംഭം

വീടും നാടും ഒരുപോലെ ഉണരുന്ന മാസമാണ് ജൂൺ. കുഞ്ഞുങ്ങൾ വിദ്യാലയങ്ങളിലേയ്ക്ക് പോകുന്ന പുതിയ അദ്ധ്യയന വർഷത്തിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. കഴിഞ്ഞ രണ്ട് വർഷങ്ങൾ സ്കൂൾ പ്രവർത്തനങ്ങളെ കോവിഡ് താറുമാറാക്കിയിരുന്നു. ജീവിതത്തിന്റെ സാധാരണ താളത്തിലേയ്ക്ക് മടങ്ങിയെത്താൻ ദൈവം കരുണ കാണിച്ചതിന് നമുക്ക് നന്ദി പറയാം. ദൈവം നമ്മെ ഏല്പിച്ച നിധിയാണ് നമ്മുടെ കുഞ്ഞുങ്ങൾ. സഭയ്ക്കും സമൂഹത്തിനും ഉപകരിക്കുന്ന ശ്രേഷ്ഠ പൗരൻമാരായി അവരെ രൂപപ്പെടുത്തുക എന്നത് മുതിർന്ന തലമുറയുടെ പരമപ്രധാനമായ ദൗത്യമാണ്. പള്ളിയോടൊപ്പം പള്ളിക്കൂടം എന്ന ചാവറപ്പിതാവിന്റെ മഹത്തായ ആശയം മുഖമുദ്രയാക്കിയ നമ്മുടെ അതിരൂപതയുടെ പ്രവർത്തനങ്ങളാണ് മലബാറിനെ ഇന്നു കാണുന്ന വികസനത്തിലേയ്ക്ക് നയിച്ചതെന്ന സത്യം ഏവരും അംഗീകരിക്കുന്നതാണ്. ദൈവാലയം കഴിഞ്ഞാൽ പരമപ്രധാനമായ ഇടം നമ്മുടെ സ്കൂളുകളാണ്. അവിടെയാണ് കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാൻ പ്രാപ്തരായ പൗരൻമാരെ നാം വാർത്തെടുക്കുന്നത്. സ്കൂളുകൾ തുറന്ന സാഹചര്യത്തിൽ ചില കാര്യങ്ങൾ സ്നേഹത്തോടെ ഞാൻ ഓർമ്മിപ്പിക്കട്ടെ.

സുവിശേഷാധിഷ്ഠിതമായ മൂല്യസംസ്ക്കാരത്തിലൂന്നിയ തലമുറകളെ രൂപപ്പെടുത്തുന്നതിൽ നമ്മുടെ വിദ്യാലയങ്ങൾ വഹിക്കുന്ന പങ്ക് ചെറുതല്ല. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന ന്യൂനപക്ഷ വിദ്യാഭ്യാസ അവകാശങ്ങൾ നടപ്പിലാക്കുന്നതിൽ നമ്മുടെ സ്കൂളുകളും സ്ഥാപനങ്ങളും ബദ്ധശ്രദ്ധരാണ്. വിദ്യാഭ്യാസ രംഗത്തെ ഒരു കേരള മോഡൽ യാഥാർത്ഥ്യമാക്കിയതിൽ ക്രിസ്ത്യൻ മിഷനറിമാർ വഹിച്ച പങ്ക് തർക്കമറ്റതാണ്. വിദ്യാഭ്യാസമേഖലയിൽ പല നൂതന സംരംഭങ്ങൾക്കും തുടക്കം കുറിച്ചത് ക്രൈസ്തവ മിഷനറിമാരാണ്. മനുഷ്യവ്യക്തികളെ ഏറ്റവും ശ്രേഷ്ഠരായ വ്യക്തികളാക്കി രൂപപ്പെടുത്തുന്നത് വിദ്യാഭ്യാസമാണ്. വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായുടെ വാക്കുകൾ ഇവിടെ സ്മരണീയമാണ്. വിദ്യാഭ്യാസം വിവരങ്ങൾ

കൈമാറുക മാത്രമല്ല മറിച്ച് ജീവിതത്തെക്കുറിച്ച് സമഗ്രമായ കാഴ്ചപ്പാടുകളും കൈമാറുകയാണ്. മനുഷ്യജീവിതത്തിന്റെ ഏറ്റവും മനോഹരമായ അർത്ഥം ഒരുവന് വിദ്യാഭ്യാസം കൈമാറുന്നു.

എനിക്ക് ഏറ്റവും പ്രിയപ്പെട്ട കുട്ടികളെ, കലാലയത്തിന്റെ വർണ്ണാഭമായ അന്തരീക്ഷത്തെ നിങ്ങളിൽനിന്നും കഴിഞ്ഞ രണ്ട് വർഷമായി കോവിഡ് മഹാമാരി മറച്ചുപിടിച്ചരിക്കുകയായിരുന്നു. വീടുകളിലെ മുറികളിലിരുന്നുള്ള ക്ലാസ്സുകളും പഠനങ്ങളും നിങ്ങളെ ബോറടിപ്പിച്ചിട്ടുണ്ടെന്ന് എനിക്കറിയാം. നിങ്ങളുടെ കൂട്ടുകാരുമായി ഇടപഴകി രൂപപ്പെടേണ്ട വ്യക്തിത്വവികസനത്തിന്റെ വശങ്ങൾ ഓൺലൈൻ ക്ലാസ്സുകൾ അപഹരിച്ചിട്ടുണ്ട്. കോവിഡ് കാലത്തിനുശേഷം തുറന്ന ലോകത്തിലേക്ക് നിങ്ങൾ ഇറങ്ങുകയാണ്. വിദ്യാലയങ്ങളാകുന്ന ഉദ്യാനങ്ങളിൽ ചിത്രശലഭങ്ങളെപ്പോലെ അറിവിന്റെ മാധുര്യം തേടിയും നുകർന്നും നിങ്ങൾ സമയം ചെലവഴിക്കണം. ലൂക്കാ സുവിശേഷത്തിൽ ബാലനായ ഈശോയെക്കുറിച്ച് പറഞ്ഞ വചനങ്ങൾ ഇപ്രകാരമാണ്. "ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റേയും മനുഷ്യരുടേയും പ്രീതിയിൽ വളർന്നുവന്നു" (ലൂക്കാ 2.52). വിദ്യാഭ്യാസത്തിലൂടെ ഈ വചനങ്ങൾ നിങ്ങളിലും അന്വർത്ഥമാകട്ടെ.

പ്രിയ കുട്ടികളെ, മാതാപിതാക്കളുടെ പ്രതീക്ഷകൾക്കൊപ്പം ഉയരുവാൻ നിങ്ങൾ പരിശ്രമിക്കണം. മലബാറിലെ ഒട്ടനവധി കുടുംബങ്ങൾ അഭിവൃദ്ധിയിലേയ്ക്ക് ഉയർന്നത് നല്ല നിലയിൽ പഠിച്ചുവളർന്ന മക്കളിലൂടെയാണ്. നിങ്ങളുടെ മാതാപിതാക്കളുടെ അദ്ധ്വാനങ്ങൾക്കും ക്ലേശങ്ങൾക്കും അറുതി വരുത്തേണ്ടത് നിങ്ങളുടെ ലക്ഷ്യമായിരിക്കണം. കഠിനാദ്ധ്വാനം ചെയ്യുവാൻ നിങ്ങൾ ഉറച്ച തീരുമാനമെടുക്കണം. പ്രിയപ്പെട്ട കുഞ്ഞുങ്ങളെ തലശ്ശേരി അതിരൂപത പ്രഥമ പരിഗണന നല്കുന്നത് കുട്ടികളായ നിങ്ങൾക്കാണ്. നിങ്ങൾക്ക് വേണ്ടി എല്ലാ ദിവസവും ഞാൻ പ്രാർത്ഥിക്കുന്നുണ്ട്.

പ്രിയപ്പെട്ട മാതാപിതാക്കളെ, സ്കൂൾ തുറക്കുന്ന സമയം നിങ്ങൾക്ക് ആധിയുടേയും ആകുലതയുടേയും കാലമാണെന്നെനിക്കറിയാം. പ്രത്യേകിച്ച് സാമ്പത്തിക ബാധ്യതകൾ നിങ്ങള ഏറെ ഭാരപ്പെടുത്തുന്ന സമയം കൂടിയാണിത്. സ്കൂൾ വിദ്യാഭ്യാസം സാധാരണക്കാർക്ക് താങ്ങാനാവാത്തവിധം ചെലവേറിയ കാര്യമായി മാറിയിട്ടുണ്ട്. പഠിക്കാൻ ആഗ്രഹവും കഴിവുള്ള ഒരുകുട്ടിപോലും നമ്മുടെ

അതിരൂപതയിൽ സാമ്പത്തിക പരാധീനതമൂലം പഠനം മുടങ്ങുന്ന സാഹചര്യമുണ്ടാകരുത്. പ്രതിവർഷം 5 കോടിയിൽപരം രൂപ വിദ്യ ഭ്യാസ സ്കോളർഷിപ്പുകളായി അതിരൂപതയുടെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയും പദ്ധതികളിലൂടെയും നിർദ്ധനരായ വിദ്യാർത്ഥി കൾക്കു നല്കുന്നുണ്ട്. എന്നാൽ അർഹരായ എല്ലാവരെയും പരിഗ ണിക്കാൻ ഈ തുക അപര്യാപ്തമാണ്. അതിനാൽ എല്ലാ ഇടവകക ളിലും സുമനസ്സുകളുടെ സഹായത്തോടെ ഒരു വിദ്യാഭ്യാസനിധി രൂപീ കരിക്കണം. ഇടവകയുടെ വരുമാനത്തിന്റെ നിശ്ചിത ശതമാനവും ഇതി ലേക്കായി നീക്കി വയ്ക്കാൻ പാരീഷ് കൗൺസിലിൽ തീരുമാനിക്കാ വുന്നതാണ്. അർഹരും സമർത്ഥരുമായ വിദ്യാർത്ഥികളെ പഠിപ്പിച്ച് ഉന്നതനിലയിലെത്തിക്കുക എന്നതാണ് നമുക്കു ചെയ്യാവുന്ന ഭാവി യിലേക്കുള്ള ഏറ്റവും ആദായകരമായ നിക്ഷേപം. നമ്മുടെ അതിരൂപ തയിലെ എല്ലാ ഇടവകകളും സ്ഥാപനങ്ങളും ഇപ്രകാരം വിദ്യാഭ്യാസ നിധി സ്ഥാപിക്കാൻ ശ്രദ്ധിക്കണം. കുഞ്ഞുങ്ങളെ അവരുടെ അഭിരു ചിക്കനുസരിച്ചുള്ള ഉന്നതവിദ്യാഭ്യാസം ലഭിക്കുന്നതുവരെ അനുയാ ത്രചെയ്യാൻ ഈ വിദ്യാഭ്യാസനിധി പ്രയോജനപ്പെടുത്തണം. ഇതിന്റെ പ്രായോജകരായവർ വരും തലമുറയുടെ ഉപകാരികളായി മാറുമ്പോൾ കരുതലിന്റെയും സഹകരണത്തിന്റേതുമായ സ്നേഹസംസ്കാരം നമ്മുടെ അതിരൂപതയിൽ വളരും.

പ്ലസ്ടു പഠനം കഴിഞ്ഞാലുടൻ വിദേശരാജ്യങ്ങളിലേയ്ക്ക് പോകാ നുള്ള പ്രവണത നിയന്ത്രിക്കപ്പെടേണ്ടതാണ്. നമ്മുടെ നാട്ടിൽ സർക്കാർ മേഖലകളിലുള്ള ജോലികൾക്കായി നമ്മുടെ കുട്ടികൾ പരി ശ്രമിക്കണം. ഓരോ ഇടവകകളിലെയും പഠനത്തിൽ സമർത്ഥരായ കുട്ടികളെ കണ്ടെത്തി ഹൈസ്കൂൾ തലം മുതൽ വിദഗ്ധരായ ആളു കളെക്കൊണ്ട് പരിശീനം നല്കുന്ന ഒരു പദ്ധതി നമുക്ക് ആരംഭിക്ക ണം. ഉന്നതവിദ്യാഭ്യാസ രംഗത്തേക്ക് പ്രവേശിക്കാൻ അത് അവർക്ക് പ്രചോദനമാകും. വിവിധ സമിതികളിൽ ആലോചിച്ചതിനുശേഷം പ്രസ്തുതപദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ അറിയിക്കുന്നതായിരിക്കും.

കുട്ടികളെക്കുറിച്ചുള്ള നിങ്ങളുടെ എല്ലാ ആകുലതകളിലും ഞാൻ പങ്കുചേരുന്നു. ദൈവകരങ്ങളിൽ നമ്മുടെ കുഞ്ഞുങ്ങളെ ഭരമേല്പി ക്കാം. നമ്മുടെ തന്നെ പരിശ്രമംകൊണ്ട് കുട്ടികളുടെ ഭാവി രൂപപ്പെ ടുത്തുവാൻ കഴിയില്ല എന്ന് നമുക്കറിയാം. കർത്താവിന്റെ കരം കുഞ്ഞു ങ്ങൾളുടെ മേലുണ്ട്. കർത്താവിൽ ആശ്രയിച്ച് കുഞ്ഞുങ്ങളെ നിങ്ങൾ

സ്കൂളിലേയ്ക്ക് അയയ്ക്കണം. കർത്താവിന്റെ കാവൽമാലാഖമാർ ഈ യാത്രയിൽ അവരെ സുരക്ഷിതമായി വഴി നടത്തും.

മാതാപിതാക്കളെ നിങ്ങൾക്ക് കുട്ടികളെക്കുറിച്ച് പല സ്വപ്നങ്ങളും ഉണ്ടാകും. എന്നാൽ, കുട്ടികളുടെ വിദ്യാഭ്യാസം, അവരുടെ അഭിരുചികൾക്കും താല്പര്യങ്ങൾക്കും കൂടി പ്രാധാന്യം നല്കുന്നതാകണം. പഠനകാലഘട്ടത്തിൽ കുട്ടികളുടെ ഒരു നല്ല സുഹൃത്ത് എന്ന സ്ഥാനത്ത് മാതാപിതാക്കൾ ഉണ്ടാകുന്നത് ഏറ്റവും പ്രാധാന്യമുള്ള കാര്യമാണ്. ഓരോ കുട്ടിയും ദൈവത്തിന്റെ അനന്യമായ സൃഷ്ടികളാണ്. അവരിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്നത് വ്യത്യസ്തമായ കഴിവുകളാണ്. അവ കണ്ടെത്തി വളർത്തണം. കുട്ടികൾക്ക് വഹിക്കുവാൻ പറ്റാത്ത പ്രതീക്ഷയുടെ ഭാരങ്ങൾ അവരുടെ ചുമലിൽ വച്ചുകൊടുക്കരുത്. കുട്ടികൾക്ക് പഠിക്കുവാനുള്ള അന്തരീക്ഷം വീട്ടിൽ ഒരുക്കിക്കൊടുക്കണം. കുട്ടികളുടെ പഠനത്തിനുതകുന്ന ഒരു ജീവിതക്രമം മാതാപിതാക്കൾ വീട്ടിൽ രൂപപ്പെടുത്തണം. അവരെ ശ്രദ്ധാപൂർവ്വം അനുയാത്ര ചെയ്യണം. ആറു ദിവസത്തെ സ്കൂൾ പഠനം പൂർണ്ണതയിൽ എത്തുന്നത് ഞായറാഴ്ചകളിലെ സൺഡേസ്കൂൾ പഠനത്തോടുകൂടിയാണ് എന്ന പാരമ്പര്യം നിങ്ങൾ മുറുകെ പിടിക്കണം. ജൂൺ മാസത്തിൽ നമ്മുടെ ദൈവാലയങ്ങളോടനുബന്ധിച്ചുള്ള സൺഡേസ്കൂളുകളും സജീവമാകും. സ്കൂൾ പഠനത്തിന്റെ പ്രാധാന്യം സൺഡേ സ്കൂളിന് കൊടുക്കാതിരിക്കരുത്. സ്കൂളിൽ കിട്ടിയ അറിവ് ദൈവിക ജ്ഞാനമായി രൂപപ്പെടുന്നത് ദൈവാലയത്തിലെ ദൈവാനുഭവത്തിലൂടെയാണ്.

പ്രിയപ്പെട്ട അധ്യാപകരെ, ലോകഗുരുവായ ഈശോയാണ് നിങ്ങളുടെ മാതൃക. ഒരു വ്യക്തിയെ രൂപപ്പെടുത്തുക എന്ന ഗൗരവമേറിയതും എന്നാൽ ദൈവികവുമായ ഒരു ദൗത്യമാണ് നിങ്ങൾ നിർവ്വഹിക്കുന്നത്. വ്യക്തിപരമായ പരിഗണന എല്ലാ കുട്ടികൾക്കും നിങ്ങൾ നല്കണം. ഈ പ്രപഞ്ചത്തിലെ ഏറ്റവും അമൂല്യമായ സൃഷ്ടിയെയാണ് ദൈവം നിങ്ങളെ ഏല്പിച്ചിരിക്കന്നത്. രക്ഷിതാക്കളുമായി ഹൃദ്യമായ ബന്ധം പുലർത്തണം. കുട്ടികളെ രൂപപ്പെടുത്തുന്നതിൽ രക്ഷിതാക്കളെ സവിശേഷമാംവിധം സഹായിക്കുവൻ നിങ്ങൾക്ക് കഴിയും. നമ്മുടെ കോർപ്പറേറ്റ് സ്കൂളുകളുടെ അവിഭാജ്യഘടകമാണ് നിങ്ങൾ. നമ്മുടെ സ്കുളുകളെ ക്രിസ്ത്യൻ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അനന്യതയിലേക്ക് ഉയർത്തുവാനായി നിങ്ങൾ കഠിനാദ്ധ്വാനം ചെയ്യണം. വിദ്യായലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാകണം. പൊതുവിദ്യഭ്യാസം

പ്രോത്സാഹിപ്പിക്കുംവിധം നിങ്ങളുടെ കുട്ടികളെ കോർപ്പറേറ്റു സ്കൂളുകളിൽ തന്നെ ചേർക്കണം.

മഹാനായ ബനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പായുടെ വാക്കുകൾ ശ്രദ്ധേയമാണ്. ഒരു നല്ല വിദ്യാലയം ഒരു കുട്ടിക്ക് സർവ്വ മേഖലകളെയും സ്പർശിക്കുന്ന വിദ്യഭ്യാസമാണ് നല്കുന്നത്. ഒരു കത്തോലിക്കാ സ്കൂൾ ആകട്ടെ എല്ലാറ്റിനും ഉപരി വ്യക്തിയെ വിശുദ്ധനാക്കുന്നതാണ് ലക്ഷ്യം വയ്ക്കുന്നത്. ഈ അധ്യയനവർഷം അനുഗ്രഹീതമാകട്ടെ എന്നാശംസിക്കുന്നു. തിരുഹൃദയമാസത്തിൽ ഈശോയുടെ തിരുഹൃദയത്തിൽ കുട്ടികളെയും മാതാപിതാക്കളെയും അധ്യാപകരെയും ഞാൻ സമർപ്പിക്കുന്നു.

നിങ്ങളുടെ പിതാവ്,

തലശ്ശേരി
25-05-2022

**മാർ ജോസഫ് പാംപ്ലാനി**
തലശ്ശേരി അതിരൂപതയുടെ ഇടയൻ

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2022 ജൂൺ മാസം 12-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബ്ബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.




## 1. ബഹുമാനപ്പെട്ട വൈദികരുടെ സ്ഥലംമാറ്റ ലിസ്റ്റ്

| | | | |
|---|---|---|---|
| 1. | അമ്പാട്ട് സെബാസ്റ്റ്യൻ | വികാരി | വരക്കാട് |
| 2. | അട്ടേങ്ങാട്ടിൽ തോമസ് | വികാരി | പെരിങ്കരി |
| 3. | ചക്യരാത്ത് മാത്യു | അസി. ഡയറക്ടർ | Santa Matha Nursing College |
| 4. | ചാണക്കാട്ടിൽ ആന്റണി | വികാരി | മേരിപുരം, കനീലടുക്കം |
| 5. | ചെല്ലംങ്കോട്ട് ജെയിംസ് | വികാരി | ഏറ്റുപാറ (അധിക ചുമതല |
| 6. | ചെമ്പോട്ടിക്കൽ ജോസ് O.Prem | വികാരി | മുള്ളേരിയ, ദേലംപാടി |
| 7. | ചേന്നപള്ളി ജോർജ് | വികാരി | നീലേശ്വരം |
| 8. | ചേന്നാട്ട് ഫിലിപ്പ് | വികാരി | വെണ്ണക്കല്ല് |
| 9. | ചേന്നോത്ത് സെബാസ്റ്റ്യൻ | ഡയറക്ടർ | കരുണാലയം, സാന്ത്വനം വിമല ഹോസ്പിറ്റൽ |
| 10. | ചെറുശ്ശേരി ജോസഫ് | പ്രൊ. വികാരി | അട്ടക്കണ്ടം & എഫ്.എം റേഡിയോ അസി. ഡയറക്ടർ |
| 11. | ചിരണക്കൽ സ്കറിയ | പ്രൊ. വികാരി | കനകപള്ളി |
| 12. | ചിറയിൽ ജോർജ് | റിട്ടയർമെന്റ് | ശാന്തിഭവൻ |
| 13. | ചിറ്റിലപ്പള്ളി തോമസ് | പ്രോട്ടോ സിഞ്ചെല്ലൂസ് | ഭദ്രാവതി രൂപത |
| 14. | ഇടയാടിയിൽ സെബാസ്റ്റ്യൻ | വികാരി | പാത്തൻപാറ, Vice - Principal, മേരിമാതാ കോളേജ് ആലക്കോട് |
| 15. | ഇളംതുരുത്തിപ്പടവിൽ മാത്യു | സിഞ്ചെല്ലൂസ് | അധിക ചുമതല |
| 16. | ഇലഞ്ഞിപറമ്പിൽ ജെയിംസ് | പ്രൊ. വികാരി | ഉരുപ്പുംകുറ്റി |
| 17. | എളൂക്കുന്നേൽ ജോർജ് | വികാരി | വെമ്പുവ |
| 18. | ഇരുപ്പക്കാട്ട് ഫിലിപ്പ് | വികാരി | പുലിക്കുരുമ്പ |
| 19. | എഴുപറയിൽ ജോസഫ് | | അസി. അഡ്മിനിസ്ട്രേറ്റർ VJEC |
| 20. | കാക്കരമറ്റത്തിൽ ജോസഫ് | | അതിരൂപതാ പ്രൊക്യുറേറ്റർ |
| 21. | കളരിക്കൽ കുര്യാക്കോസ് | വികാരി | വെള്ളാട് |
| 22. | കല്ലുങ്കൽ മാത്യു | വികാരി | പാടിയോട്ടുചാൽ |
| 23. | കാനക്കാട്ട് ജോസഫ് | വികാരി | ചെറുപാറ |

| | | |
|---|---|---|
| 24. കനച്ചിക്കുഴിയിൽ വർഗ്ഗീസ് CST | വികാരി | ശാന്തിനഗർ |
| 25. കണിയാംപറമ്പിൽ തോമസ് OFM Cap | വികാരി | അരവഞ്ചാൽ |
| 26. കറുകമാലിൽ ജോസഫ് | വികാരി | ചീമേനി |
| 27. കോലക്കുന്നേൽ കുര്യാക്കോസ് | വികാരി | അറബി |
| 28. കോണിക്കൽ മാത്യു | വികാരി | വിമലഗിരി |
| 29. കൂനങ്കിയിൽ എമ്മാനുവേൽ | വികാരി | കൊട്ടോടി |
| 30. കൊട്ടുകാപ്പള്ളി തോമസ് | വികാരി | ചുണ്ടപറമ്പ |
| 31. കുത്തുളി ജോസഫ് HGN | വികാരി | വിജയഗിരി, കാപ്പിമല |
| 32. മഠത്തിമ്യാലിൽ അബ്രാഹം | ഫൊറോന വികാരി | മേരിഗിരി |
| 33. മാളക്കാരൻ ജോസഫ് | വൈസ് റെക്ടർ | മൈനർ സെമിനാരി |
| | വികാരി | വാഴമല |
| 34. മമ്പള്ളിക്കുന്നേൽ ജോസഫ് | റിട്ടയർമെന്റ് | ശാന്തിഭവൻ പ്രീസ്റ്റ് ഹോം |
| 35. മങ്ങാട്ട് മാത്യു OFM Cap | വികാരി | കാര്യപ്പള്ളി |
| 36. മാണിക്കത്താഴെ ജോസ് | വികാരി | പാലാവയൽ |
| 37. മണിമലത്തറപ്പേൽ മാത്യു | റിട്ടയർമെന്റ് | ശാന്തിഭവൻ പ്രീസ്റ്റ് ഹോം |
| 38. മഞ്ഞളാംകുന്നേൽ ആന്റണി | ഫൊറോന വികാരി | ചെമ്പന്തൊട്ടി |
| 39. മറ്റപ്പള്ളിൽ ലൂക്കോസ് | വെൽഫയർ ഓഫീസർ | പ്രതീക്ഷ, പൊന്ന്യം |
| 40. മൂഞ്ഞേലിൽ പോൾ | വികാരി | കല്ലുവയൽ |
| 41. മുല്ലമംഗലം സെബാസ്റ്റ്യൻ | വികാരി | രയറോം |
| 42. മുണ്ടക്കൽ ജോസ് | വികാരി | നെടുംപുറംചാൽ |
| 43. മുണ്ടമറ്റം തോമസ് | ഡയറക്ടർ | സച്ചിതാനന്ദാ ട്രസ്റ്റ് |
| 44. മുതുകുന്നേൽ ആന്റണി | | പ്രോട്ടോ സിഞ്ചെല്ലൂസ് |
| 45. മുട്ടത്തുകുന്നേൽ ജോസഫ് | | ചാൻസലർ & പിആർഒ |
| 46. നൂറംമാക്കൽ ജോസഫ് | വികാരി | ചട്ടമല |
| 47. ഓണംകുളം ജോൺ | ഫൊറോന വികാരി | പൈസക്കരി |
| 48. ഓരത്തേൽ കുര്യാക്കോസ് | വികാരി | പരപ്പ |
| 49. പടിഞ്ഞാറേമുറി പയസ് | വികാരി | മണിക്കടവ് |
| 50. പടിഞ്ഞാറയിൽ ജേക്കബ് | പ്രോ. വികാരി | ബെഡൂർ |
| 51. പാലാക്കുഴി സെബാസ്റ്റ്യൻ | | സിഞ്ചെല്ലൂസ് |
| 52. പാലമറ്റം മാത്യു | വികാരി | കണിച്ചാർ |
| 53. പറപ്പള്ളിയാത്ത് മാർട്ടിൻ | വികാരി | വട്ടിയറ |
| 54. പരതേപതിക്കൽ ആന്റണി | ഡയറക്ടർ | കരുവഞ്ചാൽ ഹോസ്പിറ്റൽ |
| 55. പരവരാകത്ത് മാത്യു | വികാരി | വിളക്കന്നൂർ |
| 56. പതിക്കൽ തോമസ് | വികാരി | ഓടംതോട് |
| 57. പതിയോട്ടിൽ ജോസഫ് | വികാരി | കുടിയാന്മല |
| 58. പയ്യനാട്ട് മാത്യു | റിട്ടയർമെന്റ് | ശാന്തിഭവൻ പ്രീസ്റ്റ് ഹോം |

| | | |
|---|---|---|
| 59. പഴേപറമ്പിൽ ജോർജ് | വികാരി | കള്ളാർ |
| 60. പൊടിമറ്റം സെബാസ്റ്റ്യൻ | വികാരി | ചെട്ടിയാപറമ്പ |
| 61. പോണാട്ട് അബ്രാഹം | വികാരി | ഉമ്മറപൊയിൽ (സ്നേഹഗിരി) |
| 62. പൂവശ്ശേരി മാത്യു OFM Cap | വികാരി | കാലിച്ചാമരം |
| 63. പൊട്ടനാനി ജോസഫ് | ഉപരിപഠനം | റോം |
| 64. പൊട്ടംപ്ലാക്കൽ മാത്യു | വികാരി | എണ്ണപ്പാറ, പോർക്കളം |
| 65. പുത്തൻനടയിൽ ജെയിംസ് | ഡയറക്ടർ | മദർ ഹോം |
| 66. പുതുശ്ശേരി ജോസഫ് | വികാരി | മുടയരഞ്ഞി |
| 67. റാത്തപ്പള്ളി ജോസഫ് | | പഠനം |
| 68. തടത്തിൽപുത്തൻവീട്ടിൽ തോമസ് | വികാരി | കോടോപ്പള്ളി |
| 69. താരാമംഗലം അലക്സ് | വികാരി | മാടത്തിൽ |
| 70. തെക്കേടത്ത് സെബാസ്റ്റ്യൻ | അസി.അഡ്മിനിസ്ട്രേറ്റർ | VJEC |
| 71. തേലക്കാട്ട് സേവ്യർ | വികാരി | വാണിയപ്പാറ |
| 72. തെങ്ങുംപള്ളിൽ തോമസ് | ഫൊറോന വികാരി | വായാട്ടുപറമ്പ |
| 73. തോണിപ്പാറ അബ്രാഹം | റിട്ടയർമെന്റ് | ശാന്തിഭവൻ പ്രീസ്റ്റ്ഹോം |
| 74. വടക്കേമുളഞ്ഞിനാൽ തോമസ് | | പ്രിൻസിപ്പാൾ, VJEC MBA College (അധികചുമതല) |
| 75. വടക്കേമുറിയിൽ തോമസ് | ഫൊറോന വികാരി | എടൂർ |
| 76. വടശ്ശേരി സ്കറിയ | അസി. മാനേജർ | VJEC |
| 77. വലിയപറമ്പിൽ മാത്യു | റസി. മാനേജർ | ദീപിക, കണ്ണൂർ |
| 78. വള്ളിയിൽ തോമസ് | പ്രോ. വികാരി | ദീപഗിരി |
| 79. വരിക്കാനിക്കൽ മാർട്ടിൻ | വികാരി | പൂളക്കുറ്റി |
| 80. വട്ടുകുളം ജേക്കബ് | | വൈസ് ചാൻസലർ (അധികചുമതല) |
| 81. വയലുങ്കൽ ജോസഫ് | വികാരി<br>ഡയറക്ടർ | നെല്ലിയടുക്കം<br>എഫ്.എം. റേഡിയോ |
| 82. വാഴകാട്ട് ജോൺ | വികാരി | പയ്യാവൂർ |
| 83. വെണ്ണായപ്പള്ളിൽ ജേക്കബ് | അസി.ഡയറക്ടർ | സന്ദേശഭവൻ (അധികചുമതല) |
| 84. വേങ്ങക്കുന്നേൽ മാത്യു | ഫൊറോന വികാരി | തളിപ്പറമ്പ |

**അസിസ്റ്റന്റ് വികാരിമാർ**

| | |
|---|---|
| 1. ചിലമ്പിക്കുന്നേൽ ജോസഫ് MCBS | ചന്ദനക്കാംപാറ |
| 2. ചിറ്റേട്ട് ആന്റണി | കണ്ണൂർ (അധികചുമതല) |

| | |
|---|---|
| 3. ഐക്കരപ്പറമ്പിൽ ജോസഫ് | മാലോം |
| 4. കടക്കുഴയിൽ ജൂഡ് | മണിക്കടവ് |
| 5. കളത്തിൽ തോമസ് | വെള്ളരിക്കുണ്ട് |
| 6. കോയിപ്പുറം ജോസഫ് (ജൂനി.) | ചെമ്പന്തൊട്ടി |
| 7. മണ്ണൂർ ജോൺ | പുളിങ്ങോം |
| 8. മരശ്ശേരിൽ തോമസ് | ആലക്കോട് |
| 9. മുണ്ടപ്ലാക്കൽ ജോസഫ് | പെരുംമ്പടവ് |
| 10. നടുവത്തേട്ട് ദേവസ്യ O.Prem | അങ്ങാടിക്കടവ് |
| 11. പാലക്കീൽ ജോസഫ് | പനത്തടി |
| 12. പന്തലൂപറമ്പിൽ കുര്യാക്കോസ് | പാലാവയൽ |
| 13. പൂവൻപുഴ തോമസ് | ഉദയഗിരി |
| 14. പൊട്ടംപുഴ ജോസ് (ഭദ്രാവതി) | ചെറുപുഴ |
| 15. തെക്കേവയലിൽ ജോർജ് | കുന്നോത്ത് |
| 16. ഉതുപ്പാശ്ശേരി വിപിൻ MSFS | ഭീമനടി |
| 17. വാഴക്കുഴ എബിൻ O.Carm | വായാട്ടുപറമ്പ |

## 2. പ്രോട്ടോ സിഞ്ചെല്ലൂസിന്റെയും സിഞ്ചെല്ലൂസുമാരുടെയും ഉത്തരവാദിത്വങ്ങൾ

അതിരൂപതയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് പ്രോട്ടോ സിഞ്ചെല്ലൂസിന്റെയും സിഞ്ചെല്ലൂസുമാരുടെയും ഉത്തരവാദിത്വങ്ങൾ സംബന്ധിച്ച് താഴെപറയുന്ന ക്രമീകരണങ്ങൾ നടത്തിയിരിക്കുന്നു. (CCEO cc. 245 - 246)

**മോൺ. ആന്റണി മുതുകുന്നേൽ**

1. കൂരിയായുടെ പൊതുഭരണവും അനുവാദങ്ങളും.
2. ഉന്നത വിദ്യാഭ്യാസരംഗം - വിമൽജ്യോതി എഞ്ചനീയറിംഗ് കോളേജ്, നിർമ്മലഗിരി കോളേജ്, സ്വാശ്രയ കോളേജുകൾ, സാൻജോസ് മെട്രോപ്പോളിറ്റൻ സ്കൂൾ, നഴ്സിംഗ് കോളേജ്, ടി.ടി.സി.
3. മേജർ സെമിനാരി വിദ്യാർത്ഥികൾ, റീജൻസി ബ്രദേഴ്സ്, മൈനർ സെമിനാരി, വൊക്കേഷൻ ബ്യൂറോ.
4. ആശുപത്രികൾ, എസ്റ്റേറ്റുകൾ, അനാഥാലയങ്ങൾ, വൃദ്ധമന്ദിരങ്ങൾ
5. ഇടവകകൾ - പൊതുയോഗം, പാരീഷ് കൗൺസിലുകൾ, അക്കൗണ്ടുകൾ.
6. കുർബാന നിയോഗങ്ങൾ.
7. ജീവകാരുണ്യപ്രവർത്തനങ്ങൾ.
8. ധ്യാനകേന്ദ്രങ്ങൾ.

**മോൺ. ജോസഫ് ഒറ്റപ്ലാക്കൽ**

1. കാസർഗോഡ് മേഖലയിലെ ഇടവകകൾ, അനുവാദങ്ങൾ.
2. കാസർഗോഡ് മേഖലയിലെ സംഘടനകൾ, പ്രസ്ഥാനങ്ങൾ, മറ്റ് വിവിധ വകുപ്പുകൾ എന്നിവയുടെ ഏകോപനം.
3. ഇൻഫാം, മറ്റു കർഷക പ്രസ്ഥാനങ്ങൾ.
4. കാസർഗോഡ് മേഖലയുടെ വളർച്ചയും പുരോഗതിയും.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**

1. സ്കൂളുകൾ - കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി.
2. സംഘടനകൾ, സ്ഥാപനങ്ങൾ, മറ്റ് വിവിധ വകുപ്പുകൾ എന്നിവയുടെ ഏകോപനം.
3. കാർഷികവിളകളുടെ നിർമ്മാണ കമ്പനി (Farmer Producer Company)
4. വൈദികക്ഷേമം, പി.പി.എഫ്, ശാന്തിഭവൻ.
5. വാർഷികധ്യാനങ്ങൾ, മാസധ്യാനങ്ങൾ.
6. രാഷ്ടദീപിക - കണ്ണൂർ യൂണിറ്റ്.
7. പാസ്റ്ററൽ കൗൺസിൽ, പ്രെസ്ബിറ്ററൽ കൗൺസിൽ, ആലോചനാസമിതി, ഫിനാൻസ് കൗൺസിൽ, ഫൊറോനാ വികാരിമാർ.

**മോൺ. മാത്യു ഇളംതുരുത്തിപടവിൽ**

1. ജൂണിയർ പ്രീസ്റ്റ്സ് (15 വർഷം വരെ ആയവർ).
2. വൈദികരുടെ തുടർപരിശീലനം.
3. സന്യാസസമൂഹങ്ങൾ.
4. വൈദികരുടെ ആത്മീയ സഹായം (Spiritual Mentoring).
5. വൈദികരുടെ ഫൊറോനാ തലത്തിലുള്ള ജാഗരണപ്രാർത്ഥന (Night Vigil).

മുകളിൽ പ്രത്യേകം സൂചിപ്പിക്കാത്ത എല്ലാ മേഖലകളുടെയും ഉത്തരവാദിത്വം പ്രോട്ടോ സിഞ്ചല്ലൂസിനായിരിക്കും.

## 3. തലശ്ശേരി അതിരൂപതാ ആലോചനാസമിതി അംഗങ്ങൾ

അഭിവന്ദ്യ പാംപ്ലാനി പിതാവ് തലശ്ശേരി അതിരൂപതയുടെ ആലോചനാ സമിതിയിലെ അംഗങ്ങളെ നിയമിച്ചു. താഴെ പറയുന്നവരാണ് പുതിയ അംഗങ്ങൾ.

1. മോൺ. ആന്റണി മുതുകുന്നേൽ
2. മോൺ. ജോസഫ് ഒറ്റപ്ലാക്കൽ
3. മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി
4. മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ
5. ഫാ. ജോസഫ് മുട്ടത്തുകുന്നേൽ
6. ഫാ. ജോസഫ് കാക്കരമറ്റത്തിൽ
7. ഫാ. ഫിലിപ്പ് കവിയിൽ

8. ഫാ. ജോർജ് കരോട്ട്
9. ഫാ. തോമസ് കൊച്ചുകരോട്ട്
10. ഫാ. മാണി ആട്ടേൽ
11. ഫാ. ജോസഫ് പതിയോട്ടിൽ
12. ഫാ. ജോസ് കളരിക്കൽ

## തലശ്ശേരി അതിരൂപതാ ഫിനാൻസ് കമ്മിറ്റി അംഗങ്ങൾ

1. മോൺ. ആന്റണി മുതുകുന്നേൽ
2. മോൺ. ജോസഫ് ഒറ്റപ്ലാക്കൽ
3. മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി
4. മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ
5. ഫാ. ജോസഫ് കാക്കരമറ്റത്തിൽ
6. ഫാ. ജോസ് വെട്ടിക്കൽ
6. ഫാ. ജോർജ് കളപ്പുര
7. ഡോ. സജിമോൻ പാലയ്ക്കൽ
8. ഡോ. ബെനവൻ ദേവസ്യാ
9. മിസ്റ്റർ മൈക്കിൾ കൊടുംകയം

## 4. മനസമ്മതം

കോവിഡ് മഹാമാരിയുടെ കാലത്ത് മനസമ്മതം ഒഴിവാക്കിയുള്ള വിവാഹത്തിന് അനുവാദങ്ങൾ ധാരാളം നല്കിയിരുന്നു. കോവിഡിന്റെ കെടുതികൾ മാറിവരുന്ന സാഹചര്യത്തിലും മനസമ്മതം ഒഴിവാക്കി വിവാഹം ആശീർവദിക്കുന്നതിനായി ധാരാളം അപേക്ഷകൾ കൂരിയായിൽ ലഭിക്കുന്നുണ്ട്. അടിയന്തര സ്വഭാവമുള്ള കാരണങ്ങൾക്ക് മാത്രമേ മനസമ്മതം ഒഴിവാക്കാനുള്ള അപേക്ഷകൾ അയയ്ക്കാവൂ. ലളിതമായിട്ടാണെങ്കിലും വിവാഹത്തിന് മുമ്പ് ദൈവാലയത്തിൽ വച്ച് മനസമ്മതം നടത്തണം. ബഹു. വികാരിയച്ചന്മാർ ഇക്കാര്യം ദൈവജനത്തെ അറിയിക്കുമല്ലോ. കൂരിയായിലേക്ക് വിവിധ അനുവാദങ്ങൾക്കുള്ള അപേക്ഷകൾ അയയ്ക്കുമ്പോൾ അരമന പേപ്പറിൽ ബഹു. വികാരിയച്ചന്മാരുടെ ശുപാർശയോടെ നല്കാൻ ഓർമ്മിക്കുമല്ലോ.

## 5. അഭിനന്ദനങ്ങൾ

**റവ. ഫാ. ജോസഫ് വയലുങ്കൽ :-** തൃശൂർ ചേതന ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നു Sound Studio, Recording arts എന്നീ വിഷയങ്ങളിൽ ഉന്നതമായ നിലയിൽ പഠനം പൂർത്തിയാക്കി തിരികെ എത്തിയ ബഹു. ജോസഫ് വയലുങ്കൽ അച്ചന് ഹൃദ്യമായ അനുമോദനങ്ങൾ. നമ്മുടെ അതിരൂപതയുടെ പുതിയ FM റേഡിയോയുടെ ഉത്തരവാദിത്വം ഏറ്റെടുത്തിരുന്ന വയലുങ്കൽ അച്ചന് എല്ലാ ഭാവുകങ്ങളും.

**6. ജൂണിയർ വൈദികരുടെ കോഴ്സ്** - (2012 ഡിസംബർ മുതൽ 2022 ജനുവരി വരെ തിരുപ്പട്ടം സ്വീകരിച്ചവർ)

2012- 2022 വർഷം തിരുപ്പട്ടം സ്വീകരിച്ച ബാച്ചുകളിലെ വൈദികർക്കായി ഒരു പരിശീലന പരിപാടി 2022 ജൂൺ 6 തിങ്കളാഴ്ച രാവിലെ 10 മണി മുതൽ 8-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ഒരു മണി വരെ. സന്ദേശഭവനിൽ വച്ചായിരിക്കും കോഴ്സ് നടക്കുന്നത്.

## 7. പി. പി. എഫ് അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

തലശ്ശേരി അതിരൂപതാ വൈദിക കൂട്ടായ്മയിൽ നിന്നും മരണംമൂലം വേർപിരിഞ്ഞുപോയ ബഹു. ജേക്കബ് കരോട്ടച്ചനുവേണ്ടി ഒരു വി. കുർബാന അർപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## 8. പത്രോസിന്റെ കാശ്

എല്ലാ വർഷവും ജൂൺ മാസത്തിൽ വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനോടനുബന്ധിച്ചാണ് പത്രോസിന്റെ കാശ് സമാഹരിക്കുന്നത്. ഈ സംഭാവനയിലൂടെ സാർവ്വത്രികസഭയുടെ പ്രവർത്തനങ്ങളിൽ ഓരോ വിശ്വാസിയും പങ്കുകാരാവുകയാണ്. ജൂൺ 29-ാം തീയതിയാണ് വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ. ജൂൺ 26-ാം തീയതി ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച ഈ ഉദ്ദേശ്യത്തിനായി സമാഹരിക്കുമല്ലോ.

## 9. സീറോ-മലബാർ സഭാദിനം - ജൂലൈ 3

നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹായുടെ ദുക്റാനാ തിരുനാൾ ദിനമായ ജൂലൈ 3 സീറോ-മലബാർ സഭാദിനമായി നാം ആചരിക്കുന്നു. അന്നത്തെ സ്തോത്രക്കാഴ്ച സീറോ-മലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായുടെ പ്രവർത്തനഫണ്ടിലേക്ക് നല്കുന്നതിനുവേണ്ടി സമാഹരിക്കുമല്ലോ.

## 10. റീജിയണൽ ബിഷപ്സ് ഹൗസ് കുന്നോത്ത്

അഭിവന്ദ്യ ഞറളക്കാട്ട് പിതാവ് വിശ്രമജീവിതത്തിനായി കുന്നോത്ത് എസ്റ്റേറ്റിലുള്ള റീജിയണൽ ബിഷപ്സ് ഹൗസിലേക്ക് താമസം മാറി. 2022 മെയ് മാസം 10-ാം തീയതി അഭിവന്ദ്യ പാംപ്ലാനി പിതാവ് കുന്നോത്ത് ഫൊറോനയിലെയും അതിരൂപത കേന്ദ്രത്തിലെയും ബഹുമാനപ്പെട്ട വൈദികരുടെ സാന്നിദ്ധ്യത്തിൽ നവീകരിച്ച റീജിയണൽ ബിഷപ്സ് ഹൗസിന്റെ വെഞ്ചരിപ്പു കർമ്മം നടത്തി.

**അഡ്രസ്സ്:** മാർ ജോർജ് ഞറളക്കാട്ട്
സാൻതോം റീജിയണൽ ബിഷപ്സ് ഹൗസ്
സാൻതോം എസ്റ്റേറ്റ്
കുന്നോത്ത്, കിളിയന്തറ പി.ഒ. 670 706

## 11. മിഷൻ കോർഡിനേറ്റർ

നമ്മുടെ അതിരൂപതയുടെ മുഴുവൻ മിഷൻ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുവാൻ അഭിവന്ദ്യ പിതാവ് ബഹുമാനപ്പെട്ട ജോസ് വെട്ടിക്കൽ അച്ചനെ നിയമിച്ചു. മിഷൻ രൂപതകളിലെ പ്രവർത്തന പരിചയം ബഹുമാനപ്പെട്ട ജോസച്ചന്റെ പുതിയ ഉത്തരവാദിത്വനിർവ്വഹണത്തിൻ മുതൽക്കൂട്ടാകും. ചെറുപുഴ ഫൊറോന വികാരി എന്ന ഉത്തരവാദിത്വത്തിനു പുറമേയാണ് പുതിയ നിയമനം. ബഹു. ജോസച്ചന് അനുമോദനങ്ങളും ആശംസകളും...

## 12. പാസ്റ്ററൽ കോർഡിനേറ്റർ

നമ്മുടെ അതിരൂപതയിലെ വിവിധ അപ്പസ്റ്റോലേറ്റുകളുടെ പ്രവർത്തനങ്ങൾ സന്ദേശഭവൻ കേന്ദ്രമാക്കി ഏകീകരിക്കുവാൻ ബഹുമാനപ്പെട്ട ഫിലിപ്പ് കവിയിൽ അച്ചനെ അഭിവന്ദ്യ പിതാവ് നിയോഗിച്ചു. ഫിലിപ്പ് അച്ചന് അനുമോദനങ്ങളും ആശംസകളും...

## 13. നന്ദി...

നമ്മുടെ അതിരൂപതയുടെ ചരിത്രത്തിൽ മായ്ക്കാനാവാത്ത അടയാളങ്ങൾ അവശേഷിപ്പിച്ച്, പൗരോഹിത്യവഴിയിൽ സമ്പൂർണ്ണസമർപ്പണം നടത്തിയ അഞ്ച് വൈദികസഹോദരന്മാർ വിശ്രമജീവിതത്തിലേക്ക് പ്രവേശിച്ചു. നമ്മുടെ അതിരൂപതയ്ക്ക് ദൈവം നല്കിയ സമ്മാനങ്ങളാണീ വൈദികരത്നങ്ങൾ. നമ്മുടെ അതിരൂപതയുടെ വളർച്ചയുടെ ആദ്യനാളുകളിലെ ദുർഘടപാതകൾ സന്തോഷത്തോടെ താണ്ടിയവരാണിവർ. ബഹു. ജോർജ് ചിറയിൽ അച്ചൻ മൊടയരഞ്ഞി പള്ളിയിൽനിന്നും, ബഹു. മാമ്പള്ളിക്കുന്നേൽ ജോസഫ് അച്ചൻ തളിപ്പറമ്പ് ഇടവകയിൽ (Resident Priest) നിന്നും ബഹു. മണിമലത്തറപ്പേൽ മാത്യു അച്ചൻ മേരിഗിരി ഫൊറോനാപള്ളിയിൽനിന്നും ബഹു. പയ്യനാട്ട് മാത്യു അച്ചൻ ബെഡൂർ പള്ളിയിൽനിന്നും ബഹു. തോണിപ്പാറ അബ്രാഹം അച്ചൻ മദർഹോമിൽ നിന്നുമാണ് തങ്ങളുടെ വിശ്രമജീവിതത്തിനായി കരുവഞ്ചാലിലെ ശാന്തിഭവനിലേയ്ക്ക് എത്തിയിരിക്കുന്നത്. പ്രിയപ്പെട്ട വൈദികരെ നിങ്ങളുടെ കഠിനാദ്ധ്വാനത്തിനും ആത്മസമർപ്പണത്തിനും സർവ്വശക്തൻ പ്രതിഫലം നല്കട്ടെ. സന്തോഷകരമായ വിശ്രമനാളുകൾ ആശംസിക്കുന്നു.

നമ്മുടെ അതിരൂപതയിലെ വിവിധ ഇടവകകളിൽ സേവനം അനുഷ്ഠിച്ച് തങ്ങളുടെ സന്യാസസഭകളിലേയ്ക്കും രൂപതകളിലേയ്ക്കും തിരികെ പോയ വൈദികരെ നന്ദിയോടെ ഓർമ്മിക്കുന്നു. പുറമേ നിന്നുവന്ന വൈദികരായിരുന്നുവെങ്കിലും നമ്മുടെ പൗരോഹിത്യകൂട്ടായ്മയുടെ ഭാഗമായി ശ്രേഷ്ഠമായ രീതിയിൽ ഇടവകകളുടെ വളർച്ചയ്ക്കുവേണ്ടി കഠിനാദ്ധ്വാനം ചെയ്ത പ്രിയപ്പെട്ട വൈദിക സഹോദരങ്ങളെ നന്ദിയോടെ അനുസ്മരിക്കുന്നു.

1. ഫാ. അടപ്പൂർ ഫ്രാൻസീസ് O. carm - കനകപ്പള്ളി
2. ഫാ. കുര്യൻ അമ്മനത്തുകുന്നേൽ MST - കോടോപ്പള്ളി
3. ഫാ. ജോസ് കുന്നേൽ O.S.B. - വിമലഗിരി
4. ഫാ. ബിനോയി പനേൽ I.S.C.H. - ചെട്ടിയാംപറമ്പ്
5. ഫാ. സെബാസ്റ്റ്യൻ പുത്തൻപുരയ്ക്കൽ അഡിലാബാദ്, കാലിച്ചാമരം
6. ഫാ. മാത്യു പുതുപ്പള്ളിമ്യാലിൽ M.S.T. - ചീമേനി
7. ഫാ. ജോസഫ് റാത്തപ്പള്ളി C.M.I. - അട്ടക്കണ്ടം
8. ഫാ. അബ്രാഹം വടക്കേമുറി C.M.I. - പാടിച്ചാൽ

## 14. സ്വാഗതം


തലശ്ശേരി അതിരൂപതയിലേക്ക് അജപാലനത്തിനായി എത്തിയിരിക്കുന്ന വിവിധ സന്യാസസമൂഹങ്ങളിൽപ്പെട്ട ബഹുമാനപ്പെട്ട വൈദികർക്ക് ഹൃദ്യ മായ സ്വാഗതം. തലശ്ശേരി അതിരൂപതാ വൈദികകൂട്ടായ്മയുടെ ഭാഗമായി നിന്ന് സന്തോഷകരമായ ശുശ്രൂഷാ നാളുകൾ ആശംസിക്കുന്നു.

1. ഫാ. ജോസ് ചെമ്പോത്തിക്കൽ O.Prem - മുള്ളേരിയ, ദേലംപാടി
2. ഫാ. വർഗീസ് കാനിച്ചിക്കുഴിയിൽ C.S.T. - ശാന്തിനഗർ
3. ഫാ. തോമസ് കണിയാംപറമ്പിൽ OFM Con. - അരവഞ്ചാൽ
4. ഫാ. ജോസഫ് കുത്തുളി HGN - വിജയഗിരി
5. ഫാ. മാത്യു മാങ്ങാട്ട് OFM Cap. - കാര്യപ്പള്ളി
6. ഫാ. മാത്യു പൂവശ്ശേരി OFM Cap. – കാലിച്ചാമരം
7. ഫാ. ജോസഫ് ചിലമ്പിക്കുന്നേൽ MCBS - ചന്ദനയ്ക്കാംപാറ
8. ഫാ. ദേവസ്യ നടുവത്തേട്ട് O. Prem - അങ്ങാടിക്കടവ്
9. ഫാ. ജോസ് പൊട്ടംപുഴ (ഭദ്രാവതി) - ചെറുപുഴ
10. ഫാ. ബിപിൻ ഉതുപ്പശ്ശേരി MSFS – ഭീമനടി
11. ഫാ. എബിൻ വാഴക്കുഴ O. Carm – വായാട്ടുപറമ്പ്

## 15. ആദരാഞ്ജലികൾ

**റവ. ഫാ. ജോൺ പുത്തൻപുര:** മാനന്തവാടി അംഗമായിരുന്ന ഫാ. ജോൺ പുത്തൻപുര അച്ചൻ 2022 മെയ് 9ന് നിര്യാതനായി. പരേതരായ പുത്തൻപുര ദേവസ്യാ– ഏലിയാമ്മ ദമ്പതികളുടെ മകനായി 1932 ജൂൺ 24ന് വടകരയിലാണ് ജനനം.

സെന്റ് മേരീസ് ചർച്ച് തവിഞ്ഞാൽ, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് പോരൂർ, സെന്റ് ആന്റണീസ് ചർച്ച് ബളാൽ, സെന്റ് സേവ്യേഴ്സ് ചർച്ച് കൊട്ടോടി, സെന്റ് ജോർജ്ജ് ചർച്ച് ജഡ്കൽ, സെന്റ് തോമസ് ചർച്ച്



മണക്കടവ്, സെന്റ് ജോർജ്ജ് ഫൊറോനാ പള്ളി കല്ലോടി, സെന്റ് തോമസ് ചർച്ച് മരകാവ്, സെന്റ് മാർട്ടിൻ ഡി പോറസ് ചർച്ച് അമ്പലവയൽ, ഹോളി ക്രോസ് ഫൊറോനാ പള്ളി നടവയൽ, സെന്റ് മേരീസ് ഫൊറോനാ പള്ളി മുള്ളൻകൊല്ലി, സെന്റ് അൽഫോൻസാ ചർച്ച് പടമല, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് തോണിച്ചാൽ, ലൂർദ്ദ് മാതാ ചർച്ച് കാവുമന്ദം, ക്രൈസ്റ്റ് ദ കിംഗ് ചർച്ച് പുതുശ്ശേരിക്കടവ് എന്നീ ദേവാലയങ്ങളിലായിരുന്നു ബഹുമാനപ്പെട്ട ജോൺ പുത്തൻപുരയച്ചൻ അജപാലനശുശ്രൂഷ നിർവ്വഹിച്ചത്. 1968-70 കാലയളവിൽ സെമിനാരി വില്ല എസ്റ്റേറ്റിന്റെ മാനേജരായും അച്ചൻ സേവനം ചെയ്തിട്ടുണ്ട്. 2008 മുതൽ ദ്വാരക വിയാനി ഭവനിൽ വിശ്രമജീവിതത്തിലായിരുന്ന ജോണച്ചൻ ഏതാനും മാസങ്ങളായി ആരോഗ്യസംബന്ധമായ അസ്വസ്ഥതകൾ മൂലം ചികിത്സയിലായിരുന്നു.

മിശിഹായുടെ പൗരോഹിത്യം ആത്മാർത്ഥമായി ജീവിച്ചു കടന്നുപോയ ബഹുമാനപ്പെട്ട ജോൺ പുത്തൻപുര അച്ചന് സ്വർഗ്ഗസൗഭാഗ്യം ലഭിക്കട്ടേയെന്ന് നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം.

**റവ. സി. പ്രസന്റാ കാനാട്ട് എസ്.എച്ച് (77):** തിരുഹൃദയ സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ റവ. സി. പ്രസന്റാ കാനാട്ട് എസ്.എച്ച് ഹൃദയാഘാതം മൂലം നിര്യാതയായി. സംസ്ക്കാരം 09.05.2022 രാവിലെ 7 മണിക്ക് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിനന്റെ കാർമ്മികത്വത്തിൽ പേരാവൂർ എസ്.എച്ച് പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ നടത്തപ്പെട്ടു. പരേത എസ്.എച്ച്. വായാട്ടുപറമ്പ് അംഗമാണ്. സിസ്റ്ററിന്റെ ആത്മാവിന് നിത്യശാന്തിലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.



**ശ്രീ. ആന്റണി കെ. ജോർജ് (57) :** ബഹു. ആന്റണി കുറിച്യാപറമ്പിലിന്റെ സഹോദര പുത്രൻ ശ്രീ. ആന്റണി കെ. ജോർജ് കുറിച്യാപറമ്പിൽ 2022 മെയ് 15-ാം തീയതി നിര്യാതനായി. മൃതസംസ്ക്കാരം 2022 മെയ് 16-ാം തീയതി കടുത്തുരുത്തി സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ (താഴത്തുപള്ളി) നടന്നു. ബഹു. ആന്റണി അച്ചനെയും കുടുംബാംഗങ്ങളെയും അതിരൂപതയുടെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതൻ എറണാകുളത്തെ AKM trust അംഗമായിരുന്നു.

**റവ. സി. ജിൻ മരിയ കാഞ്ഞിരത്തിങ്കൽ എസ്.എച്ച് (85) :** തിരുഹൃദയ സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രോവിൻസ് അംഗമായ റവ. സി. ജിൻ മരിയ കാഞ്ഞിരത്തിങ്കൽ എസ്.എച്ച് നിര്യാതയായി. മൃതസംസ്കാരം 20.05.2022 രാവിലെ 7 മണിക്ക് പേരാവൂർ എസ്.എച്ച് പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ നടന്നു. അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവ് സംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കി. പരേത ചായോത്ത് എസ്.എച്ച് കോൺവെന്റ് അംഗമാണ്. ആകസ്മികമായി നമ്മിൽ നിന്നും വേർപെട്ട ജിൻ മരിയാമ്മയെ ദൈവം മഹത്വത്തിന്റെ കിരീടം അണിയിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.



**വി.ഡി. ജോസഫ് വെട്ടിയാനിക്കൽ (82):** ബഹു. ആന്റണി വെട്ടിയാനിക്കൽ അച്ചന്റെ വത്സലപിതാവ് ശ്രീ. വി.ഡി. ജോസഫ് വെട്ടിയാനിക്കൽ 2022 മെയ്മാസം 20-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ചു. ബഹു. ആന്റണി അച്ചനും കുടുംബത്തിനും അതിരൂപതയുടെ അനുശോചനം അറിയിക്കുന്നു.

**റവ. സി. എൽസി അലക്സ് ഏങ്ങപ്പള്ളിൽ എസ്.എച്ച് (71) :** തിരുഹൃദയ സന്യാസിനീ സമൂഹം തലശ്ശേരി തലശ്ശേരി സെന്റ് ജോസഫ്സ് പ്രോവിൻസ് അംഗമായ റവ. സി. എൽസി അലക്സ് ഏങ്ങപ്പള്ളിൽ എസ്.എച്ച് 2022 മെയ് 26-ന് നിര്യാതയായി. മൃതസംസ്കാരം മെയ് 26 ന് 4 മണിക്ക് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ പേരാവൂർ എസ്.എച്ച് പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ നടന്നു. സിസ്റ്ററിനെ ദൈവം നിത്യസമ്മാനം നല്കി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



## 15. സ്നേഹസ്മൃതി

| | | | |
|---|---|---|---|
| 1. | റവ. ഫാ. ഷാബോർ വള്ളവന്തറ സി.എം.ഐ | - | 01-06-1963 |
| 2. | റവ. ഫാ. റാഫേൽ തറയിൽ | - | 03-06-2007 |
| 3. | റവ. ഫാ. ജോർജ് വണ്ടർകുന്നേൽ | - | 03-06-2021 |
| 4. | റവ. ഫാ. മാത്യു തെക്കേക്കുളം | - | 04-06-2021 |
| 5. | റവ. ഫാ. സിറിയക് ചെമ്മാഴം | - | 04-06-1985 |
| 6. | റവ. ഫാ. മാത്യു വില്ലന്താനം | - | 05-06-2015 |
| 7. | റവ. ഫാ. തോമസ് കാട്ടൂർ | - | 08-06-1977 |
| 8. | റവ. ഫാ. ജോൺ വിയാനി സി.എം.ഐ. | - | 09-06-1986 |
| 9. | റവ. ഫാ. ഫ്രെഡറിക് ആലഞ്ചേരി സി.എം.ഐ. | - | 10-06-1982 |

| | | |
|---|---|---|
| 10. റവ. ഫാ. സെബാസ്റ്റ്യൻ പുളിയന്മാക്കൽ | - | 10-06-1994 |
| 11. റവ. ഫാ. ജോസഫ് അരഞ്ഞാണിപുത്തൻപുര | - | 11-06-2005 |
| 12. റവ. ഫാ. മാത്യു കുരുവൻപ്ലാക്കൽ | - | 15-06-2015 |
| 13. റവ. ഫാ. പോൾ മൂശാരിയേട്ട് | - | 19-06-2006 |
| 14. റവ. മോൺ. ജേക്കബ് വാരികാട്ട് | - | 21-06-2001 |
| 15. റവ. ഫാ. ജോസഫ് അടിപുഴ | - | 21-06-2008 |
| 16. റവ. ഫാ. സെബാസ്റ്റ്യൻ സി.എം.ഐ. | - | 24-06-1974 |
| 17. റവ. മോൺ. വർക്കി കുഴികുളത്തിൽ | - | 24-06-2009 |
| 18. റവ. ഫാ. അബ്രാഹം ആനശ്ശേരിൽ | - | 24-06-2019 |
| 19. റവ. ഫാ. ഫുൾജെൻസിയൂസ് തെക്കേമൊളിയേക്കൽ സി.എം.ഐ. | - | 25-06-1970 |
| 20. റവ. ഫാ. മരിയാനൂസ് കുഴുപ്പിൽ സി.എം.ഐ. | - | 24-06-2003 |
| 21. റവ. ഫാ. ജോൺ വിയാനി സി.എം.ഐ. | - | 26-06-1986 |
| 22. റവ. ഫാ. അന്തോണിനൂസ് കണിയാംകുന്നേൽ സി.എം.ഐ. | - | 28-06-2004 |
| 23. റവ. ഫാ. അഗസ്റ്റിൻ വിലങ്ങപ്പാറ സി.എം.ഐ. | - | 30-06-2007 |

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
ചാൻസലർ

# അനുസ്മരണം

# ഫാ. ജേക്കബ് കരോട്ട്



തലശ്ശേരി അതിരൂപതാംഗവും പെരിങ്കിരി സെന്റ് അൽഫോൻസാ ഇടവകാ വികാരിയുമായ റവ. ഫാ. ജേക്കബ്ബ് കരോട്ട് 2022 ഏപ്രിൽ മാസം 28-ാം തീയതി വ്യാഴാഴ്ച നിര്യാതനായി. ഹൃദയസംബന്ധമായ അസ്വസ്ഥതകളെ തുടർന്ന് തലശ്ശേരി കോ-ഓപ്പറേറ്റീവ് ആശുപത്രിയിൽ ഏപ്രിൽ 27-ന് പ്രവേശിപ്പിച്ച അദ്ദേഹത്തിന് ആൻജിയോപ്ലാസ്റ്റി നടത്തി. ആരോഗ്യനില മെച്ചപ്പെട്ടു എന്ന് കരുതിയിരിക്കുമ്പോൾ രാവിലെ കാഡിയാക് അറസ്റ്റ് ഉണ്ടാവുകയും 10.30ന് നിര്യാതനാവുകയും ചെയ്തു.

ചാക്കോച്ചി എന്ന് എല്ലാവരും സ്നേഹപൂർവ്വം വിളിച്ചിരുന്ന ഫാ. ജേക്കബ് കരോട്ട് 1947 മാർച്ച് 4-ന് ചങ്ങനാശ്ശേരി രൂപതയിലെ വായ്പൂർ ചക്കാലക്കുന്ന് ഇടവകയിൽ പരേതരായ ജോസഫ്, മറിയം ദമ്പതികളുടെ പത്ത് മക്കളിൽ ആറാമനായി ജനിച്ചു. പരേതരായ വർഗ്ഗീസ്, ജോസഫ്, അബ്രാഹം, ഫാ. ആന്റണി സി. എസ്.ടി. എന്നിവരും തോമസ്, സി. സാലസ് എഫ് സി സി, സി. സിൽവിയ എഫ് സി സി, മാത്യു, മോളി എന്നിവരും സഹോദരങ്ങളാണ്. ഫാ. ആന്റോ കരോട്ട് എം സി ബി എസ്, ഫാ. ജോർജ് കരോട്ട്, സി. ലിസ്സി എഫ് സി സി, സി.സിസ്സി എഫ് സി സി, സി. ജെസ്സി എഫ് സി സി എന്നിവർ സഹോദരപുത്രരാണ്.

ചാക്കോച്ചിയുടെ ബാല്യത്തിൽത്തന്നെ മാതാപിതാക്കന്മാർ ചെമ്പന്തൊട്ടിയിലേയ്ക്ക് കുടിയേറി. ചെമ്പന്തൊട്ടി ചെറുപുഷ്പം എൽ.പി. സ്കൂൾ, ചെമ്പേരി നിർമലാ ഹൈസ്കൂൾ, ശ്രീകണ്ഠാപുരം ഗവൺമെന്റ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം നേടി. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം തലശ്ശേരി സെന്റ് ജോസഫ്സ്

മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം ആരംഭിച്ചു. ആലുവ മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിലാണ് ദൈവ ശാസ്ത്ര-തത്വശാസ്ത്ര പഠനങ്ങൾ നടത്തിയത്. 1973 ഡിസംബർ 21-ാം തീയതി ചെമ്പന്തൊട്ടി സെന്റ് ജോർജ് ദൈവാലയത്തിൽവച്ച് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു.

എടൂർ സെന്റ് മേരീസ് ദൈവാലയത്തിൽ അസിസ്റ്റന്റ് വികാരിയായാണ് അജപാലന ശുശ്രൂഷ ആരംഭിച്ചത്. ഒരു വർഷം ആലക്കോട് ഫൊറോന ഇടവകയിലും സഹവികാരിയായിരുന്നു. പിന്നീട് കാഞ്ഞിരടുക്കം, പരപ്പ, ബെൽത്തംഗടി രൂപതയിലെ ധർമ്മസ്ഥല, രണ്ടാംകടവ്, കോഴിച്ചാൽ, പെരുമ്പുന്ന, വിമലഗിരി, വെമ്പുവ, കണ്ണിവയൽ, എണ്ണപ്പാറ എന്നീ ഇടവക കളിൽ വികാരിയായും ചെമ്പേരി വിമലാ ഹോസ്പിറ്റൽ, കരുണാലയം എന്നി വയുടെ ഡയറക്ടറായും സേവനമനുഷ്ഠിച്ചു. 2017 മുതൽ പെരിങ്കിരി ഇടവ കയിൽ വികാരിയായി ശുശ്രൂഷ ചെയ്തുവരവെയാണ് മരണം അപ്രതീക്ഷി തമായി അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോയത്.

അജഗണങ്ങളോട് ആഴമേറിയ ഹൃദയബന്ധം സൂക്ഷിച്ചിരുന്ന ഒരു അജ പാലകനാണ് ആക്സ്മികമായി വിടവാങ്ങുന്നത്. ചാക്കോച്ചിയച്ചൻ നല്ല ഒരു കലാകാരനായിരുന്നു. നല്ല ഗായകനായിരുന്നു. സേവനം ചെയ്ത ഇടവ കകളിലെല്ലാം കുട്ടികളുടെയും യുവാക്കളുടെയും കലാവാസനകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ അദ്ദേഹം സവിശേഷമായ ശ്രദ്ധ പുലർത്തി യിരുന്നു. നിരവധി നാടകങ്ങളും ബാലെയും നൃത്തശില്പങ്ങളും അണിയി ച്ചൊരുക്കി അനേകം വേദികളിൽ അദ്ദേഹം അവതരിപ്പിച്ചിട്ടുണ്ട്. ഭാവനാ സമ്പന്നമായ ബൈബിൾ ദൃശ്യാവതരണങ്ങളും അദ്ദേഹം സംവിധാനം ചെയ്തിരുന്നു. മിഷൻലീഗിനെയും മറ്റ് സംഘടനകളെയും അകമഴിഞ്ഞ് പ്രോത്സാഹിപ്പിക്കുകയും അതിരൂപതാതല മത്സരങ്ങളിൽ ഇടവകാംഗങ്ങളെ സമ്മാനങ്ങൾ നേടാൻ പ്രാപ്തരാക്കുകയും ചെയ്തിരുന്നു.

ആകർഷകമായ ചിരിയും സൗമ്യമായ സംസാരവുംകൊണ്ട് വലിയ ഒരു സൗഹൃദവലയത്തെ അദ്ദേഹം സമ്പാദിച്ചിരുന്നു. കുട്ടികൾക്കും യുവജന ങ്ങൾക്കും മുതിർന്നവർക്കും ഒരുപോലെ കൂട്ടുകാരനും മാർഗ്ഗദർശിയുമായി രുന്നു ജേക്കബ് കരോട്ടച്ചൻ. ഒരു യാത്രാമൊഴിപോലും ഉരിയാടാതെ ആകസ്മികമായി കടന്നുപോകുന്ന പ്രിയ ജ്യേഷ്ഠസഹോദര വൈദിക, അങ്ങ യുടെ ഓർമ്മകൾക്കു മുന്നിൽ പ്രണാമം.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
ചാൻസലർ

# സെമിനാരി വാർത്തകൾ

**1. ചെറുപട്ടങ്ങൾ**

നമ്മുടെ അതിരൂപതയ്ക്കുവേണ്ടി ഈ വർഷം 12 പേർ ഹെവുപ്പദ്യാക്ക്ന പട്ടവും 13 പേർ കാറോയ പട്ടവും സ്വീകരിച്ചു. പൗരോഹിത്യത്തിലേയ്ക്ക് ഒരു പടികൂടി അടുത്തിരിക്കുന്ന ഈ സഹോദരന്മാർക്ക് അനുമോദനങ്ങളും പ്രാർത്ഥനകളും നേരുന്നു.

**ഹെവുപ്പദ്യാക്ക്ന പട്ടം സ്വീകരിച്ചവർ**

| പേര് | ഇടവക | സെമിനാരി |
|---|---|---|
| 1. ആനികുഴിക്കാട്ടിൽ മാത്യു (നോയൽ) | ബളാൽ | കുന്നോത്ത് |
| 2. ചെല്ലംകോട്ട് ജോസഫ് (അഭിലാഷ്) | കൊന്നക്കാട് | ഉജ്ജൈൻ |
| 3. ചെമ്പകശ്ശേരി ചെറിയാൻ (അമൽ) | പാലത്തുംകടവ് | വടവാതൂർ |
| 4. ചെമ്പ്ളായിൽ മാത്യു (കിരൺ) | ചെമ്പേരി | മംഗലപ്പുഴ |
| 5. ചിന്താർമണിയിൽ തോമസ് (ജിതിൻ) | ആനമഞ്ഞൾ | കുന്നോത്ത് |
| 6. ചൊള്ളമ്പുഴ ജോസഫ് (ജിൻസ്) | ചുള്ളി | വടവാതൂർ |
| 7. കരിങ്ങാലികാട്ടിൽ ജോസഫ് (ജിസ്സ്) | ചെറുപുഴ | ഉജ്ജൈൻ |
| 8. മൂന്നാനാൽ മാത്യു (ജിന്റോ) | തിരുമേനി | മംഗലപ്പുഴ |
| 9. മുള്ളംകുഴി ജോൺ (അബിൻ) | പടുപ്പ് | വടവാതൂർ |
| 10. മുണ്ടക്കൽ പോൾ | പാത്തൻപാറ | സത്ന |
| 11. തെങ്ങുംപള്ളിൽ ജോർജ് (ആൽബിൻ) | കടുമേനി | മംഗലപ്പുഴ |
| 12. തൈപ്പറമ്പിൽ സെബാസ്റ്റ്യൻ (അമൽ) | മണിപ്പാറ | സത്ന |

**കാറോയ പട്ടം സ്വീകരിച്ചവർ**

| പേര് | ഇടവക | സെമിനാരി |
|---|---|---|
| 1. അട്ടാറക്കൽ ജെയിംസ് (ബോഡ്വിൻ) | ചെടിക്കുളം | വടവാതൂർ |
| 2. ചെറുകരക്കുന്നേൽ ജോസഫ് (സിറിൽ) | ആലക്കോട് | സത്ന |
| 3. ചെറുനിലം അഗസ്റ്റിൻ (നിതിൻ) | കാലാങ്കി | വടവാതൂർ |
| 4. ഈറ്റക്കൽ അഗസ്റ്റിൻ (ജോസ്ബിൻ) | ചെമ്പേരി | റോം |
| 5. കളപ്പുരയ്ക്കൽ ചാക്കോ (റിബിൻ) | വായാട്ടുപറമ്പ | സത്ന |
| 6. കണിപറമ്പിൽ സെബാസ്റ്റ്യൻ (ജുബിൻ) | ചുള്ളി | മംഗലപ്പുഴ |

| | | |
|---|---|---|
| 7. കുര്യളാനിക്കൽ സേവ്യർ (അരുൺ) | കാവുന്തല | മംഗലപ്പുഴ |
| 8. മണ്ണൂർ തോമസ് (ഗ്രിനോ) | പൈസക്കരി | മംഗലപ്പുഴ |
| 9. പാഴൂപ്പറമ്പിൽ മാർട്ടിൻ | ചെറുപാറ | കുന്നോത്ത് |
| 10. പൂക്കുളത്തേൽ ജോസഫ് (അമൽ) | രാജഗിരി | വടവാതൂർ |
| 11. തെക്കേൽ തോമസ് (ആൽബിൻ) | മാലോം | മംഗലപ്പുഴ |
| 12. വലിയപറമ്പിൽ ജോൺ (ബിനീഷ്) | നാട്ടക്കൽ | കുന്നോത്ത് |
| 13. വള്ളിയിൽ തോമസ് (അമൽ) | പാലാവയൽ | കുന്നോത്ത് |

## 2. റീജൻസി

തത്വശാസ്ത്രപഠനം വിജയകരമായി പൂർത്തിയാക്കിയ 19 പേര് ഈ വർഷം റീജൻസിക്കായി വിവിധ ഇടങ്ങളിൽ നിയോഗിക്കപ്പെട്ടു. ഈ പ്രായോഗിക പരിശീലനകാലഘട്ടത്തിൽ പൗരോഹിത്യജീവിതത്തെ കൂടുതൽ അടുത്തറിഞ്ഞ് ദൈവവിളിയിൽ ആഴപ്പെടാൻ ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

| പേര് | ഇടവക | റീജൻസി സെന്റർ |
|---|---|---|
| 1. ആനാനിയുറുമ്പേൽ ജോസഫ് (ആൽവിൻ) | മാലോം | പടന്നക്കാട് |
| 2. അഞ്ചുപ്ലാക്കൽ ജോസഫ് (ആൽബർട്ട്) | ചീക്കാട് | നിർമ്മലഗിരി |
| 3. അരീക്കുഴുപ്പിൽ മാത്യു (ജസ്റ്റിൻ) | കരുണാപുരം | പ്രീസ്റ്റ് ഹോം |
| 4. കരയാറ്റ് തോമസ് (അജിൻ) | മാമ്പൊയിൽ | പ്രീസ്റ്റ് ഹോം |
| 5. കരോട്ടുകുന്നേൽ ചാക്കോ (അജിത്ത്) | അടോട്ടുകയ | സന്ദേശഭവൻ |
| 6. കറുത്തേടത്ത് ജോസഫ് (ബിബിൻ) | ഒറ്റത്തൈ | ബോയ്സ് ടൗൺ, കുന്നോത്ത് |
| 7. കൊല്ലംകുന്നേൽ ജോസഫ് (ജെറിൻ) | പുളിങ്ങോം | കുന്നോത്ത് എസ്റ്റേറ്റ് (മാർ ജോർജ് ഞറളക്കാട്ട്) |
| 8. മൂന്നുപീടിക മാത്യു | കാര്യപ്പള്ളി | ബൽത്തംഗടി |
| 9. മുടക്കാലിൽ ജോർജ് (ജിനു) | മാട്ടറ | കാറ്റെക്കിസം |
| 10. മുണ്ടന്താനത്ത് ജോസഫ് (എബിൻ) | പൊൻമല | ആർച്ച് ബിഷപ്സ്ഹൗസ് |
| 11. ഓട്ടപ്പുന്നയ്ക്കൽ തോമസ് (അബിൻ) | കരിക്കോട്ടക്കരി | മൈനർ സെമിനാരി |
| 12. പള്ളിവാതുക്കൽ എബ്രഹാം (ആൽബിൻ) | തലശ്ശേരി | കരുണാലയം |
| 13. പറേടം അഗസ്റ്റിൻ (ക്രിസ്റ്റോ) | പടുപ്പ് | കരുവഞ്ചാൽ ഹോസ്പിറ്റൽ |

| | | |
|---|---|---|
| 14. പാഴുതടത്തിൽ തോമസ് (ആദിത്ത്) | പരപ്പ | ഫാമിലി അപ്പൊസ്റ്റൊലേറ്റ് |
| 15. പുതിയാപറമ്പിൽ ജോർജ് (എബിൻ) | പാത്തൻപാറ | ആർച്ച് ബിഷപ്സ്ഹൗസ് (മാർ ജോർജ് വലിയമറ്റം) |
| 16. തുണ്ടത്തിൽ ഫ്രാൻസീസ് (അഭിജിത്ത്) | മാലോം | ബൽത്തംഗടി |
| 17. ഉപ്പുകുന്നേൽ തോമസ് (ബിബിൻ) | വട്ട്യാറ | പ്രതീക്ഷ |
| 18. വാരണത്ത് അബ്രാഹം (അബി) | ഭീമനടി | ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് |
| 19. വേങ്ങത്തടത്തിൽ ജോസഫ് (ഗോഡ്വിൻ) | പുളിങ്ങോം | മദർഹോം |

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് പണ്ടാരപ്പറമ്പിൽ**
വൊക്കേഷൻ പ്രൊമോട്ടർ
9400 062 870, 9744 731 947

**ഫാ. ജോർജ് കരോട്ട്**
റെക്ടർ
8304 871 142

# വിശ്വാസപരിശീലനം

> **"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).**

## 1. മതബോധന ഞായർ – മെയ് 29

2022–23 അധ്യയനവർഷത്തെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾ മെയ് 29 ഞായറാഴ്ച ആരംഭിച്ചു. കഴിഞ്ഞ അധ്യയന വർഷത്തിൽ നല്കിയ സഹകരണത്തിനും പ്രോത്സാഹനത്തിനും പ്രത്യേകം നന്ദി പറയുന്നു. പുതിയ അധ്യയനവർഷത്തെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കുമല്ലോ.

1. എല്ലാ മാസവും ബഹു. വികാരിയച്ചന്റെ അധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടി ഓരോ മാസത്തേയും അതിരൂപതാ ബുള്ളറ്റിനിൽ വിശ്വാസപരിശീലനത്തെ സംബന്ധിച്ച് കൊടുക്കുന്ന കാര്യങ്ങൾ സ്റ്റാഫിൽ പൊതുവായി വായിക്കേണ്ടതും ചർച്ച ചെയ്യേണ്ടതുമാണ്. ഓഫീസുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൃത്യസമയത്തുതന്നെ ചെയ്ത് സഹകരിക്കണം. എല്ലാ വിശ്വാസപരിശീലകരും ടീച്ചിംഗ് നോട്ട് എഴുതുകയും ഹാൻഡ് ബുക്ക് ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്. ബഹു. വികാരിയച്ചനോ, ഹെഡ്മാസ്റ്ററോ അവ പരിശോധിക്കുകയും വേണം.

2. കുട്ടികൾക്ക് ക്ലാസിലെ പഠനം കൂടാതെ മാസത്തിലൊരിക്കൽ ക്ലാസ്സടിസ്ഥാനത്തിലോ പല ക്ലാസുകൾകൂടിയോ ഒരു മണിക്കൂർ ആരാധന നടത്തുമല്ലോ. പ്രായോഗിക മതബോധനത്തിന്റെ ഭാഗമായി ടേമിൽ ഒരിക്കൽ ആതുരാലയങ്ങൾ സന്ദർശിക്കുന്നതിനും അന്തേവാസികളെ ശുശ്രൂഷിക്കുന്നതിനും കുട്ടികൾക്ക് അവസരം ഒരുക്കി കൊടുക്കേണ്ടതാണ്. കൂടാതെ എൽ.സി.ഡി പ്രോജക്ടർ ഉപയോഗിച്ച് പാഠങ്ങളും, വിശുദ്ധരുടെ ജീവചരിത്രവും ധാർമികമൂല്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന നല്ല ഫിലിമുകളും കുട്ടികളെ പൊതുവായി കാണിക്കേണ്ടതാണ്. അതിനായി സ്മാർട്ട് ക്ലാസ് റൂമുകൾ തയ്യാറാക്കുന്നത് നല്ലതാണ്.

3. വേദപാഠ ക്ലാസുകൾക്ക് 2 മണിക്കൂർ സമയം കിട്ടുന്ന രീതിയിൽ ക്ലാസുകളുടെ സമയം പുനഃക്രമീകരിക്കണം.

4. പഠനത്തിനായി ഇടവകയ്ക്ക് പുറത്ത് പോകുന്ന കുട്ടികൾ അവർ പഠിക്കാൻ പോകുന്ന സ്ഥലത്തുള്ള ഇടവക ദൈവാലയത്തിൽ മതബോധന ക്ലാസുകളിൽ സംബന്ധിക്കേണ്ടതാണെന്നും പഠനം പൂർത്തിയാക്കിയതായ കത്ത് ഹാജരാക്കിയാൽ വാർഷികപരീക്ഷ സ്വന്തം ഇടവകയിൽ

നടത്താൻ അവസരമുണ്ടായിരിക്കുമെന്നും ബഹു. അച്ചന്മാർ പള്ളിയിൽ അറിയിക്കുമല്ലോ.

5. എല്ലാ സൺഡേസ്കൂളിലും ഓഫീസും സ്റ്റാഫ്മീറ്റിംഗ് കൂടുന്നതിനാവശ്യമായ സൗകര്യങ്ങളും ക്രമീകരിക്കേണ്ടതാണ്. ഓഫീസ് വൃത്തിയായി സൂക്ഷിക്കുകയും റിക്കോർഡുകളും ഫയലുകളും മറ്റു രേഖകളും കൃത്യമായും ക്രമമായും അലമാരകളിൽ സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിന് പുറത്ത് സൺഡേസ്കൂൾ ഓഫീസ് എന്നെഴുതിയ ബോർഡ് സ്ഥാപിക്കേണ്ടതും ഓഫീസിനുള്ളിൽ ആപ്തവാക്യം (ലൂക്കാ 2:52) ഭംഗിയായി എഴുതി വയ്ക്കേണ്ടതുമാണ്.

## 2. വിശ്വാസപരിശീലന പ്രവർത്തനവർഷ ഉദ്ഘാടനം

2021-2022 അധ്യയനവർഷത്തെ വിശ്വാസപരിശീലനപ്രവർത്തനങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം തോമാപുരം സെന്റ് തോമസ് ഫൊറോനയിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിച്ചു. തോമാപുരം ഇടവകയിലെ വികാരിയച്ചനും കൊച്ചച്ചനും വിശ്വാസപരിശീലകർക്കും നന്ദി.

## 3. നന്ദി ... ആശംസകൾ ...

എടൂർ, പൈസക്കരി, വായാട്ടുപറമ്പ്, മേരിഗിരി, തളിപ്പറമ്പ്, ചെമ്പന്തൊട്ടി എന്നീ ഫൊറോനകളിലെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ മോൺ ആന്റണി മുതുകുന്നേൽ, മോൺ സെബാസ്റ്റ്യൻ പാലാക്കുഴി, വെരി. റവ. ഫാ. കുര്യാക്കോസ് കളരിക്കൽ, വെരി. റവ. ഫാ. മാത്യു മണിമലത്തറപ്പിൽ, വെരി. റവ. ഫാ. അബ്രാഹം പോണാട്ട്, വെരി. റവ. ഫാ. ജോസ് മാണിക്കത്താഴെ എന്നിവർക്ക് വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ഹൃദ്യമായ നന്ദി. മേൽപ്പറഞ്ഞ ഫൊറോനകളിൽ പുതിയ ഡയറക്ടർമാരായി നിയമിതരായിരിക്കുന്ന വെരി. റവ. ഫാ. തോമസ് വടക്കേമുറിയിൽ, വെരി. റവ. ഫാ. നോബിൾ ഓണംകുളം, വെരി. റവ. ഫാ. തോമസ് തെങ്ങുംപള്ളിൽ, വെരി. റവ. ഫാ. അബ്രാഹം മഠത്തിമ്യാലിൽ, വെരി. റവ. ഫാ. മാത്യു വേങ്ങക്കുന്നേൽ, വെരി. റവ. ഫാ. ആന്റണി മഞ്ഞളാംകുന്നേൽ എന്നിവർക്ക് അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

## 4. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് ജൂൺ 11 (ശനി)

2022-2023 അധ്യയനവർഷത്തെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് സന്ദേശഭവനിൽവച്ച് ജൂൺ 11 ശനിയാഴ്ച്ച രാവിലെ 9.30-ന് ആരംഭിച്ച് ഉച്ചയ്ക്ക് 1 മണിക്ക് സമാപിക്കുന്നതാണ്. അന്നേദിവസം വിവിധ അവാർഡുകൾ, സ്കോളർഷിപ്പുകൾ എന്നിവ വിതരണം ചെയ്യുന്നതാണ്. എല്ലാ ഹെഡ്മാസ്റ്റർമാരും നിർബന്ധമായും കോൺഫറൻസിൽ സംബന്ധിക്കേണ്ടതാണ്.

### 5. ആമുഖസെമിനാർ ജൂൺ 23-26

തുടക്കക്കാരായ വിശ്വാസപരിശീലകർക്കായി ജൂൺ 23 മുതൽ 26 വരെയുള്ള തീയതികളിൽ ആമുഖസെമിനാർ സന്ദേശഭവനിൽ വച്ച് സംഘടിപ്പിക്കുന്നു. സെമിനാർ ജൂൺ മാസം 23-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് 26-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നതാണ്. ഇതുവരെയും ആമുഖസെമിനാറിൽ പങ്കെടുക്കാത്ത എല്ലാ വിശ്വാസപരിശീലകരും നിർബന്ധമായും സെമിനാറിൽ പങ്കെടുക്കേണ്ടതാണ്. പങ്കെടുക്കുന്നവരുടെ പേര്, വീട്ടുപേര്, ഇടവക എന്നിവ ജൂൺ 15-നു മുമ്പായി ഓഫീസിൽ അറിയിക്കണം. സെമിനാറിന്റെ ഫീസ് 1000 രൂപയായിരിക്കും.

### 6. ബൈബിൾ നഴ്സറി

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരി അതിരൂപതയിലെ എല്ലാ സൺഡേസ്കൂളുകളിലും ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായി ബൈബിൾ നഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകവും സി.ഡിയും ഓഫീസിൽ ലഭ്യമാണ്.

### 7. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തേണ്ടതാണ്. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

### 8. പ്രവേശനോത്സവം

2022-23 വർഷത്തിൽ ഒന്നാം ക്ലാസ്സിൽ ചേരുന്ന കുട്ടികളുടെ പ്രവേശനോത്സവം മെയ് 29 ഞായറാഴ്ചയോ ജൂൺ 5 ഞായറാഴ്ചയോ ആഘോഷമായി നടത്തേണ്ടതാണ്.

### 9. വിശ്വാസോത്സവം - റിസോഴ്സ് ടീം ട്രെയിനിംഗ്

മെയ് 17 ചൊവ്വാഴ്ച തളിപ്പറമ്പ് പാരിഷ് ഹാളിൽവച്ച് അതിരൂപതാ റിസോഴ്സ് ടീമിന് വിശ്വാസോത്സവ വർക്കുബുക്കുകൾ പരിചയപ്പെടുത്തി. റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ, റവ. സി. ലിൻസി എസ്.എച്ച്, റവ. സി. റോസ്ന എസ്.എച്ച്, റവ. സി. സീന സേവ്യർ എഫ്.സി.സി, ശ്രീമതി നീതു ജിജേഷ് കൂമുള്ളിൽ എന്നിവർ ട്രെയിനിംഗിന് നേതൃത്വം നൽകി. 90 വിശ്വാസപരിശീലകർ ട്രെയിനിംഗിൽ പങ്കെടുത്തു.

### 10. വിശ്വാസോത്സവ വർക്കുബുക്ക് ട്രെയിനിംഗ് - നന്ദി

മെയ് 21 ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1 മണിവരെയുള്ള സമയത്ത് 16 ഫൊറോനകളിലെയും വിശ്വാസപരിശീലകർക്ക് സെമിനാർ

നടത്തി. ട്രെയിനിംഗ് ദിവസം ഡയറക്ടറച്ചൻ കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട്, തോമാപുരം, ചെറുപുഴ, പൈസക്കരി എന്നീ ഫൊറോനകളും അസി. ഡയറക്ടറച്ചൻ പേരാവൂർ, എടൂർ, കുന്നോത്ത്, വായാട്ടുപറമ്പ് എന്നീ ഫൊറോനകളും സന്ദർശിച്ചു. റവ. ഫാ. ജോൺ നൂറമ്മാക്കൽ, റവ. ഫാ. അബ്രാഹം കൊച്ചുപുരയ്ക്കൽ, റവ. ഫാ. ഓസ്റ്റിൻ ചക്കാംകുന്നേൽ, റവ. ഫാ. തോമസ് പന്തലാനിക്കൽ, റവ. ഫാ. ഏലിയാസ് എടൂക്കുന്നേൽ, റവ. ഫാ. ജോസഫ് ആനക്കല്ലിൽ, റവ. ഫാ. ജോസഫ് ഓരത്തേൽ, റവ. ഫാ. തോമസ് ചക്കിട്ടമുറിയിൽ, റവ. ഫാ. ഫിലിപ്പ് മുട്ടുമണ്ണിൽ, റവ. ഫാ. മാത്യു പ്രവർത്തുംമലയിൽ, റവ. ഫാ. മാത്യു കല്ലുങ്കൽ, റവ. ഫാ. പയസ് അരീക്കാട്ട്, റവ. ഫാ. മാത്യു മുക്കുഴി, റവ. ഫാ. മൈക്കിൾ മഞ്ഞക്കുന്നേൽ, റവ. ഫാ. ആന്റണി ചിറ്റേട്ട്, റവ.ഫാ. മാത്യു പരിയാനിക്കൽ എന്നിവരുടെ ടീമുകൾ ട്രെയിനിംഗിന് നേതൃത്വം നൽകി. സെമിനാറിൽ പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും റിസോഴ്സ് ടീം അംഗങ്ങൾക്കും നന്ദി.

## 11. ഇടവകാതല വിശ്വാസോത്സവം - നന്ദി

2021-2022 പ്രവർത്തനവർഷത്തെ വിശ്വാസോത്സവം അതിരൂപതയിൽ മെയ് 25 മുതൽ 29 വരെയുള്ള തീയതികളിൽ നടത്തി. വിശ്വാസോത്സവം വിജയകരമാക്കുവാൻ സഹകരിച്ച എല്ലാ ബഹു. വൈദികർക്കും, സിസ്റ്റേഴ്സിനും, വിശ്വാസപരിശീലകർക്കും നന്ദി.

## 12. ഫൊറോന കമ്മിറ്റി

ബഹു. ഫൊറോന ഡയറക്ടറച്ചൻ അദ്ധ്യക്ഷനായുള്ള ഫൊറോന കമ്മിറ്റിയാണ് ഫൊറോനയിലെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. അതിരൂപതാ വിസിറ്ററും ഫൊറോനകമ്മിറ്റിയിലെ അംഗമാണ്. ജൂൺ മാസത്തിൽ ഫൊറോന കമ്മിറ്റി കൂടേണ്ടതാണ്. ഫൊറോന പ്രസിഡന്റ്, സെക്രട്ടറി, വിസിറ്റർ എന്നിവരിൽ ആരെയെങ്കിലും പുതുതായി തെരെഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ പേര്, അഡ്രസ്സ്, ഫോൺനമ്പർ മുതലായവ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 13. പാഠപുസ്തക - ഉപപാഠപുസ്തക വിതരണം

1 മുതൽ 12 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളും ഉപപാഠപുസ്തകങ്ങളും ജൂൺ 1 മുതൽ 4 വരെയുള്ള തീയതികളിൽ ഫൊറോന അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതാണ്. വിശ്വാസോത്സവ ദിവസങ്ങളിൽതന്നെ ആവശ്യമായ പാഠപുസ്തകങ്ങളുടെയും ഉപപാഠപുസ്തകങ്ങളുടെയും എണ്ണം ശേഖരിക്കേണ്ടതാണ്. ഓരോ ഇടവകയ്ക്കും ആവശ്യമായ പുസ്തകങ്ങളുടെ എണ്ണം ബഹു. ഫൊറോന പ്രസിഡണ്ടിനെ അറിയിക്കണം. ഫൊറോന പ്രസിഡണ്ടും സെക്രട്ടറിയും ഓഫീസിൽ വന്ന് ഫൊറോനയ്ക്കാവശ്യമായ പുസ്തകങ്ങൾ കൊണ്ടുപോകേണ്ടതാണ്.

NB: നാലാം ക്ലാസ്സിലെ കുട്ടികളെ പ്രഥമദിവ്യകാരുണ്യസ്വീകരണത്തിന് സഹായി ക്കുന്ന "ജീവന്റെ അപ്പം" എന്ന പുസ്തകവും അന്നേദിവസം വിതരണം ചെയ്യുന്നതാണ്.

## 14. പാഠപുസ്തകങ്ങളുടെ വില

| | |
|---|---|
| ക്ലാസ്സ് I - IV | : 35 രൂപ |
| ക്ലാസ്സ് V - XII | : 40 രൂപ |
| ഇംഗ്ലീഷ് പുസ്തകങ്ങൾ | : 45 രൂപ |
| ഉപപാഠപുസ്തകങ്ങൾ | : 25 രൂപ |

## 15. ആസ്പെക്ട് പരീക്ഷ

ആസ്പെക്ടിന്റെ നാലംഘട്ട എഴുത്തുപരീക്ഷ മെയ് 17 ചൊവ്വാഴ്ച തളിപ്പറമ്പ് പാരിഷ് ഹാളിൽവച്ച് നടത്തി. 18 വിശ്വാസപരിശീലകർ പരീക്ഷയിൽ പങ്കെടുത്തു.

## 16. ഹെഡ്മാസ്റ്റർമാരുടെ ഫൊറോന മീറ്റിംഗ് – നന്ദി

മെയ് 19, 20 തീയതികളിൽ സംഘടിപ്പിച്ച ഹെഡ്മാസ്റ്റർമാരുടെ മീറ്റിംഗിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി. അന്നേദിവസം വിശ്വാസോത്സവ വർക്കുബുക്കുകൾ വിതരണം ചെയ്തു. മീറ്റിംഗ് ഭംഗിയായി ക്രമീകരിച്ച ഫൊറോന വികാരിയച്ചൻ, ഫൊറോന പ്രസിഡണ്ട് – സെക്രട്ടറി എന്നിവർക്കും ഹൃദ്യമായ നന്ദി.

## 17. ഹെഡ്മാസ്റ്റർമാരുടെ ഓൺലൈൻ മീറ്റിംഗ് – നന്ദി

മെയ് 15 ഞായറാഴ്ച രാത്രി 9 മണി മുതൽ 10.30 വരെ ഹെഡ്മാസ്റ്റർമാരുടെ ഓൺലൈൻ മീറ്റിംഗ് നടത്തി.

## 18. ഉണർവ് 2022 – കുട്ടികൾക്കുള്ള അവധിക്കാല ധ്യാനം

മെയ് 1–നും 30–നും ഇടയ്ക്കുള്ള തീയതികളിൽ അതിരൂപതയിലെ 100–ൽ അധികം ഇടവകകളിൽ ക്രിസ്റ്റീൻ ധ്യാനം നടത്തി. ധ്യാനത്തിന് നേതൃത്വം നൽകിയ സിസ്റ്റേഴ്സിനും, മേജർ സെമിനാരിക്കാർക്കും ഹൃദ്യമായ നന്ദി.

## 19. ഡിപ്ലോമ സേ പരീക്ഷ – മെയ് 15 ഞായർ

ഡിപ്ലോമപരീക്ഷയിൽ പരാജയപ്പെട്ടവർക്കും പരീക്ഷയിൽ പങ്കെടുക്കുവാൻ പറ്റാതെപോയവർക്കുമായി പരീക്ഷ മെയ് 15 ഞായറാഴ്ച രാവിലെ 11 മുതൽ 1 മണിവരെയുള്ള സമയത്ത് ഫൊറോനകേന്ദ്രത്തിൽവച്ച് പരീക്ഷ നടത്തി. 58 കുട്ടികൾ പരീക്ഷയിൽ പങ്കെടുത്തു.

## 20. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2021–22 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറി

യിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 21. 2021-22 അധ്യയനവർഷത്തെ IV, VII ക്ലാസ്സുകളിലെ സ്കോളർഷിപ്പ് പരീക്ഷാഫലങ്ങൾ

### A. IV-ാം ക്ലാസ്സ് സ്കോളർഷിപ്പ് പരീക്ഷാഫലം

| അതിരൂപതാ റാങ്ക് ലിസ്റ്റ് 2021 - 2022 | | |
|---|---|---|
| 1. ഏബൽ സെബാസ്റ്റ്യൻ തോട്ടുങ്കൽ | പയ്യന്നൂർ | ഒന്നാം റാങ്ക് |
| 2. എൽവിൻ പോത്തംപള്ളി | പയ്യന്നൂർ | രണ്ടാം റാങ്ക് |
| 3. ഹന്ന ജോബി മൂലയിൽ | കണ്ണിവയൽ | മൂന്നാം റാങ്ക് |
| **ഫൊറോന റാങ്ക് ലിസ്റ്റ്** | **ഇടവക** | **ഫൊറോന** |
| 1. ഡെനീറ്റ സെബാസ്റ്റ്യൻ പുതനപ്ര | ആലക്കോട് | ആലക്കോട് |
| 2. ഹെലേന പയ്യനാട്ട് | മണ്ടളം | ചെമ്പന്തൊട്ടി |
| 3. ജസ്റ്റീന ആന്റോ പാലയ്ക്കൽ | രത്നഗിരി | ചെമ്പേരി |
| 4. ആൻമേരി ആക്കാട്ട് | ഉമ്മറപൊയിൽ | ചെറുപുഴ |
| 5. ഡിയോൺ ജോർജ് ജെയ്സൻ പട്ടമന | കരിക്കോട്ടക്കരി | എടൂർ |
| 6. എഡ്വിൻ വിതയത്തതിൽ | ചായോത്ത് | കാഞ്ഞങ്ങാട് |
| 7. ഹന്ന എസ്സ ടോം ശാശ്ശേരിൽ | അങ്ങാടിക്കടവ് | കുന്നോത്ത് |
| 8. ആൻ തെരേസ മൂത്തേടത്ത് | കാര്യപ്പള്ളി | മേരിഗിരി |
| 9. ആൻഡ്രീസ തോമസ് കാവുകാട്ട് | ഇരിട്ടി | നെല്ലിക്കാംപൊയിൽ |
| 10. എഡ്വിൻ ജോസഫ് കുഴിമുള്ളോരം | ചുണ്ടപ്പറമ്പ് | പൈസക്കരി |
| 11. ആന്റണി തെക്കേമുറിയിൽ | മാനടുക്കം | പനത്തടി |
| 12. ഇവാൻ ജസ്റ്റിൻ കാര്യാങ്കൽ | കോളയാട് | പേരാവൂർ |
| 13. ഏബൽ സെബാസ്റ്റ്യൻ തോട്ടുങ്കൽ | പയ്യന്നൂർ | തളിപ്പറമ്പ് |
| 14. ഹന്ന ജോബി മൂലയിൽ | കണ്ണിവയൽ | തോമാപുരം |
| 15. മാർക്ക് കെ മേവട | കരുവൻചാൽ | വായാട്ടുപറമ്പ് |
| 16. ആൻലിയ സി.ജെ ചിറക്കാട്ട് | പറമ്പ | വെള്ളരിക്കുണ്ട് |

### B. VII-ാം ക്ലാസ്സ് സ്കോളർഷിപ്പ് പരീക്ഷാഫലം

| അതിരൂപതാ റാങ്ക് ലിസ്റ്റ് 2021 - 2022 | | |
|---|---|---|
| 1. സാൻജോ അഭിലാഷ് മുന്തിരിങ്ങാട്ടുകുന്നേൽ | പൂളക്കുറ്റി | ഒന്നാം റാങ്ക് |
| 2. ജോർജ് മാരിപ്പുറത്ത് | തോമാപുരം | രണ്ടാം റാങ്ക് |

| | | |
|---|---|---|
| 3. റിനിൽ ബിജു കരിയിലക്കാവുങ്കൽ | തളിപ്പറമ്പ് | മൂന്നാം റാങ്ക് |
| 3. ഐറിൻ ട്രീസ ജോബി പൈകയിൽ | തോമാപുരം | മൂന്നാം റാങ്ക് |
| **ഫൊറോന റാങ്ക് ലിസ്റ്റ്** | **ഇടവക** | **ഫൊറോന** |
| 1. എലിസബത്ത് നരിമറ്റത്തിൽ | ഒറ്റത്തൈ | ആലക്കോട് |
| 2. ജിസമരിയ കണിവേലിൽ | കോട്ടൂർവയൽ | ചെമ്പന്തൊട്ടി |
| 3. എയിനൻ പാണുച്ചിറ | പൂപ്പറമ്പ് | ചെമ്പേരി |
| 4. ഡാനിയ മേരി പരുന്തുംവീട്ടിൽ | കോഴിച്ചാൽ | ചെറുപുഴ |
| 5. ഇവ ആൻ സെബാസ്റ്റ്യൻ കാരക്കാട്ട് | എടൂർ | എടൂർ |
| 6. റിയ ടെസ്സാ രാജ് വടക്കേമറ്റം | കാഞ്ഞങ്ങാട് | കാഞ്ഞങ്ങാട് |
| 7. നെൽഹ മരിയ ഒറ്റപ്ലാക്കൽ | അങ്ങാടിക്കടവ് | കുന്നോത്ത് |
| 8. റിയ സജി ഇടപ്പാടിയിൽ | പെരിങ്ങാല | മേരിഗിരി |
| 9. ഇമ മരിയ റോസ് ആറ്റുചാലിൽ | പുറവയൽ | നെല്ലിക്കാംപൊയിൽ |
| 10. മരിയ പന്തലാങ്കൽ | പൈസക്കരി | പൈസക്കരി |
| 11. മേരി മോളോപ്പറമ്പിൽ | കള്ളാർ | പനത്തടി |
| 12. സാൻജോ മുന്തിരിങ്ങാട്ടുകുന്നേൽ | പൂളക്കുറ്റി | പേരാവൂർ |
| 13. റിനിൽ ബിജു കരിയിലക്കാവുങ്കൽ | തളിപ്പറമ്പ് | തളിപ്പറമ്പ് |
| 14. ജോർജ്ജ് മാരിപ്പുറത്ത് | തോമാപുരം | തോമാപുരം |
| 15. എയ്ഞ്ചലിൻ പതിപ്പള്ളിൽ | കരുവൻചാൽ | വായാട്ടുപറമ്പ് |
| 16. സെലസ്റ്റീന തയ്യിൽ | ഭീമനടി | വെള്ളരിക്കുണ്ട് |

## 22. ദൈവശാസ്ത്ര കോഴ്സ്

ശാസ്ത്ര സാങ്കേതിക വളർച്ചയുടെ ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് വിശ്വാസത്തിന്റെ ദൈവശാസ്ത്രപരവും ചരിത്രപരവുമായ അറിവ് പകർന്നുകൊടുക്കുവാൻ മതാധ്യാപകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് *Lumen Ecclesiae* ദൈവശാസ്ത്ര കോഴ്സ്. ദൈവശാസ്ത്രം പഠിച്ചിട്ടില്ലാത്ത 60 വയസ്സിൽ താഴെയുള്ള എല്ലാ മതാധ്യാപകരെയും ദൈവശാസ്ത്രപഠനത്തിനായി അയയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ. ഇടയ്ക്ക് വച്ച് മുടങ്ങിപ്പോയവരും നിർബന്ധമായും BTh കോഴ്സ് പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ ജൂൺ ആരംഭം മുതൽ നടത്താവുന്നതാണ്. രജിസ്ട്രേഷൻ ഫോം വെബ്സൈറ്റിൽ (alphathalassery.org) ലഭ്യമാണ്.

## 23. ഡിപ്ലോമ റിസൾട്ട് 2021-22

തലശ്ശേരി അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രം 2021-2022 പ്രവർത്തന വർഷത്തിൽ പന്ത്രണ്ടാം ക്ലാസ്സിലെ കുട്ടികൾക്കായി നടത്തിയ സൺഡേ സ്കൂൾ ഡിപ്ലോമാ പരീക്ഷാഫലം സന്ദേശഭവനിൽവെച്ച് നടത്തിയ മീറ്റിംഗിൽ വച്ച് അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി പിതാവ് പ്രഖ്യാപിച്ചു. 216 സൺഡേ സ്കൂളുകളിൽ 151 സൺഡേസ്കൂളുകൾ നൂറ്

ശതമാനം വിജയം കരസ്ഥമാക്കി. 3514 കുട്ടികൾ പങ്കെടുത്ത ഡിപ്ലോമാ പരീക്ഷയിൽ 3397 കുട്ടികൾ ഡിപ്ലോമയ്ക്കും 117 കുട്ടികൾ കോഴ്സ് സർട്ടിഫിക്കറ്റിനും അർഹരായി.

| അതിരൂപതാ റാങ്ക് ലിസ്റ്റ് 2021 - 2022 | | | |
|---|---|---|---|
| 1. മരിയ കിഴുചിറ | പുന്നക്കുന്ന് | ഒന്നാം റാങ്ക് | 98 |
| 2. അന്ന കോക്കാട്ട് | പേരാവൂർ | രണ്ടാം റാങ്ക് | 97 |
| 3. എലിസബത്ത് വയലിൽ | നീലേശ്വരം | മൂന്നാം റാങ്ക് | 96 |
| **ഫൊറോന റാങ്ക് ലിസ്റ്റ്** | **ഇടവക** | **ഫൊറോന** | |
| 1. തെരേസ പൗവത്ത് | നെല്ലിപ്പാറ | ആലക്കോട് | |
| 2. റോസ് മേരി വെട്ടുക്കല്ലിങ്കൽ | നടുവിൽ | ചെമ്പൻതൊട്ടി | |
| 3. അനീറ്റ മാർട്ടിൻ അപ്രക്കുടിയിൽ | കുടിയാൻമല | ചെമ്പേരി | |
| 4. ആൻഫിലോ മമ്പള്ളിക്കുന്നേൽ | ജോസ്ഗിരി | ചെറുപുഴ | |
| 5. തെരേസ വട്ടുകളത്തിൽ | മാങ്ങോട് | എടൂർ | |
| 6. എലിസബത്ത് വയലിൽ | നീലേശ്വരം | കാഞ്ഞങ്ങാട് | |
| 7. തെരേസ മരിയ പെരേക്കാട്ടിൽ | രാംകടവ് | കുന്നോത്ത് | |
| 8. സാനിയ റോസ് തകിടിയേൽ | പെരിങ്ങാല | മേരിഗിരി | |
| 9. ജോസഫിൻ കളരിക്കൽ | ഉളിക്കൽ | നെല്ലിക്കാംപൊയിൽ | |
| 10. ജ്യോതിസ് കോച്ചേരിക്കുടിയിൽ | വെമ്പുവ | പൈസക്കരി | |
| 11. മരിയ സജി ചിറ്ററയ്ക്കൽ | മേരിപുരം | പനത്തടി | |
| 12. അന്ന കോക്കാട്ട് | പേരാവൂർ | പേരാവൂർ | |
| 13. ഫിലിപ്പ് ആലയ്ക്കൽ | തലശ്ശേരി | തളിപ്പറമ്പ് | |
| 14. ജസ്റ്റിൻ കളപുരയ്ക്കൽ | പാലാവയൽ | തോമാപുരം | |
| 15. മേരി താരാമംഗലത്ത് | കരുണാപുരം | വായാട്ടുപറമ്പ് | |
| 16. മരിയ കിഴുചിറ | പുന്നക്കുന്ന് | വെള്ളരിക്കുണ്ട് | |

## 24. സോൾട്ട് 2022 - ചെമ്പേരി

തലശ്ശേരി അതിരൂപതയിൽ 2021-22 പ്രവർത്തനവർഷത്തിൽ ഡിപ്ലോമ പരീക്ഷ എഴുതിയ കുട്ടികൾക്കായി ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജിൽവച്ച് മെയ് 22 ഞായർ രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണിവരെ **"സോൾട്ട് 2022"** എന്ന പേരിൽ സംഗമം നടത്തി. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് സംഗമം ഉദ്ഘാടനം ചെയ്തു. "ജീവിതവിജയം എങ്ങനെ സ്വന്തമാക്കാം" എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. സാബു കുമ്പുക്കൽ ക്ലാസ്സ് എടുത്തു. ശ്രീ. മോഹൻ ജോർജ് കരിയർ ഗൈഡൻസ് ക്ലാസ്സിന് നേതൃത്വം നൽകി. വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ സ്വാഗതവും വിമൽ ജ്യോതി എഞ്ചിനിയറിംഗ് കോളേജ് അസി. മാനേജർ റവ. ഫാ. സ്കറിയ വടശ്ശേരിൽ നന്ദിയും പറഞ്ഞു.

സംഗമത്തിന്റെ സുഗമമായ നടത്തിപ്പിന് വേണ്ട എല്ലാ ക്രമീകരണങ്ങളും ചെയ്തു നൽകിയ വിമൽ ജ്യോതി എഞ്ചിനിയറിംഗ് കോളേജ് മാനേജർ റവ. ഫാ. ജെയിംസ് ചെല്ലംകോട്ട്, അസി. മാനേജർ റവ. ഫാ. സ്കറിയ വടശ്ശേരിൽ, അഡ്മിനിസ്ട്രേറ്റർമാരായ റവ. ഫാ. ജോസഫ് റാത്തപ്പള്ളിൽ, റവ. ഫാ. സെബാസ്റ്റ്യൻ തെക്കേടത്ത്, റവ. ഫാ. ജോസഫ് ഏഴുപറയിൽ, വിശ്വാസപരിശീലനകേന്ദ്രം അസി. ഡയറക്ടർ റവ. ഫാ. ജോസഫ് വടക്കേപ്പറമ്പിൽ എന്നിവർക്ക് വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ഹൃദ്യമായ നന്ദി. സംഗമത്തിനായി കുട്ടികളെ ചെമ്പേരിയിലെത്തിച്ച എല്ലാ വൈദികർക്കും വിശ്വാസപരിശീലകർക്കും വാഹനം നൽകിയവർക്കും ഡ്രൈവർമാർക്കും സ്നേഹപൂർവ്വം നന്ദി. പേരാവൂർ, എടൂർ, കുന്നോത്ത്, നെല്ലിക്കാംപൊയിൽ, പൈസക്കരി, ചെമ്പേരി, ചെമ്പന്തൊട്ടി, വായാട്ടുപറമ്പ്, തളിപ്പറമ്പ്, ആലക്കോട്, മേരിഗിരി എന്നീ ഫൊറോനകളിൽ നിന്നായി 1800 കുട്ടികൾ സംഗമത്തിൽ പങ്കെടുത്തു.

## 25. സോൾട്ട് 2022 – മാലോം

ചെറുപുഴ, തോമാപുരം, വെള്ളരിക്കുണ്ട്, കാഞ്ഞങ്ങാട്, പനത്തടി എന്നീ ഫൊറോനകളിൽ നിന്നും 2021–2022 പ്രവർത്തനവർഷത്തിൽ +2 പാസ്സായ കുട്ടികൾക്കായി മാലോം സെന്റ് ജോർജ് പാരിഷ് ഹാളിൽ വച്ച് സംഗമം നടത്തുന്നു. സംഗമത്തിനൊരുക്കമായ മീറ്റിംഗ് മെയ് 26 വ്യാഴാഴ്ച ബഹു. ജോസഫ് വാരണത്തച്ചന്റെ അദ്ധ്യക്ഷതയിൽ മാലോത്ത് വച്ച് നടത്തി.

## 26. ഓർമ്മിക്കേണ്ട തീയതികൾ

2021–2022 അധ്യയനവർഷത്തിലെ പ്രധാനപ്പെട്ട തീയതികൾ. **ഓണപരീക്ഷ:** സെപ്റ്റംബർ 11, **ക്രിസ്മസ് പരീക്ഷ**: ഡിസംബർ 11, **ഡിപ്ലോമ പരീക്ഷ:** ജനുവരി 26, **വിശ്വാസോത്സവം:** മാർച്ച് 26–30, **ഈസ്റ്റർ പരീക്ഷ:** ഏപ്രിൽ 01, **മതാധ്യാപക ദിനം:** നവംബർ 06.

2022–2023 അധ്യയനവർഷം ദൈവാനുഗ്രപ്രദമായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹത്തോടെ,

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## ലോഗോസ് ക്വിസ് - അതിരൂപതാതല വിജയികൾ

**ജൂനിയർ വിഭാഗം**

ഒന്നാം റാങ്ക് - ജെറാർദ് ചിറ്റടിയിൽ, ചന്ദനക്കാംപാറ
രണ്ടാം റാങ്ക് - ജോസഫ് മൈലാടൂർ, വള്ളിക്കടവ്

**സീനിയർ വിഭാഗം**

ഒന്നാം റാങ്ക് - ബിൽസി നോബിൻ നരിപ്പാറയിൽ, കാസർഗോഡ്
രണ്ടാം റാങ്ക് - അന്ന ഇ.എം ഇടപ്പാട്ട്, മേലെചൊവ്വ
മൂന്നാം റാങ്ക് - മോളി മാത്യു കാരക്കടയിൽ, ജയഗിരി

തലശ്ശേരി അതിരൂപതാ ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി വിജയികൾക്കുള്ള ക്യാഷ് അവാർഡും സർട്ടിഫിക്കറ്റുകളും 2022 മെയ് 4-ാം തീയതി, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നടന്ന സമ്മേളനത്തിൽ വിതരണം ചെയ്തു.

## സെമസ്റ്റർ പരീക്ഷകൾ

ഈ സെമസ്റ്ററിലെ പരീക്ഷകൾ മെയ് 15 മുതൽ ജൂൺ 15 വരെ നടത്തപ്പെടുന്നു. ഈ വർഷത്തെ റഗുലർ പരീക്ഷകൾ രണ്ടു രീതിയിൽ നടത്തപ്പെടുന്നതാണ്: 1. എഴുത്തു പരീക്ഷ, 2. ഓൺലൈൻ MCQ (Multiple Choice Questions).

## തിയോളജി കോഴ്സുകളിലേക്കുള്ള രജിസ്ട്രേഷൻ

2022 വർഷത്തെ തിയോളജി പഠനപ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷൻ മെയ് 15 മുതൽ ആരംഭിച്ചു.

**തിയോളജി കോഴ്സുകൾ**

1. Diploma in Theology (6 Months)
2. Bachelors Degree in Theology (3 Years)
3. Masters Degree in Theology (2 Years)

**പ്രത്യേകതകൾ**

- പഠിതാക്കൾക്ക് നിലവിലുള്ള പ്രവർത്തനങ്ങൾക്കും ജോലിക്കും ഒപ്പം പഠിക്കാവുന്ന രീതിയിലാണ് കോഴ്സുകൾ ക്രമീകരിച്ചിരിക്കുന്നത്.
- ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈവശാസ്ത്രകോഴ്സുകൾ ഇംഗ്ലീഷ്/ മലയാളം ഭാഷകളിൽ പഠിക്കാവുന്നതാണ്.

- രജിസ്റ്റർ ചെയ്യുന്ന മുഴുവൻ പഠിതാക്കൾക്കും ഇംഗ്ലീഷ്/ മലയാളം ഭാഷകളിൽ എല്ലാവിഷയങ്ങളുടെയും Printed Text Books ലഭിക്കുന്നതാണ്.
- ക്ലാസ്സുകൾ ഓൺലൈനായി നടത്തുന്നു. സാധാരണ ക്ലാസ്സുകളിലേതു പോലെതന്നെ വിദ്യാർത്ഥികൾക്ക് സംവദിക്കാനും സംശയനിവാരണം നടത്താനും കഴിയുന്ന തരത്തിൽ Zoom or Google Meet Platform കളിലാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്.
- തിയോളജി ക്ലാസ്സുകൾ അതതു വിഷയങ്ങളിൽ ഏറ്റവും പ്രഗത്ഭരായ ദൈവശാസ്ത്ര പണ്ഡിതർ നയിക്കുന്നതാണ്.

പ്രവേശനമാഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റ് വഴി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. **Website: www.alphathalassery.org.** കൂടുതൽ വിവരങ്ങൾക്ക്: Email - alphits @gmail.com, Ph: 9745363277, 8086312826.

## 2022 – 23 അദ്ധ്യയനവർഷ ഉദ്ഘാടനം

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2022 – 23 അദ്ധ്യയനവർഷം ജൂലൈ 3–ാം തീയ്യതി ഉദ്ഘാടനം ചെയ്യുകയും തുടർന്ന് ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്യുന്നതാണ്.

## തിയോളജി പഠന പുസ്തകങ്ങളുടെ വിതരണം

തിയോളജി കോഴ്സിന്റെ വരുന്ന സെമസ്റ്ററിലെ പാഠപുസ്തകങ്ങൾ ജൂൺ മാസത്തിൽ അതാതു സ്റ്റഡിസെന്ററുകളിലും മതാദ്ധ്യാപകർക്ക് ഫൊറോനാ കേന്ദ്രങ്ങളിലും എത്തിച്ചു നൽകുന്നതാണ്. ക്ലാസുകൾ ആരംഭിക്കുന്നതിനു മുമ്പായി എല്ലാ വിദ്യാർത്ഥികളും പുസ്തകങ്ങൾ കൈപ്പറ്റുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## സ്കൂൾ വേദപാഠ പുസ്തകങ്ങൾ

ഒന്നു മുതൽ പത്തു വരെ ക്ലാസ്സുകളിൽ സ്കൂളുകളിൽ പഠിപ്പിക്കുന്നതിനായി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയ വേദപാഠ പുസ്തകങ്ങൾ വിതരണത്തിന് തയ്യാറായിട്ടുണ്ട്. ഓർഡർ തന്നിരിക്കുന്നതിനനുസരിച്ച് പുസ്തകങ്ങൾ ആൽഫായുടെ ഓഫീസിൽ നിന്നു കൈപ്പറ്റാൻ ശ്രദ്ധിക്കുമല്ലോ.

## സബ്സിഡി ബൈബിൾ ലഭ്യമാണ്

ഓരോ ഇടവകയിലും വിതരണം ചെയ്യാനുള്ള സബ്സിഡി ബൈബിൾ ഓഫീസിൽ ലഭ്യമാണ്. അച്ചടി സാധനങ്ങളുടെ ഭീമമായ വിലവർദ്ധനവ് കാരണം സബ്സിഡി ബൈബിളുകളുടെ വിലയിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 10 ബൈബിളാണ് ഓരോ ഇടവകയ്ക്കും സബ്സിഡി നിരക്കിൽ നൽകുന്നത്. സബ്സിഡി നിരക്കിൽ 185 രൂപയും സബ്സിഡി ഇല്ലാതെ 220 രൂപയുമാണ് ബൈബിളിന്റെ പുതുക്കിയ വില.

## ബിരുദദാന ചടങ്ങ് സെപ്റ്റംബർ മാസത്തോടെ...

ഈ വർഷം ബിരുദ - ബിരുദാനന്തര കോഴ്സുകൾ പൂർത്താക്കിയ വിദ്യാർത്ഥികളുടെ ബിരുദ ദാന ചടങ്ങ് സെപ്റ്റംബർ മാസത്തിൽ നടത്തുന്നതായിരിക്കും.

## സെമസ്റ്റർ പരീക്ഷകൾ - ല്യൂമെൻ എക്ലേസിയാ പരീക്ഷകൾ

തലശ്ശേരി അതിരൂപതയിലെ വിശ്വാസ പരിശീലകർക്കായി നടത്തുന്ന ദൈവശാസ്ത്ര പഠന പ്രോഗ്രാമായ ല്യൂമെൻ എക്ലേസിയാ രണ്ടാം സെമസ്റ്ററിലെ പരീക്ഷകൾ മെയ് 18 മുതൽ സർവ്വേ ഹാർട്ട് എന്ന ആപ്ലിക്കേഷൻ വഴി ആരംഭിച്ചു. തന്നിരിക്കുന്ന തീയ്യതികളിൽ രാത്രി 8.30 മണിക്കാണ് പരീക്ഷ ആരംഭിക്കുന്നത്. 30 മിനിട്ട് ആയിരിക്കും പരീക്ഷാ സമയം. പരീക്ഷാ സമയത്തിനു ശേഷം ഉത്തരങ്ങൾ ചെയ്യാൻ സാധിക്കുന്നതല്ല. സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടാകുന്നവർ ഓഫീസിൽ ബന്ധപ്പെട്ട് വിവരം അറിയിക്കേണ്ടതാണ്.

സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം - ജൂൺ 4
പഞ്ചഗ്രന്ഥത്തിന്റെ ദൈവശാസ്ത്രം - ജൂൺ 11

## തീസിസ് സമർപ്പണം

അവസാനവർഷ ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾ ജൂൺ 15 നു മുമ്പായി തീസിസ് ആൽഫാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ബിരുദ വിദ്യാർത്ഥികൾ 50 മുതൽ 70 വരെ പേജുകളും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ 60 മുതൽ 80 പേജുകൾ വരെയുള്ള പ്രബന്ധമാണ് തയ്യാറാക്കേണ്ടത്.

ബിരുദ വിദ്യാർത്ഥികൾ ബൈൻഡ് ചെയ്ത ഒരു കോപ്പിയും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ ബൈൻഡ് ചെയ്ത 2 കോപ്പികളും (ടൈപ്പ് ചെയ്തതായിരിക്കണം) സമർപ്പിക്കണം. കൃത്യസമയത്തിനുള്ളിൽ തീസിസ് സമർപ്പിക്കാത്ത വിദ്യാർത്ഥികൾക്ക് ഈ വർഷത്തെ കോൺവൊക്കേഷനിൽ പങ്കെടുക്കാൻ സാധിക്കുന്നതല്ല.

സ്നേഹപൂർവ്വം,

**ഫാ. ഫിലിപ്പ് കവിയിൽ**
ഡയറക്ടർ,
ബൈബിൾ അപ്പൊസ്റ്റൊലേറ്റ്

**ഫാ. ടോം ഓലിക്കരോട്ട്**
എക്സിക്യൂട്ടീവ് ഡയറക്ടർ,
ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

# ചെറുപുഷ്പ മിഷൻലീഗ്



സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

ഭാരതമേ നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ എന്ന ലെയോ 13-ാം മാർപാപ്പയുടെ വാക്കുകൾക്ക് വിശുദ്ധിയുടെ പ്രകാശം പകരാൻ പുതിയ അധ്യയന വർഷത്തിലേക്ക് പ്രവേശിക്കുവാൻ ഒരുങ്ങുമ്പോൾ **"ജൂബിലി നിറവിൽ മുന്നേറാം പ്രേഷിതരായ്"** എന്ന 2022 - 2023 വർഷത്തെ ആപ്ത വാക്യത്തെ ഹൃദയത്തോട് ചേർത്ത് തീക്ഷ്ണതയോടെ പ്രവർത്തനമേഖല കളിൽ നമുക്ക് പ്രേഷിതരാകാം... 2021 -2022 വർഷത്തിൽ നമുക്ക് ലഭിച്ച നന്മകളെ അനുസ്മരിച്ച് ദൈവത്തിന് നന്ദിപറയുന്നതോടൊപ്പം വരും നാളു കളിൽ നമുക്ക് വന്നുപോയ എല്ലാ കുറവുകളെയും നികത്തി സ്നേഹ ത്തോടെ ശുശ്രൂഷചെയ്യാൻ, ത്യാഗത്തോടെ പ്രവർത്തിക്കാൻ, സേവനങ്ങളെ ബലപ്പെടുത്താൻ, സഹനവഴികളെ രക്ഷാകരമാക്കി വിശുദ്ധിയിൽ ജീവി ക്കാൻ നമുക്ക് പരിശ്രമിക്കാം. നിരന്തരം നമ്മുടെ കൂടെ വസിക്കുന്ന കരു ണാർദ്ര സ്നേഹത്തിന്റെ തണൽമരമായ ഈശോയുടെ തിരുഹൃദയത്തെ നാം വണങ്ങുന്ന ഈ മാസം ലോകംമുഴുവനും ഉള്ള എല്ലാ കുടുംബങ്ങ ളെയും, മിഷനറിമാരെയും അവിടുത്തെ കരുണയിലും സ്നേഹാഗ്നിയിലും അഭിഷേകം ചെയ്ത് മഹത്വപൂർണ്ണമാക്കണമേ എന്ന് പ്രാർത്ഥിക്കാം. ഈ പുതുവർഷത്തിൽ പുത്തൻ ഉണർവോടെ പ്രവർത്തിക്കുവാൻ സർവ്വശക്ത നായ ദൈവം നമ്മെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ.

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | പന്തക്കുസ്താതിരുനാൾ, ഈശോയുടെ തിരുഹൃദയതിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : | വി. പത്രോസ്, വി. പൗലോസ് |
| പ്രാർത്ഥനാനിയോഗം | : | നവാഗതരായ വിദ്യാർത്ഥികൾക്കു വേണ്ടി |
| സുകൃതംജപം | : | ഈശോയുടെ തിരുഹൃദയമേ അവിടു ത്തെ തിരുരക്തത്താൽ എന്നെ കഴുകി വിശുദ്ധീകരിക്കണമേ. |

## 1. ശാഖകൾ ശ്രദ്ധിക്കാൻ

04 ശനി : അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനവും, മാർഗ്ഗ രേഖ പ്രകാശനവും

05 ഞായർ : ശാഖാതല പ്രവർത്തന വർഷ ഉദ്ഘാടനം, പന്തക്കുസ്താ തിരുനാൾ, ലോക പരിസ്ഥിതിദിനാചരണം

08 ബുധൻ : വി. മറിയംത്രേസ്യായുടെ തിരുനാൾ
12 ഞായർ : പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ
13 തിങ്കൾ : പാദുവായിലെ വി. അന്തോണീസിന്റെ തിരുനാൾ
16 വ്യാഴം : പരി. കുർബാനയുടെ തിരുനാൾ
19 ഞായർ : പിതൃദിനം
23 വ്യാഴം : മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ ജന്മദിനം
24 വെള്ളി : ഈശോയുടെ തിരുഹൃദയതിരുനാൾ
25 ശനി : മാതാവിന്റെ വിമലഹൃദയതിരുനാൾ
29 ബുധൻ : വി. പത്രോസ്, വി. പൗലോസ് ശ്ലീഹൻമാരുടെ തിരുനാൾ

**2. മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, പ്രവർത്തനവർഷ ഉദ്ഘാടനം, പ്രവർത്തന മാർഗ്ഗരേഖ, ബഡ്ജറ്റ് അവതരിപ്പിക്കുക. ശാഖാ – മേഖലാ വാർഷിക റിപ്പോർട്ട് ജൂൺ 20 ന് അതിരൂപതയിൽ എത്തിക്കുക.

## 3. ശാഖാ – മേഖല വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

2021–22 പ്രവർത്തനവർഷത്തെ ശാഖാ വാർഷിക റിപ്പോർട്ടിന്റെ 2 കോപ്പി ജൂൺ 10 ന് അവരവരുടെ മേഖലകളിൽ എത്തിക്കണമെന്നും മേഖലാ ടീം അവരുടെ നേതൃത്വത്തിൽ മേഖലകളുടെ കീഴിലുള്ള എല്ലാ ശാഖകളുടെയും വാർഷിക റിപ്പോർട്ടിന്റെ ഒറിജിനൽ കോപ്പി ജൂൺ 20 ന് അതിരൂപതയിൽ എത്തിക്കുകയും ചെയ്യുമല്ലോ. ഒരു ശാഖയും നേരിട്ട് വാർഷിക റിപ്പോർട്ടിന്റെ കോപ്പി അതിരൂപതയിലേയ്ക്ക് അയയ്ക്കേണ്ടതില്ല. വാർഷിക റിപ്പോർട്ടിന്റെ കോപ്പി മേഖലയ്ക്ക് കൊടുക്കുമ്പോൾ ശാഖാ ഡയറക്ടർ, പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേര്, ഒപ്പ് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. സീൽ ചെയ്യാൻ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് സീൽ വയ്ക്കണം എന്ന കാര്യം കൂടി ഓർമ്മിപ്പിക്കട്ടെ.

## 4. മേഖല എക്സിക്യൂട്ടീവിന്റെ ശ്രദ്ധയ്ക്ക്

2021– 22 വർഷത്തെ പ്രവർത്തനങ്ങളുടെ ശാഖാ വാർഷിക റിപ്പോർട്ടിന്റെ കോപ്പി ഒരു ശാഖയിൽ നിന്നും രണ്ടെണ്ണം വീതം മേഖലകളിൽ വാങ്ങുകയും മേഖലകളുടെ ഉത്തരവാദിത്വത്തിൽ റിപ്പോർട്ടിന്റെ ഒറിജിനൽ കോപ്പി ജൂൺ 20 ന് അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതുമാണ്. അതോടൊപ്പം മേഖലാ എക്സിക്യൂട്ടീവ് ശാഖകളുടെ 2021–22 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നൽകിയ ശാഖകളുടെ പേരുകൾ കൂടി ജൂൺ 20 ന് അതിരൂപതയിൽ നൽകേണ്ടതാണ്. റിപ്പോർട്ട് വാങ്ങിക്കുമ്പോൾ അവസാന പേജിൽ ചോദിച്ചിരിക്കുന്ന ഡയറക്ടർ പേര് ഒപ്പ്, പ്രസിഡന്റ് പേര് ഒപ്പ്, സെക്രട്ടറി പേര് ഒപ്പ്, തീയതി, സ്ഥലം, സീൽ എന്നിവ കൃത്യമായി എഴുതിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയ ശേഷം കൈപ്പറ്റുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 5. ശാഖാ ഇലക്ഷൻ

ചെറുപുഷ്പ മിഷൻലീഗിന്റെ 2022 - 2023 വർഷത്തേക്കുള്ള ശാഖാ ജൂനിയർ - സീനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് വിശ്വാസോത്സവ ത്തോടനുബന്ധിച്ച് നടത്തി എന്ന് കരുതുന്നു. തിരഞ്ഞെടുപ്പ് നടത്തിയവർ ലിസ്റ്റ് പ്രവർത്തനവർഷ ഉദ്ഘാടനത്തിന് വരുമ്പോൾ കൊണ്ടുവരുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഇനിയും ഏതെങ്കിലും ശാഖകൾക്ക് നടത്താൻ സാധിച്ചിട്ടില്ല എങ്കിൽ ജൂൺ ആദ്യത്തെയോ, രണ്ടാമത്തെയോ ആഴ്ചയിൽ തന്നെ നടത്തി അതിരൂപതയിൽ നിന്ന് നൽകിയിരിക്കുന്ന ഭാരവാഹിക ളുടെ ഫോമിൽ കൃത്യമായി എഴുതി ജൂൺ 20 ന് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ.

## 6. ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തനവർഷ ഉദ്ഘാടനവും വൈസ്ഡ യറക്ടേഴ്സ് മീറ്റിംഗും

ചെറുപുഷ്പ മിഷൻലീഗ് 2022 - 2023 പ്രവർത്തന വർഷ ഉത്ഘാട നവും വൈസ്ഡയറക്ടേഴ്സ് മീറ്റിംഗും തളിപ്പറമ്പ് സെന്റ്മേരീസ് ഓഡി റ്റോറിയത്തിൽ വച്ച് ജൂൺ 4 ശനിയാഴ്ച രാവിലെ 9.15 ന് വി.കുർബാന യോടുകൂടി ആരംഭിക്കും. തുടർന്ന് 10.15 ന് നടക്കുന്ന പ്രവർത്തനവർഷ ഉദ്ഘാടനം അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവഹിക്കും. അതോടൊപ്പം മിഷൻലീഗ് - തിരുബാല സഖ്യം മാർഗ്ഗരേഖാ പ്രകാശനവും ഉണ്ടായിരിക്കും. എല്ലാ വൈസ് ഡയറ ക്ടേഴ്സും, മേഖലാ പ്രസിഡന്റ് അല്ലെങ്കിൽ സെക്രട്ടറി എന്നിവരും ഈ മീറ്റിംഗിൽ പങ്കെടുക്കുവാൻ കൃത്യസമയത്തുതന്നെ എത്തിച്ചേരുമല്ലോ. സംഘടന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങു വാനും; കുടിശ്ശിക അടക്കാനുള്ളവർക്ക് അടക്കാനുള്ള സൗകര്യവും അന്നേ ദിവസം ഉണ്ടായിരിക്കുന്നതാണ്.

## 7.ശാഖാതല പ്രവർത്തനവർഷ ഉദ്ഘാടനം

ഈ വർഷത്തെ ശാഖാതല പ്രവർത്തന വർഷ ഉദ്ഘാടനം അതിരൂപ താതലത്തിൽ ജൂൺ 5 ഞായറാഴ്ച പൈസക്കരി ശാഖയിൽ വച്ച് നടക്കും. അന്നേദിവസം പ്രവർത്തന വർഷ ഉദ്ഘാടനം നടത്തി. ശാഖാ ഭാരവാഹിക ളുടെ നേതൃത്വത്തിൽ ശാഖാതല പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ഭാര വാഹികൾ ശ്രദ്ധിക്കുമല്ലോ.

## 8. സമർപ്പണ ഫണ്ട്

പാവപ്പെട്ട കുട്ടികളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സമർപ്പണ ഫണ്ട് ലഭിക്കുന്നതിന് അർഹമായ അപേക്ഷകൾ ജൂൺ 30 ന് മുമ്പ് വികാരിയച്ചന്റെ കത്തോടുകൂടി ഓഫീസിൽ എത്തിക്കുമല്ലോ. സമർപ്പ ണഫണ്ട് രൂപതയിൽ അടയ്ക്കാത്ത ശാഖകളിൽ നിന്നുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല.

## 9. ഉപരിപഠന സ്കോളർഷിപ്പ്

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 10-ാം ക്ലാസ്സ് കഴിഞ്ഞ മിഷൻലീഗ് സജീവ അംഗങ്ങൾക്ക് നൽകി വരുന്ന രജതജൂബിലി ഉപരിപഠന സ്കോളർഷിപ്പിന് അർഹമായ അപേക്ഷകൾ ജൂൺ 30 ന് മുമ്പ് വികാരിയച്ചന്റെ സാക്ഷ്യപത്രം, അംഗത്വകാർഡിന്റെ കോപ്പി എന്നിവയോടൊപ്പം ഓഫീസിൽ എത്തിക്കുമല്ലോ.

## 10. അംഗത്വസ്വീകരണം

ദുക്റാന തിരുനാളിനോടനുബന്ധിച്ച് ജൂലൈ 3 നോ തൊട്ടടുത്ത ഞായറാഴ്ചയോ ഈ വർഷത്തെ അംഗത്വ സ്വീകരണം നടത്തി ജൂലൈ 30 നുള്ളിൽ കഴിഞ്ഞവർഷത്തേതിന്റെ തുടർച്ചയായ നമ്പറിട്ട് അംഗത്വ ലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ.

## 11. ഹൃദയം നിറഞ്ഞനന്ദി

വ്യത്യസ്ഥങ്ങളായ ആശയങ്ങളും പ്രവർത്തന ശൈലിയും കൊണ്ട് വിവിധ ഫൊറോനകളിൽ മിഷൻലീഗ് മേഖലാ ഡയറക്ടർ വൈസ് ഡയറക്ടർ എന്നീ നിലകളിൽ തങ്ങളെ ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ കൃത്യനിഷ്ഠതയോടും, ആത്മാർത്ഥതയോടും, തീക്ഷ്ണതയോടും, സേവന സന്നദ്ധതയോടും  കൂടി പൂർത്തിയാക്കി പുതിയ ഇടവകകളിലേക്ക് സ്ഥലംമാറിപ്പോകുന്ന ഫാ. ലിബിൻ ഏഴുപറയിൽ, ഫാ. ആന്റണി ചാണക്കാട്ടിൽ, സി. ലീന എഫ് സി സി, സി. റാണി ടോം എസ്. എം. എസ്, സി.ടെർസിറ്റ എൻ. എസ്, സി. ക്രിസ്റ്റീന എസ്.എ. ബി. എസ് എന്നിവർക്ക് അതിരൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനാശംസകളും...

## 12. ശ്രീ ജയ്സൺ മർക്കോസ് പ്രേഷിത അവർഡ്

ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ ഭാരവാഹിയായിരിക്കേ ആകസ്മികമായി മരണമടഞ്ഞ  ശ്രീ ജയ്സൺ മർക്കോസ് പാലയൂർപൂവ്വത്തിങ്കൽ സാറിന്റെ സ്മരണാർത്ഥം ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുന്ന മേഖലാ പ്രസിഡന്റുമാർക്ക് ഏർപ്പെടുത്തിയിരിക്കുന്ന പ്രേഷിത അവാർഡിന് ശ്രീ ഷിജോ പുതുപ്പറമ്പിൽ അർഹനായി. സാറിന് അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ...

## 13. അതിരൂപതാ കൗൺസിൽ വാർഷികം

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപതാ 62-ാം കൗൺസിലും വാർഷകവും പ്രേഷിതറാലിയും മെയ് 9-ാം തിയതി  തിങ്കളാഴ്ച്ച ചെറുപുഴ സെന്റ് മേരീസ് സ്കൂൾ ഓഡിറ്റാറിയത്തിൽ വച്ച് നടന്നു.  കൗൺസിൽ സമ്മേളനം തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ്  ശ്രീ സുനിൽ കല്ലിടുക്കിൽ അധ്യക്ഷത വഹിച്ചു. 2020 -2021 വർഷത്തെ പ്രവർത്തനറി

പ്പോർട്ടും കണക്കും അവതരിപ്പിച്ചു. സംസ്ഥാന പ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരി മുഖ്യപ്രഭാഷണം നടത്തി. അന്തർദേശീയ വൈസ്ഡയറക്ടർ ഫാ. ആന്റണി തെക്കേമുറി, ചെറുപുഴ മേഖലാ ഡയറക്ടർ ഫാ. ജോസഫ് എഴു പറയിൽ, ചെറുപുഴ മേഖലാ പ്രസിഡന്റ് ജോമറ്റ് വലിയപുരയ്ക്കൽ, ചെറു പുഴ മേഖലാ വൈസ് ഡയറക്ടർ സി. റാണി ടോം, ചെറുപുഴ മേഖലാ ജൂനിയർ പ്രസിഡന്റ് മാർട്ടിൻ കണിയാംകുന്നേൽ, ചെറുപുഴ സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ ജോണി കൈപ്പള്ളിപ്പാറയിൽ എന്നിവർ ആശം സകളർപ്പിച്ച് സംസാരിച്ചു. ചെറപുഴ ശാഖയിലെ മരിയ കൂട്ടിയാനി സംഗീതം ആലപിച്ചു.

ഉച്ചഭക്ഷണത്തെത്തുടർന്ന് നടന്ന വാർഷികാഘോഷം അഭിവന്ദ്യ മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു. മാർ ജോർജ് വലിയ മറ്റം പൗരോഹിത്യ സുവർണ്ണജൂബിലി സ്മാരക പ്രേഷിത അവാർഡ് ജേതാവ് ശ്രീ സ്റ്റീഫൻ മാങ്കുഴയിൽ, ശ്രീ ജെയ്സൺ മർക്കോസ് പ്രേഷിത അവാർഡ് ജേതാവ് ശ്രീ ഷിജോ പുതുപ്പറമ്പിൽ, സുവർണ്ണ ജൂബിലി ആഘോഷിച്ച ഫാ. അബ്രാഹം പോണാട്ട് എന്നിവരെ അഭിവന്ദ്യ മാർ ജോർജ്ജ് ഞറളക്കാട്ട് ആദരിച്ചു. 2020 – 21 പ്രവർത്തന വർഷത്തെബെസ്റ്റ് ശാഖാ – മേഖലാ അവാർഡ് ദാനം, വിവിധ മത്സരങ്ങളുടെ സമ്മാനദാനം എന്നിവ അഭിവന്ദ്യ പിതാവ് നിർവഹിച്ചു. സംസ്ഥാന സെക്രട്ടറി ശ്രീ ജിന്റോ തകിടിയേൽ മുഖ്യപ്രഭാഷണം നടത്തി. ചെറുപുഴ ഫൊറോന ഫാ. ജോസ് വെട്ടിക്കൽ, ആശംസകളർപ്പിച്ച് സംസാരിച്ചു. ചെറുപുഴ, മുളപ്ര എന്നീ ശാഖ കളിലെ കുട്ടികളുടെ രംഗപൂജകളോടെ ആരംഭിച്ച കൗൺസിൽ വാർഷിക സമ്മേളനത്തിൽ വിമലശ്ശേരി ശാഖയിലെ കുട്ടികളുടെ രംഗപൂജകളോടെ ആരംഭിച്ച വാഷിക സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സ്വാഗതവും അതിരൂപതാ ജനറൽ ഓർഗനൈ സർ ശ്രീ സുനിൽ ചെന്നിക്കര, അതിരൂപതാ സെക്രട്ടറി ശ്രീ ജെയ്സൺ പുളിച്ചമാക്കൽ എന്നിവർ നന്ദിയും പറഞ്ഞു. തുടർന്ന് ചെണ്ടമേളങ്ങളു ടെയും ബാന്റ് മേളങ്ങളുടെയും അകമ്പടിയോടെ ചെമ്മഞ്ഞകൊടികളും കൈകളിലേന്തി പ്രാർത്ഥനാ മന്ത്രങ്ങളും മുദ്രാവാക്യങ്ങളും മുഴക്കിക്കൊണ്ട് മനോഹരമായ ഡിസ്പ്ലേകളും, പ്ലോട്ടുകളുമായി ചെറുപുഴ ടൗണിലേക്ക് നട ത്തിയ പ്രേഷിത റാലിയിൽ 2000 ത്തോളം കുട്ടികളും മുതിർന്നവരും പങ്കെ ടുത്തു. അതിരൂപതാ കൗൺസിൽ – വാർഷിക സമ്മേളനങ്ങളുടെയും പ്രേഷി തറാലിയുടെയും വിജയത്തിനായി രാപകൽ അദ്ധ്വാനിച്ച ചെറുപുഴ ഫൊറോന വികാരി ബഹുമാനപ്പെട്ട ജോസഫ് വെട്ടിക്കലച്ചനും, കൊച്ചൻ ഫാ. ജോൺസൺ പടഞ്ഞാറയിൽ അച്ചനും, മേഖല ഡയറക്ടർ ലിബിൻ എഴുപറയിൽ അച്ചനും മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും, മതാധ്യാ പകർക്കും, ഇടവകാ സമൂഹത്തിനും അതിരൂപതാ കുടുംബത്തിന്റെ അകൈ തവമായ നന്ദി.

## 14. ഉണ്ണീശോയ്ക്ക് ഒരു കട്ടിൽ

ഉണ്ണീശോയ്ക്ക് ഒരു കട്ടിൽ എന്ന പദ്ധതി പ്രകാരം വിവിധശാഖകളിൽ നിന്നും മേഖലകളിൽ നിന്നുമായി ലഭിച്ച തുക ഛാന്ദാ രൂപതയിലെ കസൻസൂർ ഇടവകയിൽ ബോർഡിംങ്ങിൽ താമസിക്കുന്ന കുട്ടികകൾക്ക് കട്ടിൽ വാങ്ങുവാനായി നൽകി. പാവപ്പെട്ട കുട്ടികളെ സഹായിക്കാൻ നല്ല മനസ് കാണിച്ച എല്ലാ ശാഖാ – മേഖലാ ഡയറക്ടേഴ്സ്, വൈസ് ഡയറക്ടേഴ്സ്, കുഞ്ഞുമിഷനറിമാർ എല്ലാവർക്കും ഹൃദയപൂർവം നന്ദി.

## 15. ശാഖാ സന്ദർശനങ്ങൾ

മാട്ടറ. ഇരിട്ടി, പരപ്പ, വെളിമാനം, പടിയൂർ, പച്ചാണി, ആനറ, വാണിയപ്പാറ, രണ്ടാംകടവ്, അങ്ങാടിക്കടവ്, ആനപ്പന്തി, ശ്രീകണ്ഠാപുരം, കൊട്ടൂർ, കോട്ടൂർവയൽ, പുറവയൽ, പെരിങ്കരി, കുന്നോത്ത്, മാടത്തിൽ, എടക്കാനം, കച്ചേരിക്കടവ്, കിളിയന്തറ, മേരിഗിരി, രയറോം, ശാന്തിനഗർ, കാലാങ്കി, കാഞ്ഞിരക്കൊല്ലി, വിളക്കന്നൂർ, നെല്ലിക്കാംപൊയിൽ വിളമന, നെടുവാലൂർ, മുണ്ടാനൂർ, മട്ടന്നൂർ, ഓടംതോട്, മണിപ്പാറ,രാജഗിരി, കോഴിച്ചാൽ, പാടിച്ചാൽ, കോലുവള്ളി എന്നീ ശാഖകൾ അതിരൂപതാ ഭാരവാഹികൾ സന്ദർശിച്ചു.

## 16. മേഖലാ സന്ദർശനങ്ങൾ

05.05.2022 ന് പനത്തടി, കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട്, തോമാപുരം. 12.05.22 ന് ചെറുപുഴ, മേരിഗിരി, ആലക്കോട്, വായാട്ടുപറമ്പ്. 13.05.2022 ന് തളിപ്പറമ്പ്, പൈസക്കരി, ചെമ്പേരി, ചെമ്പന്തൊട്ടി. 15.05.2022 ന് കുന്നോത്ത്, നെല്ലിക്കാംപൊയിൽ, പേരാവൂർ,എടൂർ എന്നീ മേഖലകൾ അതിരൂപതാ ടീം സന്ദർശിച്ചു.

## 17. എയ്ഞ്ചൽസ് മീറ്റ്

ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ മേഖലാതല സംഗമമായ എയ്ഞ്ചൽമീറ്റ് 15.05.2022 ന് പേരാവൂർ മേഖലയിലും, 16.05 2022ന് ചെമ്പേരി മേഖലയിലും, 28.05.2022 ന് തളിപ്പറമ്പ് മേഖലയിലും നടന്നു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവും, ബഹുമാനപ്പെട്ട ജോജി കാക്കരമറ്റം അച്ചനും ഫാ. ജേക്കബ് വെണ്ണായപ്പിള്ളി അച്ചനും എയ്ഞ്ചൽസ് മീറ്റിൽ പങ്കെടുത്ത് സന്ദേശം നൽകുകയും സി.എം. എൽ ബാഡ്ജ്, മാനുവൽ ബുക്ക്, പ്രാർത്ഥനാപുസ്തകം എന്നിവ നൽകി മിഷൻലീഗ് സംഘടനയിലേക്ക് കുഞ്ഞുങ്ങളെ ഔദ്യോഗികമായി സ്വീകരിക്കുകയും ദിവ്യകാരുണ്യ സ്വികരണ സട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. എയ്ഞ്ചൽസ് മീറ്റ് മനോഹരമായി ക്രമീകരിച്ച എല്ലാ ഫൊറോന വികാരിയച്ചൻമാർക്കും, മേഖലാ ഡയറക്ടർ അച്ചൻമാർക്കും, വൈസ് ഡയറക്ടേഴ്സ്, മേഖലാ – ശാഖാ ഭാരവാഹികൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

## 18. മേഖലാ കൗൺസിൽ വാർഷികം

14.05. 2022 ന് പനത്തടി മേഖല കൗൺസിൽ വാർഷികം നടത്തി. 17.05.22 ന് ആലക്കോട് മേഖല കൗൺസിൽ വാർഷികം നടത്തി. അതിരൂപതാ റീജിയണൽ ഓർഗനൈസർ ശ്രീ ജിന്റോ പാലയ്ക്കതടത്തിൽ പങ്കെടുത്തു.

## 19. എം റ്റി സി തീർത്ഥാടനം

2022 ഏപ്രിൽ 22 മുതൽ 24 വരെ പാലത്തുംകടവ് വെച്ച് നടന്ന എം റ്റി സി ക്യാമ്പിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 35 കുട്ടികളും അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും അതിരൂപതാ ഡയറക്ടറുടെ നേതൃത്വത്തിൽ 15.05.22 ന് ആരംഭിച്ച രണ്ട് ദിവസത്തെ വിശുദ്ധസ്ഥല തീർത്ഥാടനം കുട്ടികൾക്ക് വ്യത്യസ്തവും ഹൃദ്യവുമായ അനുഭവമായിരുന്നു. 15–ാം തിയതി വൈകുന്നേരം വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചന്റെ അനുഗ്രഹാശിസുകളോടെയാണ് യാത്ര ആരംഭിച്ചത്. തീർത്ഥാടനത്തിനായി കുഞ്ഞുമിഷനറിമാരെ പറഞ്ഞയച്ച പ്രിയപ്പെട്ട മാതാപിതാക്കളെ നന്ദിയോടെ ഓർക്കുന്നു.

## 19. സംസ്ഥാന വാർഷികം മാനേജിംഗ്കമ്മറ്റി

02.05.2022 ന് മുരിക്കാശ്ശേരിയിൽ വച്ച് നടന്ന സംസ്ഥാന വാർഷികത്തിലും മാനേജിംഗ് കമ്മറ്റിയിലും അതിരൂപതാ ഭാരവാഹികൾ പങ്കെടുത്തു.

## 20. സെമിനാർ

20.04.22 ന് ചെമ്പേരി ശാഖയിലെ അൾത്താരബാലൻമാർക്ക് സുനിൽ കല്ലിടുക്കിൽ സാർ സെമിനാർ നടത്തി.

## 21. അതിരൂപതാ കലോത്സവം

20.05.22 ന് ചെമ്പേരി നിർമ്മല ഹയർസെക്കന്ററി സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന അതിരൂപതാകലോത്സവം സംസ്ഥാന പ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരി ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിൽ അദ്ധ്യക്ഷതവഹിച്ചു. നെല്ലിക്കാംപൊയിൽ, ചെമ്പേരി, തോമാപുരം എന്നീ മേഖലകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സമ്മാനദാനം നിർവഹിച്ചു.

## അതിരൂപതാ കലാമത്സരവിജയികൾ

സബ് ജൂനിയർ പ്രസംഗം (ആൺകുട്ടികൾ)

| NO | പേര് വീട്ടുപേര് | ഇടവക | മേഖല |
|---|---|---|---|
| I B | ജോൺ കൊല്ലക്കൊമ്പിൽ | തോമാപുരം | തോമാപുരം |
| II B | ജേക്കബ് ഓണംകുളം | വായാട്ടുപറമ്പ് | വായാട്ടുപറമ്പ് |
| III B | സൈമൺ പുതിയാകുളങ്ങര | നെല്ലിക്കാംപൊയിൽ | നെല്ലിക്കാംപൊയിൽ |

**സബ് ജൂനിയർ പ്രസംഗം (പെൺകുട്ടികൾ)**

| | | | |
|---|---|---|---|
| I B | ലെയ മരിയ പാമ്പാടിയിൽ | ചെമ്പന്തൊട്ടി | ചെമ്പന്തൊട്ടി |
| II B | റോസ്മേരി പയ്യനാട്ട് | മേരിപുരം | പനത്തടി |
| III B | അന്ന കട്ടക്കയം | മാലോം | വെള്ളരിക്കുണ്ട് |

**സബ് ജൂനിയർ സംഗീതം (ആൺകുട്ടികൾ)**

| | | | |
|---|---|---|---|
| I A | വർക്ഷീസ് മാന്താനത്ത് | ആലക്കോട് | ആലക്കോട് |
| II A | ജോസഫ് ചേന്നാട്ട് | വിമലശ്ശേരി | മേരിഗിരി |
| III B | മൈക്കിൾ പേണ്ടാനത്ത് | മാലോം | വെള്ളരിക്കുണ്ട് |

**സബ് ജൂനിയർ സംഗീതം (പെൺകുട്ടികൾ)**

| | | | |
|---|---|---|---|
| I A | ജിയന്ന പൂവത്തുംമൂട്ടിൽ | വെള്ളരിക്കുണ്ട് | വെള്ളരിക്കുണ്ട് |
| II B | എൽന കട്ടക്കയം | അരിവിളഞ്ഞപൊയിൽ | ആലക്കോട് |
| III B | റൊസാൻ കോച്ചേരി | മണിക്കടവ് | നെല്ലിക്കാംപൊയിൽ |

**ജൂനിയർ പ്രസംഗം (ആൺകുട്ടികൾ)**

| | | | |
|---|---|---|---|
| I B | ഫ്രാൻസീസ് കളത്തുകുന്നേൽ | കാലിച്ചാനടുക്കം | കാഞ്ഞങ്ങാട് |
| II B | ജോർജ് മുളയന്നൂർ | ആലക്കോട് | ആലക്കോട് |

**ജൂനിയർ പ്രസംഗം (പെൺകുട്ടികൾ)**

| | | | |
|---|---|---|---|
| I B | സിയാൻ പൂവേലിൽ | ചെമ്പേരി | ചെമ്പേരി |
| II B | മരിയ തെള്ളിക്കുന്നേൽ | പുറവയൽ | നെല്ലിക്കാംപൊയിൽ |
| III B | സേറാലിസ് വെട്ടിക്കാട്ട് | എടൂർ | എടൂർ |

**ജൂനിയർ സംഗീതം (ആൺകുട്ടികൾ)**

| | | | |
|---|---|---|---|
| I B | ജോർജ് തെക്കേമുറി | മാട്ടറ | നെല്ലിക്കാംപൊയിൽ |
| II B | അബ്രാഹം കൊരട്ടിക്കൽ | തളിപ്പറമ്പ് | തളിപ്പറമ്പ് |
| III B | അശ്വിൻ അഞ്ചിക്കൽ | പനത്തടി | പനത്തടി |

**ജൂനിയർ സംഗീതം (പെൺകുട്ടികൾ)**

| | | | |
|---|---|---|---|
| I A | മരിയ കൂട്ടിയാനിക്കൽ | ചെറുപുഴ | ചെറുപുഴ |
| II A | ഇസബൽ ഓലിക്കുഴി | കൊളക്കാട് | പേരാവൂർ |
| III A | ആഗ്നസ് പുത്തൻപുരയ്ക്കൽ | മണിക്കടവ് | നെല്ലിക്കാംപൊയിൽ |

**സീനിയർ പ്രസംഗം (ആൺകുട്ടികൾ)**

| | | | |
|---|---|---|---|
| I A | ഡാരീസ് ഞാമത്തോലിൽ | വെളിമാനം | എടൂർ |
| II B | ഡോൺ കുപ്പത്താനം | പാണത്തൂർ | പനത്തടി |
| III B | ക്രിസ്റ്റി മൂരിക്കുന്നേൽ | പരിയാരം | തളിപ്പറമ്പ് |

**സീനിയർ പ്രസംഗം (പെൺകുട്ടികൾ)**

| | | | |
|---|---|---|---|
| I A | ബ്രിജീത്ത വട്ടപ്പാറയിൽ | തേർമല | നെല്ലിക്കാംപൊയിൽ |
| II B | അനഘ കട്ടക്കയം | മാലോം | വെള്ളരിക്കുണ്ട് |

| | | | |
|---|---|---|---|
| III B | ട്രീസ ചെറുവത്തൂർ | ചെമ്പേരി | ചെമ്പേരി |
| III B | മോനിക്ക ചക്കുന്നുംപുറത്ത് | കച്ചേരിക്കടവ് | കുന്നോത്ത് |

**സീനിയർ സംഗീതം (പെൺകുട്ടികൾ)**

| | | | |
|---|---|---|---|
| I A | മെറിൻ മേരി മേലുക്കുന്നേൽ | വായാട്ടുപറമ്പ് | വായാട്ടുപറമ്പ് |
| II A | അന്ന മുട്ടുചിറ | തളിപ്പറമ്പ് | തളിപ്പറമ്പ് |
| III A | ബെലിന്റെ കാരിക്കുന്നേൽ | വെള്ളരിക്കുണ്ട് | വെള്ളരിക്കുണ്ട് |

**സൂപ്പർ സീനിയർ പ്രസംഗം (ആൺകുട്ടികൾ)**

| | | | |
|---|---|---|---|
| I B | ജോൺ തെക്കേമുറി | മാട്ടറ | നെല്ലിക്കാംപൊയിൽ |
| II B | ജോഷ് ജോ ഒഴികയിൽ | വെള്ളരിക്കുണ്ട് | വെള്ളരിക്കുണ്ട് |
| III B | മിഖായേൽ വടക്കേക്കര | ചന്ദനക്കാംപാറ | പൈസക്കരി |

**സൂപ്പർ സീനിയർ പ്രസംഗം (പെൺകുട്ടികൾ)**

| | | | |
|---|---|---|---|
| I B | തെരേസ് ശൗര്യാതടത്തിൽ | ചരൾ | കുന്നോത്ത് |
| II B | സോഫിയ മറ്റത്തിനാനിക്കൽ | ചെമ്പേരി | ചെമ്പേരി |
| III B | ത്രേസ്യാമ്മ തെക്കുപുറത്ത് | പെരുമ്പടവ് | മേരിഗിരി |

**സൂപ്പർ സീനിയർ സംഗീതം (ആൺകുട്ടികൾ)**

| | | | |
|---|---|---|---|
| I A | തോമസ് മുകളേക്കാലായിൽ | തേർമല | നെല്ലിക്കാംപൊയിൽ |
| II A | എമ്മാനുവേൽ മണിയംകുളം | ചന്ദനക്കാംപാറ | പൈസക്കരി |

**സൂപ്പർ സീനിയർ സംഗീതം (പെൺകുട്ടികൾ)**

| | | | |
|---|---|---|---|
| I A | അഞ്ജു അഴകത്ത് | ചെറുപുഴ | ചെറുപുഴ |
| II A | സിസിലി നെറ്റിക്കാട്ടിൽ | പടന്നക്കാട് | കാഞ്ഞങ്ങാട് |
| III B | എലിസബത്ത് പീടികയിൽ | വിമലശ്ശേരി | മേരിഗിരി |

## 22. ആദരാഞ്ജലികൾ

ഈ ഭൂമിയിൽ തങ്ങളെ ദൈവം ഭരമേൽപ്പിച്ചിരുന്ന എല്ലാ ഉത്തരവാദിത്വങ്ങളും അതിന്റെ പൂർണ്ണതയിൽ പൂർത്തിയാക്കി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹുമാനപ്പെട്ട ജേക്കബ് കരോട്ടച്ചന്റെ ആത്മശാന്തിക്കായി അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

സ്നേഹപൂർവം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

രണ്ടുമാസത്തെ അവധിക്കാലത്തിനുശേഷം വീണ്ടും പുതിയൊരു പ്രവർത്തനവർഷത്തലേയ്ക്ക് നാം പ്രവേശിക്കുമ്പോൾ ഉണ്ണീശോയുടെ അനുഗ്രഹത്തിനും സംരക്ഷണത്തിനുമായി ഈ വർഷത്തെ നമ്മുടെ പ്രവർത്തനങ്ങളെയും സമർപ്പിക്കാം, സുകൃതജപങ്ങളും, തിരുവചനങ്ങളും, പ്രാർത്ഥനകളും വിശുദ്ധരുടെ ജീവിതകഥകളുമൊക്കെ പഠിച്ച് നമുക്കും ഈശോയെപ്പോലെ വളരാം. ഉണ്ണീയോയുടെ അനുഗ്രഹവും സംരക്ഷണവും എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | പന്തക്കുസ്താതിരുനാൾ, ഈശോയുടെ തിരുഹൃദയതിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : | വി. പത്രോസ്, വി. പൗലോസ് |
| പ്രാർത്ഥനാനിയോഗം | : | നവാഗതരായ വിദ്യാർത്ഥികൾക്കുവേണ്ടി |
| സുകൃതംജപം | : | ഈശോയുടെ തിരുഹൃദയമേ എന്നെ കഴുകി വിശുദ്ധീകരിക്കണമേ. |

## 1. ശാഖകൾ ശ്രദ്ധിക്കാൻ

04 ശനി : അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനവും, മാർഗ്ഗരേഖ പ്രകാശനവും

05 ഞായർ : ശാഖാതല പ്രവർത്തനവർഷ ഉദ്ഘാടനം, പന്തക്കുസ്താതിരുനാൾ, ലോക പരിസ്ഥിതിദിനാചരണം

08 ബുധൻ : വി. മറിയംത്രേസ്യായുടെ തിരുനാൾ

12 ഞായർ : പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ

13 തിങ്കൾ : പാദുവായിലെ വി. അന്തോണീസിന്റെ തിരുനാൾ

16 വ്യാഴം : പരി. കുർബാനയുടെ തിരുനാൾ

19 ഞായർ : പിതൃദിനം

23 വ്യാഴം : മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ ജന്മദിനം

24 വെള്ളി : ഈശോയുടെ തിരുഹൃദയതിരുനാൾ

25 ശനി : മാതാവിന്റെ വിമലഹൃദയതിരുനാൾ

29 ബുധൻ : വി. പത്രോസ്, വി. പൗലോസ് ശ്ലീഹൻമാരുടെ തിരുനാൾ

## 2. ഈശോയെപ്പോലെ വളരാം... വലുതാകാം...

തിരുബാലസഖ്യം കുട്ടികൾക്കായി ഈശോയെപ്പോലെ വളരാം ... വലുതാകാം എന്ന വർക്ക് ബുക്ക് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. വിശ്വാസപരിശീലനം ആരംഭിക്കുമ്പോൾ 1-ാം ക്ലാസ്സ് മുതൽ 4-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് വേദപാഠ പുസ്തകത്തിന്റെ കൂടെ ഈ വർക്കുബുക്കുകൂടി നൽകുവാൻ ബഹു. ആനിമേറ്റേഴ്സും ഹെഡ്മാസ്റ്റർമാരും ശ്രദ്ധിക്കുമല്ലോ. ബുക്കിന്റെ എണ്ണം വേദപാഠപുസ്തകങ്ങൾക്ക് ഓഡർ ചെയ്യുമ്പോൾ തന്നെ മിഷൻലീഗ് ഓഫീസിൽ അറിയിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു. പുസ്തകത്തിന്റെ വില പിന്നീട് അറിയിക്കുന്നതായിരിക്കും.

## 3. തിരുബാലസഖ്യം മാർഗ്ഗരേഖ

തിരുബാലസഖ്യം പ്രവർത്തനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 2022 -2023 പ്രവർത്തന വർഷമാർഗ്ഗരേഖതിരുബാലസഖ്യം വർക്കുബുക്കിനോടൊപ്പം നൽകുന്നതായിരിക്കും.

## 4. തിരുബാലസഖ്യം പ്രവർത്തനവർഷ ഉദ്ഘാടനവും ആനിമെറ്റേഴ്സ് മീറ്റിംഗും

തിരുബാലസഖ്യം 2022 - 2023 പ്രവർത്തന വർഷ ഉത്ഘാടനവും വൈസ്ഡയറക്ടേഴ്സ് മീറ്റിംഗും തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് ജൂൺ 4 ശനിയാഴ്ച രാവിലെ 9.15 ന് വി. കുർബാനയോടുകൂടി ആരംഭിക്കും. തുടർന്ന് 10.15 ന് നടക്കുന്ന പ്രവർത്തനവർഷ ഉദ്ഘാടനം അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവഹിക്കും. അതോടൊപ്പം തിരുബാലസഖ്യം മാർഗ്ഗരേഖാ പ്രകാശനവും ഉണ്ടായിരിക്കും. എല്ലാ ആനിമേറ്റേഴ്സും ഈ മീറ്റിംഗിൽ പങ്കെടുക്കുവാൻ കൃത്യസമയത്തുതന്നെ എത്തിച്ചേരുമല്ലോ. സംഘടന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങുവാനും; കുടിശ്ശിക അടക്കാനുള്ള വർക്ക് അടക്കാനുള്ള സൗകര്യവും അന്നേദിവസം ഉണ്ടായിരിക്കുന്നതാണ്.

സ്നേഹപൂർവം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

> "സഭ യുവജനഹൃദയങ്ങളിൽ ദീപം തെളിക്കുന്ന അമ്മയാണ്"
> (ജോൺ പോൾ രണ്ടാമൻ പാപ്പ)

പ്രിയപ്പെട്ട വികാരിയച്ചാ, ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, യുവജനങ്ങളേ,

പുതിയ പ്രവർത്തന വർഷത്തിലെത്തിലെത്തി നിൽക്കുകയാണല്ലോ. ഇടവകാതല യുവജന സംഗമങ്ങൾ നടത്തി യുവജനങ്ങളെ സഭയോട് ചേർത്ത് നിർത്തുമല്ലോ. EWS Certificate എടുക്കാനും PSC പരിശിലനത്തിനൊരുങ്ങാനും ഓർമ്മിപ്പിക്കുമല്ലോ. യുവജനങ്ങളുടെ മദ്ധ്യസ്ഥനായ വി. തോമസ് മൂർ ദിനത്തിന്റെ മംഗളങ്ങൾ സ്നേഹത്തോടെ നേരുന്നു.

**വി. തോമസ് മൂർ ദിനാചരണം**

കെസിവൈഎമ്മിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. തോമസ് മൂറിന്റെ തിരുനാൾ ജൂൺ 22 ന് ആഘോഷിക്കുബോൾ അന്നേദിവസം എല്ലാ യൂണിറ്റിലും പ്രാർത്ഥനാ ദിനമായി ആചരിക്കുമല്ലോ. ജൂൺ 19 ന് ഞായറാഴ്ച വി. കുർബാനക്ക് ശേഷം യുവജന മീറ്റിങ്ങ് കൂടി ദിനാചരണം നടത്തുമല്ലേ. വിശുദ്ധന്റെ മാദ്ധ്യസ്ഥം തേടി നമുക്ക് പ്രാർത്ഥിക്കാം.

**അഫിലിയേഷൻ**

കെസിവൈഎം, എസ്എംവൈഎം ജൂൺ, ജൂലൈ മാസങ്ങൾ അംഗത്വമാസമായിആചരിക്കുന്നു. ജൂൺ മാസം 15 ാം തിയ്യതി മുതൽ ജൂലൈ 15 വരെയുള്ള തിയ്യതികളിൽ അഫിലിയേഷൻ പൂർത്തിയാക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. പ്ലസ് വൺ ക്ലാസിലേക്ക് പ്രവേശിക്കുന്ന കുട്ടികളെയാണ് അഫിലിയേഷൻ നടത്തേണ്ടത്.

**നിമിഷ മെമ്മോറിയൽ എന്റോമെന്റ് സ്കോളർഷിപ്പ് നൽകി**

കെസിവൈഎം അതിരൂപതാ മുൻ ജോയിൻ സെക്രട്ടറിയായിരുന്ന നിമിഷയുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയിട്ടുള്ള എന്റോമെന്റ് സ്കോളർഷിപ്പ് കുന്നോത്ത് ഫൊറോനയിലെ റ്റെസോണ ഫ്രാൻസിസിന് നൽകി

## അഗതി മന്ദിരങ്ങൾക്ക് സ്നേഹപ്പൊതി (മാതൃദിനം)

അഗതിമന്ദിരങ്ങളിലെ സഹോദരങ്ങൾക്ക് വിശപ്പകറ്റാൻ മനസ്സറിഞ്ഞ് എന്ന സന്ദേശവുമായി യുവജനങ്ങൾ. കണ്ണൂർ, കാസറഗോഡ് ജില്ലകളിലായി

25 ഓളം അഗതിമന്ദിരങ്ങളിൽ സ്നേഹപ്പൊതി നൽകുന്ന ജീവകാരുണ്യ പദ്ധതിയുടെ അതിരൂപതാ തല ഉദ്ഘാടനം വായാട്ടുപറമ്പ് കരുണാപുരം യൂണിറ്റിലെ കാരുണ്യ ഭവനിൽ നടത്തപ്പെട്ടു. വായാട്ടുപറമ്പ് ഫൊറോന വികാരി വെരി. റവ. ഫാ. തോമസ്സ് തെങ്ങുംപള്ളിൽ ഉദ്ഘാടനം ചെയ്തു. സമൂഹത്തിൽ ആരോരുമില്ലാതെ അഗതികളായി കഴിയുന്നവർക്ക് അന്നം നൽകുന്ന യുവജനപ്രസ്ഥാനത്തിന്റെ പദ്ധതി സമൂഹത്തിന് മാതൃകയാണെന്ന് ഉദ്ഘാടന സമ്മേളനത്തിൽ സംസാരിച്ചു. അതിരൂപത പ്രസിഡന്റ് ജോയൽ ജോസഫ് അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, കരുണാപുരം ഇടവക വികാരി ഫാ. ജോസഫ് ആനിത്താനം, വായാട്ടുപറമ്പ് ഫൊറോന പ്രസിഡന്റ് മിഥുൻ കണ്ണമഗംലത്ത്, ഫൊറോന ഡയറക്ടർ ഫാ. ജിൻസ് പ്ലാവുനിൽക്കുംപറമ്പിൽ, അതിരൂപതാ, ഫൊറോന ഭാരവാഹികൾ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

## കെസിവൈഎം സമരിറ്റൻ ടാസ്ക് ഫോഴ്സ് പരിശീലനം (State Level)

കെസിവൈഎം, എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ ആതിഥേയത്വത്തിൽ കെസിവൈഎം സംസ്ഥാന സമിതിയുടെ സമരിറ്റൻ ടാസ്ക് ഫോഴ്സ് ട്രെയിനിങ്ങ് പ്രോഗ്രാമും തലശ്ശേരി അതിരൂപതതല നഴ്സസ് ദിനാചരണവും തോമാപുരം, ചെറുപുഴ ഫൊറോനകളുടെ സംയുക്ത ആഭിമുഖ്യത്തിൽ ചെറുപുഴ സെന്റ്മേരീസ് ഫൊറോന പാരിഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. തലശ്ശേരി അതിരൂപത വികാരി ജനറാൾ മോൺ. വെരി. റവ. ഫാ. ആന്റണി മുതുകുന്നേൽ ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ 200 ഓളം യുവജനങ്ങൾ പങ്കെടുത്തു. കെസിവൈഎം സംസ്ഥാന പ്രസിഡന്റ് ശ്രീ. ഷിജോ ഇടയാടിയിൽ അദ്ധ്യക്ഷനായ ചടങ്ങിൽ കേരള സ്റ്റേറ്റ് യൂത്ത് കമ്മീഷൻ മെമ്പർ ശ്രീ. റെനീഷ് മാത്യു മുഖ്യാതിഥിയായിരുന്നു. സംസ്ഥാന ഡയറക്ർ റവ. ഫാ. സ്റ്റീഫൻ ചാലയ്ക്കൽ ആമുഖ പ്രഭാഷണവും, ചെറുപുഴ ഫൊറോന വികാരി റവ. ഡോ. ജോസ് വെട്ടിക്കൽ ആശംസയും അറിയിച്ച് സംസാരിച്ചു. ഫസ്റ്റ് എയിഡ് ചാരിറ്റബിൾ ട്രസ്റ്റ് പ്രൊജക്ട് കോർഡിനേറ്റർ മനോജ് ചെറിയാന്റെ നേതൃത്വത്തിലുള്ള സംഘം യുവജനങ്ങൾക്ക് ഫസ്റ്റ് എയിഡ് ട്രയിനിങ്ങ് പ്രോഗ്രാം നടത്തി.

## നേഴ്സസ് ഡേ ദിനാചരണം

സംസ്ഥാന തല ടാസ്ക്ക് ഫോഴ്സ് ട്രെയിനിങ്ങിന്റെ പരിശീലനത്തോടനുബന്ധിച്ച് ചെറുപുഴ സെന്റ് സെബസ്റ്റ്യൻ ഹോസ്പിറ്റലിലെ നേഴ്സുമാരെ ആസംസകളറിയിച്ച് സംസാരിച്ചു. അതിരൂപതാ വികാരി ജനറാൾ മോൺ. ആന്റണി മുതുകുന്നേൽ മൊമന്റോ നല്കി ആദരിച്ചു.

## ഡയാലിസ് രോഗിക്ക് സഹായവുമായി ഗൂഗിൾ പേ ചലഞ്ച്

ഇരു വൃക്കകളും തകരാറിലായി ഡയലിസിസ് വിധേയനായി കൊണ്ടിരിക്കുന്ന മുൻ കെസിവൈഎം നേതാവായിരുന്ന കൊന്നക്കാട് ഇടവകാംഗമായ ജോമോൻ (ജോജോ) ചേട്ടനെ സഹായിക്കുന്നതിനായി നടത്തിയ ഗൂഗിൾ പേ ചലഞ്ചിൽ സമാഹരിച്ച **61300/-** രൂപ ജോമോന് കൈമാറി. സഹായിച്ച സഹകരിച്ച എല്ലാവർക്കും നന്ദി...

## ആദരം അഭിനന്ദനം

1. അതിരൂപതയുടെ പുതിയ പ്രോട്ടോ സെഞ്ചലൂസ് മെൺ. ആന്റണി മുതുകുന്നേലിനെ രൂപതാ പ്രസിഡന്റ് ശ്രീ. ജോയൽ ജോസഫ് പൊന്നാട അണിയിച്ച് ആദരിച്ചു.
2. അതിരൂപതാ സമിതിയിൽ അംഗമായിരിക്കുന്ന കൗൺസിലർ നിഥിൻ ചൂരനോലിയെ തൊഴിലാളി ദിനത്തിൽ പൊന്നാടയണിയിച്ച് ആദരിച്ചു. ആശാരി പണിചെയ്ത് കുടുംബത്തെ അനുദിനം നയിക്കുന്ന നിഥിന് ആശംസകളും അഭിനന്ദനങ്ങളും നേർന്നു.
3. സംസ്ഥാനതല വെയിറ്റ് ലിഫ്റ്റിങ്ങ് ചാമ്പ്യൻ ഷിപ്പിൽ മൂന്നാം സ്ഥാനം നേടിയ മേരിഗിരി ഇടവകാംഗമായ അലീന ബെന്നിയെ ആദരിച്ചു.

## ഡയറക്ടേഴ്സിനെയും ആനിമേറ്റേഴ്സിനെയും തെരഞ്ഞെടുക്കുക

ഫൊറോനകളിൽ നിന്നും സ്ഥലംമാറിപ്പോയ ഡയറക്ടർമാർക്കും ആനിമേറ്റേഴ്സിനും പകരം പുതിയ ഡയറക്ടേഴ്സിനെയും ആനിമേറ്റേഴ്സിനെയും അടുത്ത മാസധ്യാനത്തിൽ കണ്ടെത്തി അതിരൂപതാ ഓഫീസിൽ അറിയിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## ഹൃദയപൂർവ്വം നന്ദി...

തലശ്ശേരി അതിരൂപതയുടെ കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന് ഊർജ്ജവും ആത്മീയ ഉണർവ്വും നല്കി ഫൊറോന ഡയറക്ടേഴ്സായും ആനിമേറ്റേഴ്സായും സേവനമനുഷ്ഠിച്ച് പുതിയ സ്ഥലങ്ങളിലേക്ക് യാത്രയായ ഫൊറോന ഡയറക്ടർമാരായ ഫാ. ജെയ്സൻ കോലക്കുന്നേൽ (പൈസക്കരി) ഫാ. നോബിൾ ഓണംകുളം (ചെമ്പേരി) ഫാ. ജോബിൻ വലിയപറമ്പിൽ (എടൂർ) ഫാ. വിപിൻ ആനചാരിയിൽ (വെള്ളരിക്കുണ്ട്) ഫൊറോന ആനിമേറ്റേഴ്സായി സേവനമനുഷ്ഠിച്ച സി. റ്റിൻസി റോസ് (വായാട്ടുപറമ്പ്) സി. കരോളിൻ (ആലക്കോട്) സി. റോസ് മരിയ (ചെമ്പേരി) സി. ടിസി എസ് എച്ച് (തളിപ്പറമ്പ്) പ്രിയപ്പെട്ടവരായ നിങ്ങൾക്ക് അതിരൂപതാ കുടുംബത്തിന്റെ പ്രേത്യേക നന്ദിയും പുതിയ സ്ഥലത്ത് എല്ലാവിധ ഭാവുകങ്ങളും നന്മകളും നേരുന്നു.

## നേതൃസംഗമവും സെനറ്റ് സമ്മേളനവും

സീറോ മലബാർ സഭയുടെ (എസ്എംവൈഎം) യുവജന സമ്മേളനവും തെരഞ്ഞെടുപ്പും കാക്കനാട് വച്ച് നടത്തപ്പെട്ടു. സമ്മേളനത്തിൽ അതിരൂപതാ സമിതി അംഗങ്ങളും മുൻ രൂപതാ പ്രസിഡന്റ് വിപിൻ മാറുകാട്ടുകുന്നേലും പങ്കെടുത്തു.

## കടലോരം ക്യാമ്പ്

പനത്തടി, കാഞ്ഞങ്ങാട് ഫൊറോനകളുടെ സംയുക്താഭിമുഖ്യത്തിൽ പടന്നക്കാട് ദൈവാലയ ഓഡിറ്റോറിയത്തിലും, അഴീത്തല ബീച്ചിലും വച്ച് മെയ് 6,7,8 തിയ്യതികളിൽ കടലോരം ക്യാമ്പ് നടത്തപ്പെട്ടു.

## തൊഴിലാളി ദിനം

നെല്ലിക്കാംപൊയിൽ ഫൊറോനയിലെ യുവജനങ്ങൾ അതിരൂപതയുടെ ആഹ്വാന പ്രകാരം ചുമട്ടുതൊഴിലാളികളെ ആദരിച്ചു. ഫൊറോന വികാരി റവ. ഫാ. ജോസഫ് കാവനാടി അദ്ധ്യക്ഷത വഹിച്ചു. കേക്ക് മുറിച്ചും മധുര പലഹാരം വിതരണം ചെയ്തും യുവജനങ്ങളും ഫൊറോന ഡയറക്ടറും തൊഴിലാലികളോടൊപ്പം സന്തോഷം പങ്കുവച്ചു.

കുന്നോത്ത് ഫൊറോനയീലെ യുവജനങ്ങൾ തൊഴിലാളിദിനത്തിൽ കുന്നോത്ത്, പേരട്ട, ചരൾ വള്ളിത്തോട് എന്നീ പെട്രോൾ പമ്പിലെ ജീവനക്കാരെ ആദരിച്ചു.

പേരാവൂർ ഫൊറോനയിലെ യുവജനങ്ങൾ തൊഴിലാളി ദിനത്തിൽ പൂളക്കുറ്റി യൂണിറ്റിൽ വച്ച് തെങ്ങ് കയറ്റ തൊഴിലാളികൾ, കച്ചവട തൊഴിലാളികൾ, ഓട്ടോ തൊഴിലാളികൾ എന്നിവരെ ആദരിച്ചു.

എടൂർ ഫൊറോനയീലെ യുവജനങ്ങൾ തൊഴിലാളി ദിനത്തിൽ മെക്കാനിക്ക് തൊഴിലാളികളെ ആദരിച്ചു.

## കൂടെ-ഈസ്റ്റർ ദിനാഘോഷം മൈത്രീഭവനിൽ

എടൂർ ഫൊറോനയിലെ യുവജനങ്ങൾ ഈസ്റ്റർ ദിനത്തിൽ കാരാപറമ്പ് മൈത്രിഭവൻ അഗതിമന്ദിരത്തിൽ അന്തേവാസികളോടൊപ്പം **കൂടെ** എന്ന പ്രോഗ്രാം സംഘടിപ്പിക്കുകയും ആഘോഷിക്കുകയും  ചെയ്തു.

## BLOOMS

പൈസക്കരി ഫൊറോനയിലെ മൂന്നാമത്തെ Blooms പയ്യാവൂർ കരുണാമയൻ ദേവാലയത്തിൽ വച്ച് നടത്തി. മോട്ടിവേഷൻ ക്ലാസ്, കലാപരിപാടികൾ, ഗെയിമുകൾ, സ്നേഹവിരുന്ന് തുടങ്ങിയവ ക്രമീകരിച്ചു. നൂറോളം യുവജനങ്ങൾ  പങ്കെടുത്തു.

ചെമ്പന്തൊട്ടി ഫൊറോനയിലെ യുവജനങ്ങൾ Blooms നടുവിൽ യൂണിറ്റിൽ വച്ച് ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. മോട്ടിവേഷൻ ക്ലാസ്, കലാപരിപാടികൾ, ഗെയിമുകൾ, സ്നേഹവിരുന്ന് തുടങ്ങിയവ ക്രമീകരിച്ചു. നൂറോളം യുവജനങ്ങൾ പങ്കെടുത്തു.

**മാലാഖമാർക്കൊപ്പം (നേഴ്സസ്സ് ഡെ)**

നേഴ്സസ്സ് ഡെയോടനുബന്ധിച്ച് വായാട്ടുപറമ്പ് ഫൊറോനയുടെ നേതൃത്വത്തിൽ കരുവഞ്ചാൽ സെന്റ് ജോസഫ് ഹോസ്പിറ്റലിലെ നേഴ്സുമാരെ ആദരിക്കുകയും ഉപഹാരങ്ങൾ നല്കുകയും ചെയ്തു.

## മാതൃദിനം

മാതൃദിനത്തോടനുബന്ധിച്ച് കെസിവൈഎം നെല്ലിക്കാംപൊയിൽ ഫൊറോനയുടെ ആതിഥേയത്വത്തിൽ കുന്നോത്ത്, എടൂർ, പേരാവൂർ ഫൊറോനകൾ ഒന്നുചേർന്ന് നെല്ലിക്കാംപൊയിലുള്ള അമ്മമാർ വസിക്കുന്ന പുഷ്പാലയം സന്ദർശിച്ച് ഈ ദിനത്തിന്റെ മംഗളങ്ങൾ നേരുകയും കലാപരിപാടികൾ അവതരിപ്പിച്ചും കേക്ക് മുറിച്ചും അവരോടൊപ്പം സന്തോഷം പങ്കിട്ടു.

മാതൃദിനത്തോടനുബന്ധിച്ച് പൈസക്കരി ഫൊറോനയിലെ യുവജനങ്ങൾ ചെമ്പേരി കരുണാലയത്തിൽ വച്ച് ആഘോഷങ്ങൾ സംഘടിപ്പിച്ചു.

സ്നേഹപൂർവം,

**ഫാ. തോമസ് വാളിപ്ലാക്കൽ**
ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

## I) 1. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

899 എം.പി.സി ഓൺലൈൻ കോഴ്സ് മെയ് 20-21 തീയ്യതികളിൽ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടക്കുകയുണ്ടായി. കോഴ്സിൽ 450 ഓളം പേർ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

## 2. Offline MPC Classes

രണ്ട് വർഷമായി ഓൺലൈൻ കോഴ്സുകളാണ് വിവാഹ ഒരുക്കത്തിനായി നടത്തിയിരുന്നത്. ഏകദേശം 30 ഓൺലൈൻ കോഴ്സുകൾ ഇതിനകം നടത്തിക്കഴിഞ്ഞു. 2022 ജൂൺ മാസം മുതൽ ഓഫ്ലൈനായി കോഴ്സുകൾ ക്രമീകരിക്കുകയാണ്. മൂന്നുദിവസത്തെ താമസിച്ചുള്ള കോഴ്സുകൾ നവംബർ മാസം വരെ നാല് എണ്ണം പടന്നക്കാട്, തലശ്ശേരി സെന്ററുകളിൽ വച്ചു നടത്തുന്നു. കോഴ്സ് ഡേറ്റുകൾ താഴെ കൊടുത്തിരിക്കുന്നു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് വെബ്സൈറ്റിൽ (www.familytly.com) അല്ലെങ്കിൽ ഓഫീസിൽ നേരിട്ടും കോഴ്സ് രജിസ്റ്റർ ചെയ്യാവുന്നതാണ്.

| MPC 2022 | | |
|---|---|---|
| June | 30 - July 02 | (Thursday, Saturday) Padannakkad |
| August | 18 - 20 | (Thursday, Saturday) Thalassery |
| September | 22 - 24 | (Thursday, Saturday) Padannakkad |
| November | 03 - 05 | (Thursday, Saturday) Thalassery |

## Time Schedule :

കോഴ്സിന്റെ ഒന്നാംദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.30 ന് എം.പി.സി സമാപിക്കുന്നു.

- കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. എം. പി. സിയുടെ ഫീസ് **1250** രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg.Fee 650 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 600 രൂപ കൊണ്ടുവരേണ്ടതാണ്.

- Online Registration നടത്തുമ്പോൾ ഫീസ് ബാങ്കിൽ അടക്കുന്നവർ Bank Transfer Receipt അപേക്ഷാഫോമിനൊപ്പം അപ്ലോഡ് ചെയ്യേണ്ടതാണ്.
- . രജിസ്ട്രേഷൻ ഫീസ് Rs/650 അടക്കാനുള്ള Bank Details
  A/c No : 0078053000073775,
  Name : Director, Family Apostolate,
  IFSC Code : SIBL0000078,
  South Indian Bank, Thalassery Branch
- . രജിസ്ട്രേഷൻ നടത്തിയവർ കാൻസലേഷൻ നടത്തുവാനോ, കോഴ്സ് ഡേറ്റിൽ മാറ്റം വരുത്തുവാനോ ആഗ്രഹിക്കുവെങ്കിൽ കോഴ്സ് ആരംഭിക്കുന്നതിനു മൂന്ന് ദിവസം മുമ്പെങ്കിലും ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. Ph: 8078122191, 9400206974
- . ഇടവകാ ഗ്രൂപ്പുകളിൽ എം.പി.സി രജിസ്ട്രേഷന്റെ വെബ്സൈറ്റും ഡേറ്റുകളും പ്രസിദ്ധീകരിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

### 3. എം.പി.സി റിസോഴ്സ് പേഴ്സൺസ് മീറ്റിംഗ് – ഓൺലൈൻ

തലശ്ശേരി അതിരൂപതാ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിന്റെ റിസോഴ്സ് പേഴ്സൺ മീറ്റിംഗ് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ നേതൃത്വത്തിൽ മെയ് 7–ാം തീയ്യതി രാവിലെ 10 മണിക്ക് ഓൺലൈനായി നടന്നു. ശേഷം അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അച്ചന്റെ നേതൃത്വത്തിൽ ചർച്ചയും നടന്നു.

## II. അനുഗ്രഹ മാര്യേജ് ബ്യൂറോ :– www.anugrahamarry.com

സീറോമലബാർ സഭയുടെ എല്ലാ രൂപതകളുടെയും മാര്യേജ് ബ്യൂറോകളുടെ ലിങ്ക് ലഭിക്കുന്നു. പണമടച്ച് രജിസ്റ്റർ ചെയ്യുന്നവരുടെ പേരും, ഫോട്ടോയും ദീപിക പത്രത്തിൽ സൗജന്യമായി പരസ്യം നൽകുന്നു.

**Packages :**
**Free - 15 Days**
**Till You Marry - 9999 (1 Year)**
Profile Details View : 750
**Diamond Package - 4999 (1 Year)**
Profile Details View : 650
**Golden Package - 3999 (1 Year)**
Profile Details View : 550
**Silver Package - 2999 (6 monts)**
Profile Details View : 350

### 2. Prolife Marriage Bureau

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ. പെൺകു

ട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി. ഫീസ് 500 രൂപ.

Web site : www.prolifemarry.com

Contact No : 6235445544

## III. മാതൃവേദി

**1. തൂവാനീസ നിയോഗം –** ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് വിദ്യാർത്ഥികൾക്കു വേണ്ടി പ്രാർത്ഥിക്കാം.

**2. യൂണിറ്റ്തല പ്രവർത്തനം** – ഈ മാസത്തെ യൂണിറ്റ്തല പ്രവർത്തനം – ഓൺലൈൻ സ്പിരിച്വൽ ഗാതറിംഗിൽ പങ്കുചേരുക.

**3. മാതൃവേദി പ്രവർത്തന പദ്ധതി – ജൂൺ 2022**

| | | |
|---|---|---|
| ജൂൺ | 2 | – അതിരൂപതാ ജനറൽബോഡി യോഗം, പ്രവർത്തന വർഷ ഉദ്ഘാടനം |
| | 5 | – പന്തക്കുസ്ത തിരുനാൾ |
| | 12 | – പരി. ത്രിത്വത്തിന്റെ തിരുനാൾ |
| | 16 | – പരി. കുർബ്ബാനയുടെ തിരുനാൾ (ഉപവാസദിനം – നിയോഗം : ലോകസമാധാനം) |
| | 18 | – ആനിമേറ്റേഴ്സ് റീജിയണൽ സംഗമം (ഇരിട്ടി, ചെമ്പേരി റീജിയൺ) |
| | 24 | – തിരുഹൃദയ തിരുനാൾ, (സ്പിരിച്വൽ മീറ്റ് – ആരാധന ഓൺലൈൻ) |
| | 25 | – മാതാവിന്റെ വിമലഹൃദയ തിരുനാൾ ആനിമേറ്റേസ് റീജിയണൽ സംഗമം (ചെറുപുഴ, കാഞ്ഞങ്ങാട് റീജിയൺ) |
| | 29 | – മേഖലാ ഡയറക്ടേഴ്സ് മീറ്റിംഗ് – തളിപ്പറമ്പ് |
| | 30 | – എം.പി.സി (ജൂൺ 30 – ജൂലൈ 2) |

**4. അതിരൂപതാ ജനറൽ ബോഡി മീറ്റിംഗ് – ഓൺലൈൻ**

മെയ് 2–ാം തീയ്യതി വൈകുന്നേരം 4 മണി മുതൽ 6 മണിവരെ ഓൺലൈനായി നടന്നു. അതിരൂപതാ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറയുടെ നേതൃത്വത്തിൽ നടന്ന മീറ്റിംഗിൽ പുതിയ പ്രവർത്തന മാർഗ്ഗരേഖയെക്കുറിച്ച് ചർച്ചകൾ നടത്തുകയും മേഖലാ പ്രസിഡണ്ടുമാർ തങ്ങളുടെ പ്രവർത്തനപദ്ധതികൾ അവതരിപ്പിക്കുകയും ചെയ്തു. അതിരൂപതാ ഭാരവാഹികൾ, മേഖലാ ആനിമേറ്റർമാർ, മേഖലാ പ്രസിഡണ്ടുമാർ, യൂണിറ്റ് ആനിമേറ്റർമാർ, യൂണിറ്റ് പ്രസിഡണ്ടുമാർ എന്നിവർ സംബന്ധിച്ചു.

**5. മാതൃവേദി എക്സിക്യൂട്ടീവ് മീറ്റിംഗ്**

മെയ് 12-ാം തീയ്യതി വൈകിട്ട് 8 മണിക്ക് അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറയുടെ നേതൃത്വത്തിൽ ഓൺലൈനായി നടന്നു. അതിരൂപതാ ഭാരവാഹികൾ, മേഖലാ ആനിമേറ്റർമാർ, മേഖലാ പ്രസിഡണ്ടുമാർ എന്നിവർ മീറ്റിംഗിൽ പങ്കുകൊണ്ടു.

**6. മാതൃവേദി വാർഷികം - വായാട്ടുപറമ്പ് മേഖല**

മെയ് 6-ാം തീയ്യതി കരുവഞ്ചാൽ ഇടവകയിൽ വച്ച് നടന്ന വായാട്ടുപറമ്പ് മേഖലയുടെ മാതൃവേദി വാർഷികാഘോഷം നടന്നു. അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും, ആനിമേറ്റർ സി. പൗളിൻ സി. എച്ച്. എഫ്. ആശംസകളർപ്പിച്ച് സംസാരിക്കുകയും ചെയ്തു.

**7. ആനിമേറ്റേഴ്സ് റീജിയണൽ സംഗമം**

മാതൃവേദിയുടെ ആനിമേറ്റേഴ്സിനായുള്ള ഒരു കൂട്ടായ്മ റീജിയണൽതലത്തിൽ നാല് സ്ഥലങ്ങളിലായി ഒരുമിച്ചു ചേരുന്നു. മേഖല - യൂണിറ്റ് ആനിമേറ്റർമാർ ഈ സമ്മേളനത്തിൽ എത്തിച്ചേരേണ്ടതാണ്. പരിപാടി നടക്കുന്ന റീജിയണിലെ യൂണിറ്റ് ഭാരവാഹികൾ വേണ്ട ക്രമീകരണങ്ങൾ ചെയ്യുക.

| തീയതി | റീജിയൺ | മേഖലകൾ | സമയം |
|---|---|---|---|
| ജൂൺ 18 | ഇരിട്ടി | കുന്നോത്ത്, എടൂർ<br>പേരാവൂർ, നെല്ലിക്കാംപൊയിൽ | 10.00 am - 12.00 pm |
| ജൂൺ 18 | ചെമ്പേരി | ചെമ്പേരി,തളിപ്പറമ്പ്<br>ചെമ്പന്തൊട്ടി, പൈസക്കരി | 02.30 pm - 04.30 pm |
| ജൂൺ 25 | ചെറുപുഴ | ചെറുപുഴ, തോമാപുരം, ആലക്കോട്<br>മേരിഗിരി, വായാട്ടുപറമ്പ് | 10.00 am - 12.00 pm |
| ജൂൺ 25 | കാഞ്ഞങ്ങാട് | കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട്,<br>പനത്തടി | 02.30 pm - 04.30 pm |

**8. ഓൺലൈൻ സ്പിരിച്വൽ ഗാതറിംഗ്**

എല്ലാ അമ്മമാർക്കുംവേണ്ടി ജൂൺ 24-ാം തീയ്യതി രാത്രി 8.30 മുതൽ 9.30 വരെ ഓൺലൈൻ സ്പിരിച്വൽ മീറ്റ് നടത്തുന്നു. ആരാധന, വചനസന്ദേശം എന്നിവയിൽ ഗൂഗിൾ മീറ്റിലൂടെ പങ്കുചേരുക.

**9. അറിയിപ്പുകൾ**

- ജൂൺ 2 വ്യാഴാഴ്ച രാവിലെ 10 മണി മുതൽ തളിപ്പറമ്പ് പള്ളിയിൽ

വച്ച് മാതൃവേദി ജനറൽബോഡി യോഗം നടക്കുന്നതാണ്. മാതൃവേദി രൂപത, മേഖല ഭാരവാഹികളും യൂണിറ്റ് പ്രസിഡണ്ട് – ആനിമേറ്റർമാരും പങ്കെടുക്കണ്ടതാണ്. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന് ആദരവ് അർപ്പിച്ചുകൊണ്ട് ഓരോ മേഖലയ്ക്കും വേണ്ടി മേഖല പ്രസിഡണ്ടുമാർ ഒരു രോഗിയുടെ ഡയാലിസിസിനുള്ള തുക കൈമാറുന്നതാണ്. മീറ്റിംഗിൽ മാതൃവേദിയുടെ പ്രവർത്തനവർഷ ഉദ്ഘാടനം നടത്തുന്നതും, പുതിയ മാർഗ്ഗരേഖ നൽകുന്നതുമാണ്.

- പുതിയ മേഖല, യൂണിറ്റ് ആനിമേറ്റർമാരുടെ പേര്, ഫോൺ നമ്പർ എന്നിവ ഓഫീസിൽ എത്തിക്കാൻ മേഖല പ്രസിഡണ്ടുമാർ ശ്രദ്ധിക്കുക.
- മാർഗ്ഗരേഖയുടെ നാല് കോപ്പികൾ വീതം ഓരോ യൂണിറ്റിലേക്കും നൽകുന്നതാണ്. യൂണിറ്റ് ഡയറക്ടർ, ആനിമേറ്റർ എന്നിവർക്ക് ഓരോ കോപ്പികൾ നൽകേണ്ടതാണ്.
- രണ്ട് മാസം കൂടുമ്പോൾ ഒരു സ്പിരിചൽ ഗാതറിംഗ് ഓൺലൈനിൽ നടത്തുന്നതാണ്. വചനസന്ദേശം, ആരാധന എന്നിവ അടങ്ങുന്ന ഈ ആത്മീയ സംഗമത്തിൽ എല്ലാ മാതൃവേദി അംഗങ്ങളും പങ്കുചേരുക. ജൂൺ മാസം 24 തിരുഹൃദയ തിരുനാൾ ദിവസം രാത്രി 8.30 മുതൽ 9.30 വരെ ഗൂഗിൾ മീറ്റിലൂടെ ഈ ആത്മീയ സംഗമം നടത്തുന്നതാണ്.
- മാതൃവേദി നടത്തുന്ന ഭവനപദ്ധതി അമ്മവീടിന്റെ കട്ടിളവയ്പ്പ് കർമ്മം മെയ് 18 ന് ബെഡൂർ ഇടവകയിൽ വച്ച് നടത്തപ്പെട്ടു. ഭവനത്തിന്റെ തുടർ പണികൾക്കായി സംഭാവനകൾ ശേഖരിച്ച് നൽകണമെന്നോർമ്മിപ്പിക്കുന്നു.

**10. നന്ദി ..... ആശംസകൾ**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ശക്തരായ മേഖല ഡയറക്ടർമാരായ ചെമ്പേരി മേഖല മാതൃവേദിയെ അതിരൂപതയിൽ ഒന്നാമതെത്തിച്ച റവ. ഫാ.ബെന്നി പുത്തൻനട അച്ചനും പേരാവൂർ മേഖലയ്ക്ക് കുറഞ്ഞകാലം കൊണ്ട് അതിശക്തമായ പ്രവർത്തന നേതൃത്വം നൽകിയ റവ.ഫാ. മാർട്ടിൻ പറപ്പള്ളിയാത്ത് അച്ചനും ചെമ്പന്തൊട്ടി മേഖലയിലെ മാതൃവേദിയുടെ ഹൃദയം കവർന്നു പ്രവർത്തിച്ച റവ. ഫാ. മാത്യു വേങ്ങക്കുന്നേൽ അച്ചനും ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നന്ദിയും അഭിനന്ദനങ്ങളും പുതിയ പ്രവർത്തന മേഖലകളിൽ ആശംസകളും അറിയിക്കുന്നു.

കഴിഞ്ഞ വർഷങ്ങളിൽ മാതൃവേദിയുടെ മേഖല പ്രവർത്തനങ്ങൾക്ക് എല്ലാവിധ നേതൃത്വം നൽകി പുതിയ സ്ഥലങ്ങളിലേക്ക് പോകുന്ന ആനിമേറ്റർമാരായ സി എൽസി ജെയിംസ് എസ്. എച്ച് (ആലക്കോട് മേഖല) സി. ആൻ മേരി എസ്. എച്ച് (ചെമ്പേരി മേഖല), സി. മേഴ്സി എഫ്. സി. സി (എടൂർ മേഖല), സി.ഷേർളി എം.പി.വി (കുന്നോത്ത് മേഖല), സി. എൽസി മരിയ സി. എം. സി (മേരിഗിരി മേഖല), സി. നാൻസി എൻ. എസ്

(നെല്ലിക്കാംപൊയിൽ മേഖല), സി.ജോസ്‌ലിൻ എസ്.എ.ബി.എസ് (പനത്തടി മേഖല), സി. ലിയ റോസ് സി. എച്ച്. എഫ് (തളിപ്പറമ്പ് മേഖല), സി. അനിത എസ്.എച്ച് (വായാട്ടുപറമ്പ് മേഖല), സി.ആൽഫിൻ എസ്.എ.ബി.എസ് (വെള്ളരിക്കുണ്ട് മേഖല) സി. റോസ് ടോം എസ്.എച്ച് (പേരാവൂർ മേഖല), സി.മിൻസി എ. ഒ (പൈസക്കരി മേഖല), സി.ഫിൽസി എസ്.എ.ബി.എസ് (കാഞ്ഞങ്ങാട് മേഖല) എന്നിവർ മേഖലാ ആനിമേറ്റർമാരായി ചെയ്ത സേവനങ്ങൾ വലുതായിരുന്നു. വളരെ മാതൃകാപരമായി പ്രവർത്തിച്ച മേഖലാ സമിതികളെ ശക്തമാക്കിയ സിസ്റ്റർമാർക്ക് ഒരുപാട് നന്ദിയും സ്നേഹവും ആശംസകളും അറിയിക്കുന്നു.

**11. സ്വാഗതം**

യൂണിറ്റുകളിലും മേഖലകളിലും പുതുതായി മാതൃവേദിയുടെ ഉത്തര വാദിത്തം ഏറ്റെടുക്കുന്ന ഡയറക്ടർമാർ, ആനിമേറ്റർമാർ എന്നിവർക്ക് ഹൃദ്യ മായ സ്വാഗതവും നല്ല പ്രവർത്തനവർഷവും ആശംസിക്കുന്നു.

## IV. അമല പ്രോലൈഫ്

• മെയ് 16 ന് അമല പ്രോലൈഫ് അതിരൂപതാ എക്സിക്യൂട്ടീവ് തളിപ്പ റമ്പ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു. പ്രോലൈഫ് സംഗമം മലബാർ മേഖല ടീമിനെ പങ്കെടുപ്പിച്ചുകൊണ്ട് നടത്താനും ആഗസ്റ്റ് മാസത്തിൽ ജീവാഗ്നി ധ്യാനം സംഘടിപ്പിക്കാനും തീരുമാനിച്ചു.

• പ്രോലൈഫ് സമിതി അംഗങ്ങൾ ഡയറക്ടച്ചന്റെ നേതൃത്വത്തിൽ കോലുവള്ളി ഇടവകയിലെ ഇളയാനിത്തോട്ടത്തിൽ ജോമി-ജ്യോതി ദമ്പതി കളുടെ അഞ്ചാമത്തെ കുട്ടിക്ക് ജീവോപഹാരം നൽകാൻ ഭവനം സന്ദർശിച്ചു. ചെറുപുഴ ഫൊറോന വികാരി പെരി. ബഹു. ജോസ് വെട്ടിക്കൽ ജീവോപഹാരം നൽകി കുടുംബത്തെ ആദരിച്ചു. ഇടവക വികാരി ഫാ. മാത്യു കായമ്മാക്കലിന്റെ സാന്നിദ്ധ്യവുമുണ്ടായിരുന്നു.

സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

ദൈവാനുഗ്രഹത്താൽ പുതിയ അധ്യയന വർഷം വീണ്ടും ആരംഭിക്കുകയാണ്. പുത്തൻ പ്രതീക്ഷകളും പുത്തൻ സ്വപ്നങ്ങളുമായി വിദ്യാലയത്തിലേക്ക് കടന്നു വരാൻ കാത്തിരിക്കുന്ന വിദ്യാർത്ഥികളെ വരവേൽക്കാൻ നാം ഒരുങ്ങുകയാണല്ലോ. വിദ്യ തേടി എത്തുന്നവർക്ക് അറിവിന്റെയും വെളിച്ചത്തിന്റെയും ഇടമാക്കുക. നമ്മുടെ വിദ്യാലയങ്ങളെ മികവുറ്റതാക്കാൻ സംഘാതമായി നാം പരിശ്രമിക്കണം. പ്രവേശനോത്സവം പുതുതായി വരുന്ന വിദ്യാർത്ഥികൾക്ക് ഹൃദ്യമായ അനുഭവമാക്കാൻ തക്ക പ്രോഗ്രാമുകൾ എല്ലാ സ്കൂളുകളിലും ക്രമീകരിക്കണം. ബഹു. മാനേജരച്ചന്മാരെ മുൻകൂട്ടി അറിയിച്ച് പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷകൾ നടത്തി സ്കൂളുകൾ വെഞ്ചരിക്കണം.

- ജൂൺ 5-ാം തീയതി പരിസ്ഥിതി ദിനമാണ്. അന്ന് ഞായറാഴ്ച ആയതിനാൽ 6-ാം തീയതി തിങ്കളാഴ്ച പരിസ്ഥിതി ദിനമായി ആചരിക്കണം. പൂച്ചെടികളും തണൽ വൃക്ഷങ്ങളും നട്ട് സ്കൂൾ ക്യാമ്പസുകൾ മനോഹരമാക്കണം. ക്ലാസ് റൂമുകൾ, സ്കൂൾ പരിസരങ്ങൾ എല്ലാം വൃത്തിയായി സൂക്ഷിക്കണം. സ്കൂളും പരിസരങ്ങളും എപ്പോഴും വൃത്തിയായി സംരക്ഷിക്കാൻ അനധ്യാപകർ പ്രത്യേകം ശ്രദ്ധിക്കണം.
- സ്കൂൾ തുറക്കുമ്പോൾ തന്നെ സ്റ്റാഫ് മീറ്റിംഗ് ചേർന്ന് വ്യത്യസ്തങ്ങളായ ഉത്തരവാദിത്വങ്ങൾ അധ്യാപകർക്ക് നൽകണം. വർഷങ്ങളായി ഒരേ ഉത്തരവാദിത്വം മാത്രം നിർവ്വഹിക്കുന്നവർ പുതിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കണം. എല്ലാവരും എല്ലാ ഉത്തരവാദിത്വങ്ങളും മാറി മാറി ചെയ്യണം. ഡ്യൂട്ടി ലിസ്റ്റിൽ പേരും ചുമതലയും ഉണ്ട്. എന്നാൽ അധ്യയന വർഷ അവസാനം വരെ യാതൊരു പ്രവർത്തനങ്ങളും നടത്താതെ അലസരായി കഴിയുന്ന അധ്യാപകരെ തങ്ങളുടെ ചുമതലകളെക്കുറിച്ച് ബോധ്യപ്പെടുത്തണം. ചുമതലകളിൽ നിന്ന് ഒഴിഞ്ഞ് മാറുന്നവരെക്കുറിച്ചും ഏറ്റെടുക്കാത്ത വരെക്കുറിച്ചുമുള്ള റിപ്പോർട്ട് പ്രധാനാധ്യാപകർ കോർപ്പറേറ്റ് ഓഫീസിലേക്ക് അയച്ചു തരണം. വിദ്യാലയങ്ങളിലെ ഉത്തരവാദിത്വങ്ങൾ തങ്ങൾക്കിഷ്ടമുണ്ടെങ്കിൽ ഏറ്റെടുക്കുകയും നിർവ്വഹിക്കുകയും ചെയ്യുന്ന പ്രവർത്തന ശൈലികൾ നിരുത്സാഹപ്പെടുത്തണം.
- ആദ്യ വെള്ളിയാഴ്ചകളിൽ കുട്ടികൾക്കായി നടത്തപ്പെടുന്ന ദിവ്യബലിയിൽ കത്തോലിക്കരായ അധ്യാപകരും വിദ്യാർത്ഥികളും സംബന്ധിക്കണം.

- ജൂൺ മാസത്തിൽ തന്നെ സന്മാർഗ പാഠം, മതബോധന ക്ലാസുകൾ ആരംഭിക്കണം. കൃത്യമായ ടൈംടേബിൾ ഉണ്ടാകണം. സന്മാർഗപാഠ, മതബോധന മാർക്ക് രജിസ്റ്റർ സ്കൂളുകളിൽ സൂക്ഷിക്കണം.
  സന്മാർഗ പാഠ പുസ്തകങ്ങൾ സന്ദേശഭവൻ ബുക്ക് സ്റ്റാളിൽ നിന്നും (9497694233) മതബോധന പുസ്തകങ്ങൾ ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും (8086312826) ലഭിക്കുന്നതാണ്.
- കഴിഞ്ഞ വർഷത്തെയും ഈ വർഷത്തെയും മെയിന്റനൻസ് ഗ്രാന്റ് ലഭിക്കാത്ത സ്കൂളുകൾ വിദ്യാഭ്യാസ ഓഫീസുകളിൽ അന്വേഷിച്ച് എത്രയും വേഗം ഗ്രാന്റ് ലഭ്യമാക്കാൻ പരിശ്രമിക്കണം.
- സ്കൂൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഈ മാസം തന്നെ ലഭ്യമാക്കാൻ പരിശ്രമിക്കണം. ലോക്കൽ മാനേജരുമായി നല്ല ബന്ധം പ്രധാനാധ്യാപകർക്ക് ഉണ്ടാകണം.
- വിദ്യാലയ പ്രവർത്തനങ്ങളെക്കുറിച്ച് യഥാസമയം ചർച്ച നടത്തുകയും, റിപ്പോർട്ട് ചെയ്യുകയും അനുവാദം വാങ്ങിക്കേണ്ട കാര്യങ്ങളിൽ അനുവാദം വാങ്ങിക്കുകയും ചെയ്യണം.
- വിദ്യാലയങ്ങളിൽ അധ്യാപകരുടെയും പ്രധാനാധ്യാപകരുടെയും സാന്നിധ്യം അച്ചടക്കത്തിനും വിദ്യാലയ മികവിനും അത്യാവശ്യമാണ്. സമ്മേളനങ്ങളും പരിശീലന പരിപാടികളും വർദ്ധിക്കുമ്പോൾ അധ്യാപകരുടെ സാന്നിധ്യം പരമാവധി നഷ്ടമാവാതിരിക്കാൻ ശ്രദ്ധിക്കണം.
- പി.ടി.എ യുടെ സഹകരണവും പ്രോത്സാഹനവും സ്കൂൾ പ്രവർത്തനങ്ങൾക്ക് ഉറപ്പു വരുത്തണം. രക്ഷകർത്താക്കളുമായി നല്ല ബന്ധം നിലനിർത്തി ക്രിയാത്മക സഹകരണം ലഭ്യമാക്കണം. പി.ടി.എ കമ്മിറ്റിയുടെ ഉത്തരവാദിത്വത്തിൽ വരേണ്ട കാര്യങ്ങൾ മാത്രം പി.ടി.എ അജണ്ടയിൽ ഉൾപ്പെടുത്തുക. മാനേജ്മെന്റ് തീരുമാനം എടുക്കേണ്ട കാര്യങ്ങൾ പിടഎ അജണ്ടയിൽ ഉൾപ്പെടുത്തി തീരുമാനം എടുക്കരുത്. പിടിഎ കമ്മിറ്റികൾക്ക് മാനേജർമാരുടെ പരിഗണനയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാം. പി.ടി.എ എക്സിക്യൂട്ടിവിൽ സ്കൂൾ മാനേജർ എക്സ് ഓഫീഷ്യോ ആണെന്ന കാര്യം ഓർക്കുക. പ്രധാന അധ്യാപകർ ഈ കാര്യത്തിൽ ശ്രദ്ധപുലർത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.
- സ്കൂൾ അസംബ്ലി എല്ലാ ആഴ്ചയും ഭംഗിയായും ചിട്ടയോടു കൂടിയും നടത്തണം. പ്രധാനാധ്യാപകർക്ക് വിദ്യാർത്ഥികളോട് നേരിട്ട് കാര്യങ്ങൾ സൂചിപ്പിക്കുന്നതിനുള്ള അവസരം സ്കൂൾ അസംബ്ലിയിൽ ലഭിക്കും. അച്ചടക്കത്തോടെ ക്രമീകൃതമായ രീതിയിൽ സ്കൂൾ അസംബ്ലി സംഘടിപ്പിക്കണം. എല്ലാ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും പങ്കാളിത്തം ഉറപ്പു വരുത്തണം.

♦ മുഴുവൻ അധ്യാപകരും നിശ്ചിത സമയത്തിനുമുമ്പ് സ്കൂൾ ഓഫീസിലെത്തി അധ്യാപക രജിസ്റ്ററിൽ ഒപ്പു വെക്കേണ്ടതാണ്. ക്ലാസ് ചാർജുള്ള മുഴുവൻ അധ്യാപകരും സെക്കന്റ് ബെൽ അടിച്ചാൽ ഉടൻ തന്നെ ക്ലാസിൽ എത്തിച്ചേരണം. പ്രഭാത പ്രാർത്ഥന നടക്കുമ്പോൾ ക്ലാസ് ചാർജ്ജുള്ള അധ്യാപകർ നിർബന്ധമായും ക്ലാസിൽ ഉണ്ടായിരിക്കണം.

♦ സ്കൂളിന്റെ അച്ചടക്കം നിലനിർത്താൻ പ്രധാന അധ്യാപകനോടൊപ്പം എല്ലാ അധ്യാപകരും സഹകരിക്കണം. അധ്യാപകർക്കിടയിലുണ്ടാകുന്ന പ്രശ്നങ്ങൾ കഴിവതും പുറമെയുള്ളവരെ അറിയിക്കാതിരിക്കുക. മാനേജരുടെ നേതൃത്വത്തിൽ ഒത്തുതീർപ്പാക്കുക.

♦ ക്ലാസ് ദിവസങ്ങൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുക. സ്റ്റാഫ് മീറ്റിംഗ് തുടങ്ങിയവ അവധി ദിവസങ്ങളിൽ ക്രമീകരിക്കുക. ക്ലാസ് സമയത്തുള്ള ഓഫീസ് ജോലികൾ ഒഴിവാക്കുകയും അവ വിശ്രമസമയങ്ങളിൽ തീർക്കുവാൻ ശ്രദ്ധിക്കുക.

♦ പ്രധാന അധ്യാപകരാണ് ലീവ് അനുവദിക്കുന്ന അധികാരിയെങ്കിലും പ്രസ്തുത ലീവിൽ താൽക്കാലിക അധ്യാപകരെ നിയമിക്കേണ്ടതാണെങ്കിൽ ലീവ് അപേക്ഷയിൽ ലോക്കൽ മാനേജരുടെ ഒപ്പ് വേണം താൽക്കാലികമായി നിയമിക്കപ്പെടുന്ന അധ്യാപകരുടെ നിയമനാംഗീകാര പ്രൊപ്പോസലിനോടൊപ്പം ഉൾപ്പെടുത്തുന്നതിനായി ലോക്കൽ മാനേജർ ഒപ്പിട്ട ലീവ് ആപ്ലിക്കേഷൻ കൊടുത്തുവിടേണ്ടതാണ്.

ച്ച എസ്.പി.സി, എൻ.എസ്.എസ്, ജെ.ആർ.സി, സ്കൗട്ട് & ഗൈഡ് തുടങ്ങിയ എല്ലാ സംഘടനകളും സ്കൂളുകളിൽ ആരംഭിക്കണം. കുട്ടികൾക്ക് ഗ്രേസ് മാർക്ക് കിട്ടേണ്ട ഈ സംഘടനകൾ സ്കൂളുകളിൽ ഉണ്ടായിരിക്കണം. പ്രധാനാധ്യാപകർ അധ്യാപകർക്ക് ഇതിന്റെ ഉത്തരവാദിത്വങ്ങൾ നൽകണം. പ്രധാനാധ്യാപകർ നൽകുന്ന ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് നടത്താൻ അധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്. എൽ.പി സ്കൂളുകളിൽ കബ്, ബുൾ ബുൾ എന്നിവ ആരംഭിക്കേണ്ടതാണ്. അധ്യാപകരെ പരിശീലനത്തിനായി പ്രധാനാധ്യാപകർ പറഞ്ഞയക്കേണ്ടതാണ്.

## ആറാം പ്രവർത്തിദിന റിപ്പോർട്ട്

വിദ്യാഭ്യാസ ഓഫീസുകളിലേക്ക് ആറാം പ്രവൃത്തിദിന റിപ്പോർട്ട് നൽകുന്നതിന് മുമ്പേ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

1) കോർപ്പറേറ്റിലേക്ക് www.ceadot.org എന്ന വെബ്സൈറ്റിലേക്ക് വിദ്യാർത്ഥികളുടെ എണ്ണം 04.06.2022 ശനിയാഴ്ച 4 മണിക്ക് മുമ്പായി എന്റർ ചെയ്യേണ്ടതാണ്.

2) വിദ്യാഭ്യാസഓഫീസുകളിൽ സമർപ്പിക്കേണ്ട ആറാം പ്രവൃത്തിദിന റിപ്പോർട്ട് ഫോമിന്റെ ഫോട്ടോകോപ്പി എടുത്ത് പൂരിപ്പിച്ച് 04.06.2022 ശനി

യാഴ്ച 4 മണിക്ക് മണിക്ക് മുമ്പായി corporatetly@gmail.com എന്ന ഇ-മെയിലേക്ക് അയക്കണം.

3) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചു കാണുമെന്ന് കരുതുന്നു. നിലവിലുള്ള തസ്തികൾക്കാവശ്യമായ റൂമുകൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റിലുണ്ട് എന്ന് ഉറപ്പുവരുത്തണം.

4) നിലവിലുള്ള കുട്ടികളുടെ എണ്ണ പ്രകാരം ലഭിക്കാവുന്ന എല്ലാ തസ്തികകൾക്കും സ്പെഷ്യലിസ്റ്റ് തസ്തികകൾക്കും അപേക്ഷ സമർപ്പിക്കണം. അറബിക്, ഉറുദു, സംസ്കൃതം എന്നീ തസ്തികകൾ ഉള്ള സ്കൂളുകളിൽ ആവശ്യത്തിന് കുട്ടികൾ ഉണ്ടെന്ന് ഉറപ്പു വരുത്തണം. വ്യക്തമായ പഠനവും അന്വേഷണവും നടത്തി കുട്ടികളുടെ എണ്ണം ക്രമീകരിച്ചതിന് ശേഷം മാത്രമേ ഓഫീസിൽ കൊടുക്കാവൂ.

5) കോർപ്പറേറ്റ് ഓഫീസിലേക്ക് www.ceadot.org എന്ന വെബ്സൈറ്റിലൂടെയും corporatetly@gmail.com എന്ന ഇ-മെയിലൂടെയും 04.06.2022ന് കുട്ടികളുടെ എണ്ണം അറിയിച്ചതിനുശേഷം ആറാംപ്രവൃത്തിദിനമായ ജൂൺ 8-ാം തിയതിക്കുമുമ്പായി കുട്ടികൾ ആരെങ്കിലും ചേർന്നാൽ ആ വിവരം വിദ്യാഭ്യാസ ഓഫീസിൽ റിപ്പോർട്ട് ചെയ്യുന്നതിനു മുൻപ് കോർപ്പറേറ്റ് ഓഫീസിലേക്ക് ഫോണിലൂടെ അറിയിക്കണം.

ഓരോ ക്ലാസിലെയും അധ്യാപകർ തങ്ങളുടെ ക്ലാസിലെ വിദ്യാർത്ഥികളെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും തങ്ങളുടെ ലാപ്ടോപ്പിൽ തയ്യാറാക്കി സൂക്ഷിക്കുകയും സ്കൂൾ ഓഫീസ് പ്രവർത്തനങ്ങൾക്ക് സഹായകമായ രീതിയിൽ യഥാസമയം നൽകുകയും ചെയ്യണം. യാതൊരു കാരണവശാലും കുട്ടികളുടെ എണ്ണത്തിൽ നമ്മുടെ സ്കൂളുകളിൽ ക്രമക്കേടുകൾ ഉണ്ടാകാൻ പാടില്ല. സർക്കാർ നിർദേശ പ്രകാരമുള്ള നിയമാനുസൃത സംവിധാനങ്ങളിലൂടെ മാത്രമേ വിദ്യാലയപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ പാടുള്ളൂ എന്ന് പ്രധാനദ്ധ്യാപകരെ ഓർമ്മിപ്പിക്കുന്നു. കുട്ടികളുടെ എണ്ണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം പ്രധാനധ്യാപകർക്കായിരിക്കും.

പുതിയ അധ്യയനവർഷം ദൈവാനുഗ്രഹപ്രദമാകട്ടെ. എല്ലാവിധ നന്മകളും ആശംസിക്കുന്നു.

സ്നേഹപൂർവം,

**ഫാ. മാത്യു ശാസ്താംപടവിൽ**
കോർപ്പറേറ്റ് മാനേജർ

# വിമൽജ്യോതി വാർത്തകൾ

2022-23 അദ്ധ്യയന വർഷത്തേക്കുള്ള എൻജിനീയറിംഗ്, എം.ബി.എ അഡ്മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഈ വർഷം മുതൽ വിവിധ സ്കോളർഷിപ്പുകൾ നമ്മുടെ ഇടവകയിലെ വിദ്യാർത്ഥികൾക്കു വേണ്ടി ഏർപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം 120-ഓളം കുട്ടികൾക്ക് ബി.ടെക് കോഴ്സുകൾക്ക് ഗവൺമെന്റ് ഫീസായ 8500 രൂപ മാത്രം വാർഷിക ഫീസായി സ്വീകരിച്ച് വിവിധ ബ്രാഞ്ചുകളിൽ അഡ്മിഷൻ നൽകുന്നുണ്ട്. നിലവിൽ പ്ലസ്വൺ പരീക്ഷയിൽ 80% ത്തിലധികം മാർക്കുകൾ നേടിയ വിദ്യാർത്ഥികൾക്ക് വ്യത്യസ്ത സ്കോളർഷിപ്പുകൾ ലഭ്യമാകാൻ അർഹത യുണ്ട്. ആദ്യം അപേക്ഷിക്കുന്നവർക്കാണ് മുൻഗണന. ഇപ്പോൾത്തന്നെ കോളേജ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9400062919, 8281750777, 9846423448, 0460 2212240** എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

Website : **www.vjec.ac.in** E-mail: **admission@vjec.ac.in**

**2022-23 അദ്ധ്യയന വർഷത്തിലെ വിവിധ സ്കോളർഷിപ്പുകൾ**

**പ്ലസ് വൺ പരീക്ഷക്ക് ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്** എന്നീ വിഷയങ്ങൾക്ക് ആകെ 80% മുതൽ മാർക്ക് ലഭിച്ച പ്ലസ്ടു കുട്ടികൾക്ക് താഴെ സൂചിപ്പിക്കുന്ന പ്രകാരം വിവിധങ്ങളായ സ്കോളർഷിപ്പുകൾക്ക് ഇപ്പോൾ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

പ്ലസ് ടു റിസൾട്ട് പബ്ലിഷ് ചെയ്തു കഴിഞ്ഞാൽ പിന്നെ പ്ലസ് ടു പരീക്ഷയ്ക്ക് ഫിസിക്സ്, കെമിസ്ട്രി, മാത്സ് തുടങ്ങിയ വിഷയങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും സ്കോളർഷിപ്പ് ലഭ്യമാകുക.

- ❖ **https://vjec.ac.in/scholarship/** എന്ന ലിങ്ക് വഴിയും QR കോഡ് സ്കാൻ ചെയ്തും
- ❖ പ്ലസ് വൺ മാർക്കിന്റെ അടിസ്ഥാനത്തിൽ പ്ലസ് ടു വിദ്യാർത്ഥികൾക്ക് ഇപ്പോൾതന്നെ
- ❖ സ്കോളർഷിപ്പ് ആപ്ലിക്കേഷൻ സമർപ്പിക്കാവുന്നതാണ്.
- ❖ ഫോൺ വഴി സ്കോളർഷിപ്പിന് അപേക്ഷിക്കാൻ ഈ നമ്പറിൽ വിളിക്കുക.
- ❖ **9846 423 448, 9400 062 919**

**1. പ്ലാറ്റിനം സ്കോളർഷിപ്പ്**

പ്ലസ് വൺ പരീക്ഷകൾക്ക് ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങൾക്ക് ആകെ 95% മാർക്ക് നേടിയ കുട്ടികൾക്ക് ഗവൺമെന്റ് ഫീസിൽ പഠിക്കാൻ അവസരം. 2,65,400/- രൂപ സ്കോളർഷിപ്പ്.

**2. ഡയമണ്ട് സ്കോളർഷിപ്പ്**

പ്ലസ് വൺ പരീക്ഷകൾക്ക് ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങൾക്ക് ആകെ 90% മാർക്ക് നേടുന്ന കുട്ടികൾക്ക് 1,50,000/- രൂപ സ്കോളർഷിപ്പ് ലഭിക്കുന്നു.

**3. ഗോൾഡൻ സ്കോളർഷിപ്പ്**

പ്ലസ് വൺ പരീക്ഷകൾക്ക് ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങൾക്ക് ആകെ 85% മാർക്ക് നേടുന്ന കുട്ടികൾക്ക് 60,000/- രൂപ സ്കോളർഷിപ്പ് ലഭിക്കുന്നു.

**4. സിൽവർ സ്കോളർഷിപ്പ്**

പ്ലസ് വൺ പരീക്ഷകൾക്ക് ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങൾക്ക് ആകെ 80% മാർക്ക് നേടുന്ന കുട്ടികൾക്ക് 40,000/- രൂപ സ്കോളർഷിപ്പ് ലഭിക്കുന്നു.

കമ്പ്യൂട്ടർ ബ്രാഞ്ചുകൾ ഒഴികെ എല്ലാ കോഴ്സിനും സ്കോളർഷിപ്പ് ലഭ്യമാണ്.

**KEAM RANK SCHOLARSHIP 2022**

| | | |
|---|---|---|
| KEAM Rank 1-5000 | : | Scholarship : Entire college fee |
| Rank 5001 - 8000 | : | Scholarship : 2,65,400/- (66,350x4 year)<br>Tuition Fee = Government Fees only (Rs.8650/-) |
| Rank 8001-10000 | : | Scholarship : 1,20,000/- (30,000x4 year) |
| Rank 10001-20000 | : | Scholarship : 20,000/- (5000x4 year) |

**ഇപ്പോൾ വിമൽ ജ്യോതിയിൽ 10 ബി.ടെക് കോഴ്സുകൾ ഉണ്ട്**

1. Mechanical Engineering (ME)
2. Civil Engineering (CE)
3. Electrical & Electronics Engineering (EEE)
4. Electronics & Communication Engineering (ECE)
5. Applied Electronics & Instrumentation (AEI)
6. Computer Science & Engineering (CSE)

7. Computer Science & Design (CSD)
8. Artificial Intelligence & Data Science (ADS)
9. Computer Science and Business System *
10. Computer Science and Cyber Security *

കൂടാതെ MBA, M.Tech, Ph.D. എന്നീ ഉപരിപഠന കോഴ്സുകളും ലഭ്യമാണ്.

## പ്ലേസ്മെന്റ് വാർത്തകൾ

- ❖ പ്രമുഖ പ്രൈവറ്റ് ബാങ്കായ ഫെഡറൽ ബാങ്ക് വിമൽ ജ്യോതിയിൽ ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തുകയും ഒരു അവസാനവർഷ സിവിൽ എൻജിനീയറിംഗ് വിദ്യാർത്ഥിയെ തിരഞ്ഞെടുക്കുകയും ചെയ്തു.
- ❖ യു.കെ. ആസ്ഥാനമായി പ്രവർത്തിക്കുന്ന KANTAR വിമൽ ജ്യോതിയിൽ നിന്നും ക്യാമ്പസ് റിക്രൂട്ട്മെന്റിലൂടെ ഒരു വിദ്യാർത്ഥിയെ തിരഞ്ഞെടുത്തു.
- ❖ സിവിൽ എൻജിനീയറിംഗ് കോർ കമ്പനിയായ Amerigo Structural Engineers pvt. Ltd. അവരുടെ ബാംഗ്ലൂർ ഓഫീസിലേക്ക് 3 അവസാനവർഷ വിദ്യാർത്ഥികളെ തിരഞ്ഞെടുത്തു.
- ❖ മെക്കാനിക്കൽ എൻജിനീയറിംഗ് കോർ കമ്പനിയായ Colonial Lumbers LLP അവരുടെ 3 ഫാക്ടറികളിലേയ്ക്കായി 27 വിദ്യാർത്ഥികളെ തിരഞ്ഞെടുത്തു. ജൂൺ നാലാം തീയതി ജോയിൻ ചെയ്യണം.
- ❖ സാന്തമോണികയും വിമൽ ജ്യോതി പ്ലേസ്മെന്റ് സെല്ലും സംയുക്തമായി നാലാം വർഷ, മൂന്നാം വർഷ എൻജിനീയറിംഗ് വിദ്യാത്ഥികൾക്കായി വിദേശ പഠന സാധ്യതകളെക്കുറിച്ചു ഒരു സെമിനാർ മെയ് 20-ാം തിയതി കോളേജിൽ സംഘടിപ്പിച്ചു. 30 കുട്ടികൾ പങ്കെടുത്തു.

## വിമൽ ജ്യോതി എം.ബി.എ കോളേജ്

2022 വർഷത്തെ എം.ബി.എ അഡ്മിഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് : 9400062919, 9400512240 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

Webiste : **www.vjim.ac.in** E-mail: **admission@vjim.ac.in**

സ്നേഹാശംസകളോടെ,

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
മാനേജർ

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

ഫോൺ : 8281750777, 8281730777

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com

**1. എഞ്ചിനീയറിംഗ് – മെഡിക്കൽ ക്രാഷ് റസിഡൻഷ്യൽ കോഴ്സ്**

മുപ്പത് ദിവസം നീണ്ടുനിൽക്കുന്ന എൻജിനീയറിംഗ് – മെഡിക്കൽ റെസിഡൻഷ്യൽ ക്രാഷ് കോഴ്സ് മെയ് 30ന് ആരംഭിക്കുന്നു. ഭക്ഷണം, താമസം, ടെക്സ്റ്റ് ബുക്ക്, കോഴ്സ് ഫീസ് തുടങ്ങിയവ അടക്കം റസിഡൻഷ്യൽ ക്രാഷ് കോഴ്സിന് 10,000/– രൂപയാണ് ഫീസ്.

**2. German - A1, A2, B1, B2**

സാൻജോസ് അക്കാദമിയിൽ ജർമ്മൻ A1, A2, B1, B2 എന്നീ കോഴ്സുകളിലേക്ക് എല്ലാ മാസവും ഒന്നാം തീയതി അഡ്മിഷൻ എടുക്കാവുന്നതാണ്.

**3. IELTS, OET, UKVI**

IELTS, OET, UKVI എന്നീ കോഴ്സുകൾ എല്ലാ തിങ്കളാഴ്ച്ചയും ആരംഭിക്കുന്നു. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

സാൻജോസ് അക്കാദമി നടത്തുന്ന കോഴ്സുകളെക്കുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ എടുക്കുവാനും താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. ഫോൺ : 9846423448, 8281 750 777, 8281 730 777.

സ്നേഹാശംസകളോടെ,

**ഫാ. സോണി വടശ്ശേരിൽ**
ഡയറക്ടർ

# നിർമലഗിരി വാർത്തകൾ

നിർമലഗിരി കോളേജ് മലയാള വിഭാഗത്തിന്റേയും ഐ.ക്യു.എ.സി. യുടേയും സംയുക്താഭിമുഖ്യത്തിൽ മലയാള കവിത 'രൂപവും ഭാവവും' എന്ന വിഷയത്തിൽ ഏകദിന സെമിനാർ സംഘടിപ്പിച്ചു. കേരളാ ചീഫ് സെക്രട്ടറിയും മലയാളത്തിന്റെ പ്രിയ കവിയുമായ ഡോ.വി.പി ജോയ്. ഐ. എ. എസ് സെമിനാർ ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ. കെ. വി. ഔസേപ്പച്ചൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ കോളേജ് ബർസാർ റവ. ഫാ. ഷാജി തെക്കേമുറിയിൽ, ഐ. ക്യു. എ. സി. കോർഡിനേറ്റർ ഡോ. സാബു സെബാസ്റ്റ്യൻ എന്നിവർ ആശംസകളറിയിച്ചു സംസാരിച്ചു. മലയാള വിഭാഗം അദ്ധ്യക്ഷൻ ഫാ. ഡോ. മാർട്ടിൻ ജോസഫ് സ്വാഗതവും സെമിനാർ കോർഡിനേറ്ററും മലയാള വിഭാഗം അസ്സിസ്റ്റന്റ് പ്രാഫസറുമായ ഡോ ദീപമോൾ മാത്യു നന്ദിയും പറഞ്ഞു.

തുടർന്ന് നടന്ന സെഷനിൽ ഗവ. കോളേജ് മാഹി മലയാള വിഭാഗം അസോസിയേറ്റ് പ്രൊഫ. ഡോ. മഹേഷ് മംഗലാട്ട് മലയാള കവിതയിലെ രൂപഭാവ പരിണാമങ്ങളെക്കുറിച്ച് പ്രബന്ധം അവതരിപ്പിച്ചു. നിർമലഗിരി കോളേജ് വൈസ് പ്രിൻസിപ്പലും മലയാള വിഭാഗം അസ്സിസ്റ്റന്റ് പ്രൊഫ. ജോബി ജേക്കബ് മോഡറേറ്ററായി. അസി. പ്രൊഫ. ഡോ. ജെയ്സൻ ജോസഫ്, സ്മൃതി, അന്നാ റെജി എന്നിവർ  സംസാരിച്ചു.

നിർമലഗിരി കോളേജ് പൂർവവിദ്യാർത്ഥി സംഗമം കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ. വി. ഉദ്ഘാടനം ചെയ്തു. നിർമലഗിരി കോളേജ് ബർസാർ ഫാ. ഷാജി തെക്കേമുറി മുഖ്യ പ്രഭാഷണം നടത്തി. കണ്ണൂർ യൂണിവേഴ്സിറ്റി മുൻ രജിസ്ട്രാർ ഡോ. ബാലചന്ദ്രൻ കീഴേത്ത് ആശംസ അർപ്പിച്ച് സംസാരിച്ചു. ശ്രീ. ജോസ് സ്വാഗതവും ജേർജുകുട്ടി നന്ദിയും പറഞ്ഞു. നിർമലഗിരി കോളേജിൽ പ്രവർത്തിക്കുന്ന ലൈഫ് സയൻസ് അക്കാദമിയുടെ മെറിറ്റ് ഡേ സംഘടിപ്പിച്ചു. 65 വിദ്യാർത്ഥികൾക്ക് JRF (ജെ ആർ എഫ്) ഉം 35 പേർക്ക് NET (നെറ്റും) നും അർഹരായി. ഈ വിഷയത്തിൽ ഇന്ത്യയിലെ വിജയികളിൽ നല്ലൊരു ശതമാനം ഈ സെന്ററിൽ നിന്നാണെന്നത് സന്തോഷകരമെന്ന് ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത കോളേജ് ബർസാർ ഫാ. ഷാജി തെക്കേമുറി അഭിപ്രായപ്പെട്ടു. ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി അധ്യക്ഷത വഹിച്ചു. എസ്. ബി. കോളേജ് അസി. പ്രെഫ. ഡോ. ടോം ആശംസയർപ്പിച്ച് സംസാരിച്ചു.

സുവേളജി വിഭാഗം അസി. പ്രൊഫ. ശ്രീ. വിനീഷ് സെബാസ്റ്റ്യൻ സ്വാഗതവും ശ്രീ ദീപക് നന്ദിയും പറഞ്ഞു. നിർമലഗിരി കോളേജ് 1982-84

പ്രിഡിഗ്രി ഇക്കണോമിക്സ് ബാച്ച് വിദ്യാർത്ഥികളുടെ മേഘ മൽഹാർ സ്നേഹ സംഗമം സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പാൽ ഡോ. ഔസേപ്പച്ചൻ കെ.വി. ഉദ്ഘാടനം ചെയ്തു. അറുപതോളം സഹപാഠികളും പൂർവ അധ്യാപകരും പങ്കെടുത്തു. വിനോദ് കുമാർ തില്ലങ്കേരി അധ്യക്ഷത വഹിച്ച ചടങ്ങിൽ കെ.കെ. ഷിബിൻ ഡിസൈൻ ചെയ്ത മേഘമൽഹാർ ലോഗോ പ്രകാശനം ചെയ്തു. പൂർവ അധ്യാപകരായ ഡോ. ജോൺ ജോസഫ്, പി. സി. മാത്യു, പി.എസ്. എബ്രാഹം, സി. ജി. ഫിലോമിന എന്നിവരെ ആദരിച്ചു. ബാച്ച് അംഗമായ കണ്ണൂർ എസ്. എൻ കോളേജ് പ്രിൻസിപ്പൽ ഡോ. കെ. എൻ അജയകുമാർ, സജീവൻ അഞ്ചരക്കണ്ടി, കെ. ഇ. പ്രകാശൻ എന്നിവർ സംസാരിച്ചു. സർഗ സംഗമവും അരങ്ങേറി.

എൻ. എസ്. എസ് വോളന്റിയേഴ്സ് പ്രോഗ്രാം ഓഫീസർമാരായ ഡോ. ജെയ്സൻ ജോസഫിന്റെയും അസി. പ്രൊഫ. ദീപ്തി ലിസ്ബത്തിന്റെയും നേതൃത്വത്തിൽ കോളേജിൽ പച്ചക്കറി തോട്ടം നിർമ്മിച്ചു. മാങ്ങാട്ടിടം പഞ്ചായത്തിന്റെ പരിധിയിലുള്ള ഒരു നിർധന കുടുംബത്തിന് നിർമിച്ചു നൽകുന്ന സ്നേഹ വീടിൻെറ സംഘാടക സമിതി വാർഡ് മെമ്പറുടെ സാന്നിധ്യത്തിൽ രൂപികരിച്ചു. NSS വോളന്റിയർമാരായ ഘനശ്യാം, ദീക്ഷിത, സിദ്ധാർത്ഥ് എന്നിവർ യോഗത്തിൽ പങ്കെടുത്തു.

**പി ആർ ഒ**
നിർമലഗിരി കോളേജ്

# ACCOMPAINYING DEAF AND AWAKINING MISSION (ADAM)

## ഏപ്രിൽ മാസ പ്രോഗ്രാം

**ഓൺലൈൻ വിശുദ്ധകുർബാന:** 7,21,28 തിയ്യതികളിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ബൈബിൾ ക്ലാസ് നൽകി.

**വിവാഹ ഒരുക്ക ക്ലാസ് പി.ഒ.സി.:** ഏപ്രിൽ 14 ,15 തീയതികളിൽ എറണാകുളം പി ഒ സി യിൽ വച്ച് കെസിബിസി ഫാമിലി കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ബധിര യുവതി യുവാക്കൾക്കുള്ള ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. കേരള, കർണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ളവർ ക്ലാസിൽ പങ്കുചേർന്നു.

**ബാംഗ്ലൂർ മിഷൻ :** കോവിഡ് മൂലം രണ്ടര വർഷമായി മുടങ്ങിയ ബാംഗ്ലൂർ ബധിര കൂട്ടായ്മയുടെ ആംഗ്യഭാഷാ ബലിയർപ്പണം പുനരാരംഭിച്ചു. ബാംഗ്ലൂർ വികലാംഗ സാമൂഹ്യ സേവന വിഭാഗം ഡയറക്ടർ ഫാദർ ഗബ്രിയേൽ ക്രിസ്റ്റി വിശുദ്ധബലി അർപ്പിച്ചു. തുടർന്ന് എല്ലാ ഞായറാഴ്ചകളിലും വിശുദ്ധ കുർബാനയും ബൈബിൾ ക്ലാസും നടത്തുവാൻ തീരുമാനിച്ചു.

### അതിരൂപത ഡയറക്ടേർസ് മീറ്റ്

ഇരുപത്തിയഞ്ചാം തീയതി മദർ ഹോം ധ്യാനകേന്ദ്രത്തിൽ അഭിവന്ദ്യ പാംപ്ലാനി പിതാവിന്റെ അധ്യക്ഷതയിൽ ചേർന്ന അതിരൂപത ഡിപ്പാർട്ട്മെൻറ് മീറ്റിംഗിൽ പങ്കുചേർന്ന് ആദം മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

### ജൂൺ മാസ പ്രോഗ്രാം

**ഓൺലൈൻ മിനിസ്ട്രി**

- 4,18,25 വിശുദ്ധ കുർബാന 6.30.pm
- ദിവ്യകാരുണ്യ ആരാധന 1 ബുധൻ 8 pm.
- ആലക്കോട് ബൈബിൾ കൂട്ടായ്മ
- 5 ഞായർ 10.30 am, വിശുദ്ധ കുർബാന, ബൈബിൾ ക്ലാസ്സ്

സ്നേഹപൂർവം,

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# എ.കെ.സി.സി.

തൃശൂർ അതിരൂപതയുടെ പാസ്റ്ററൽ സെന്ററിൽ വെച്ച് ചേർന്ന കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ വാർഷിക പ്രതിനിധി സമ്മേളനത്തിൽ തലശ്ശേരി അതിരൂപതയെ പ്രതിനിധീകരിച്ച് പ്രസിഡന്റ് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചകുന്നേൽ, ഗ്ലോബൽ സമിതി വൈസ് പ്രസിഡണ്ട് ബേബി നെട്ടനാനി, സെക്രട്ടറി ചാക്കോച്ചൻ കരാമയിൽ എന്നിവർ പങ്കെടുത്തു.

## അതിരൂപത വാർഷികവും യൂത്ത്‌വിങ് കൗൺസിലിന്റെ ഉദ്ഘാടനവും

കത്തോലിക്കാ കോൺഗ്രസ് അതിരൂപത വാർഷിക സമ്മേളനവും യൂത്ത് വിങ് കൗൺസിലിന്റെ ഉദ്ഘാടനവും മെയ് 26 ന് വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചു.

അഭിവന്ദ്യ ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ചടങ്ങ് ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ അധ്യക്ഷത വഹിക്കും. അതിരൂപത ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ ആമുഖപ്രഭാഷണവും ഗ്ലോബൽ പ്രസിഡന്റ് അഡ്വക്കേറ്റ് ബിജു പറയനിലം മുഖ്യ പ്രഭാഷണവും നടത്തും. ഗ്ലോബൽ ജനറൽ സെക്രട്ടറി രാജീവ് ജോസഫ് പ്രവർത്തന രൂപരേഖ അവതരിപ്പിക്കും. ഗ്ലോബൽ ഡയറക്ടർ ബഹു. ഫാദർ ജിയോ കടവി ആശംസ പ്രസംഗം നടത്തും ഗ്ലോബൽ– അതിരൂപത തലത്തിലെ സമിതികളുടെ ഭാരവാഹികൾ ആശംസകളർപ്പിച്ചു.

## അതിരൂപതയിലെ മേഖലാ സമ്മേളനങ്ങൾ

അതിരൂപതാവാർഷിക സമ്മേളനത്തിന്റെ വിജയത്തിനായി മൂന്ന് മേഖലകളിലായി നേതൃസമ്മേളനങ്ങൾ നടത്തി.

### ചെമ്പേരി മേഖല സമ്മേളനം – മെയ് 11

പുലിക്കുരുമ്പ പാരിഷ് ഹാളിൽ ചേർന്ന ചെമ്പേരി മേഖലാ സമ്മേളനത്തിൽ ആലക്കോട്, വായാട്ടുപറമ്പ്, ചെമ്പന്തൊട്ടി, ചെമ്പേരി, പൈസക്കരി ഫൊറോനകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. അതിരൂപതാ പ്രസിഡന്റ് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചകുന്നേലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം അതിരൂപത ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. ചെമ്പേരി ഫൊറോന ഡയറക്ടർ ആയി പ്രവർത്തിച്ച ബഹു. ഫാദർ നോബിൾ ഓണംകുളത്തിന് ഉചിതമായ യാത്രയയപ്പ് നൽകി. ചെമ്പേരി ഫോറോനാ പ്രസിഡണ്ട് ജിമ്മി അയ്ത്തമറ്റം,

ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി മെമ്പർ അഡ്വക്കറ്റ് ബിനോയ് തോമസ്, യൂത്ത് കൗൺസിലർ ജിജോ കണ്ണേഴത്ത് എന്നിവർ പ്രസംഗിച്ചു.

## ഇരിട്ടി മേഖലാ സമ്മേളനം

പേരാവൂർ, എടൂർ, കുന്നോത്ത്, നെല്ലിക്കാംപൊയിൽ എന്നീ ഫൊറോന കളിലെ മേഖലാസമ്മേളനം മെയ് പതിനാറാം തീയതി ഇരിട്ടിയിൽ വച്ച് ചേർന്നു. യോഗത്തിൽ അതിരൂപത പ്രസിഡന്റ് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചകുന്നേൽ അധ്യക്ഷത വഹിച്ചു. അതിരൂപത ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ വൈസ് പ്രസിഡണ്ട് ബേബി നെട്ടനാനി, സെക്രട്ടറി ചാക്കോച്ചൻ കാരാമയിൽ, രൂപത ജനറൽ സെക്രട്ടറി ബെന്നി പുതിയാംപുറം, അഡ്വക്കേറ്റ് ഷീജ കാറുകുളം, സിസിലി പുഷ്പ കുന്നേൽ, ജോർജ് കാനാട്ട്, ബെന്നിച്ചൻ മഠത്തിനാൽ, മാത്യു വല്ലാംകോട്, പൈലി പേമല, ജിജോ കണ്ണംകുളം എന്നിവർ പ്രസംഗിച്ചു.

## തോമാപുരം മേഖലാസമ്മേളനം

പനത്തടി, കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട്, തോമാപുരം, ചെറുപുഴ ഫൊറോനകളിലെ മേഖലാ സമ്മേളനം പതിനെട്ടാം തീയതി തോമാപുരം പാരിഷ് ഹാളിൽ ചേർന്നു. യോഗത്തിൽ അതിരൂപത പ്രസിഡന്റ് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചകുന്നേൽ അധ്യക്ഷതവഹിച്ചു. അതിരൂപത ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ യോഗം ഉദ്ഘാടനം ചെയ്തു. അതിരൂപത ട്രഷറർ ഫിലിപ്പ് വെളിയത്ത്, യൂത്ത് വിംഗ് ഗ്ലോബൽ കോഡിനേറ്റർ സിജോ അമ്പാട്ട്, ഫോറോനാ പ്രസിഡന്റ് ഷിജിത്ത്, സെക്രട്ടറി സാജു കുന്നംകൈ എന്നിവർ പ്രസംഗിച്ചു.

മെയ് ഇരുപത്തി രണ്ടാം തീയതി തളിപ്പറമ്പ് സെന്റ്മേരീസ് പാരിഷ് ഹാളിൽ ചേർന്ന അതിരൂപത നേതൃയോഗം രൂപത വാർഷിക സമ്മേളന ത്തിന്റെ വിജയത്തിനായി വിവിധ കമ്മിറ്റികൾ രൂപീകരിച്ചു.

## രണ്ട് പുതിയ യൂണിറ്റുകൾ

വെള്ളരിക്കുണ്ട് ഫൊറോനായിൽ കത്തോലിക്കാ കോൺഗ്രസ്സിന്റെ രണ്ടു പുതിയ യൂണിറ്റുകൾകൂടി സ്ഥാപിതമായി. പുന്നക്കന്ന് ഇടവകയിൽ ബഹു. ജിജോ പള്ളിക്കുന്നേൽ അച്ചന്റെയും പറമ്പ ഇടവകയിൽ ബഹു. കളപ്പുര യ്ക്കൽ ജിത്ത് അച്ചന്റെയും സവിശേഷമായ താത്പര്യവും നേതൃത്വവുംമൂല മാണ് ഇത് സാധ്യമായത്. ബഹു. വികാരിയച്ചന്മാരെയും പുതിയ യൂണിറ്റ് അംഗങ്ങളെയും ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു.

സ്നേഹപൂർവം,

**അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ**
പ്രസിഡണ്ട്

**ഫാ. ഫിലിപ്പ് കവിയിൽ**
ഡയറക്ടർ

# ഇൻഫാം വാർത്തകൾ

പ്രിയപ്പെട്ടവരെ, കർഷകർ ഒരുമിച്ച് നിൽക്കേണ്ട ഒരു കാലഘട്ടമാണിത്. തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് ബോധവാൻമാരാവുകയും. അത് നേടിയെടുക്കുവാനായി ഒന്നിച്ച് നിന്ന് പരിശ്രമിക്കുകയും ചെയ്യണം. കാർഷികമേഖലയുടെ വില തകർച്ച പ്രത്യേകിച്ച് തേങ്ങയുടെ വില കിലോയിക്ക് 26 രൂപയിലേയ്ക്ക് താന്നുഎന്നത് നാളികേര കർഷകര വളരെയധികം സാമ്പത്തിക പ്രതിസന്ധിയിൽ എത്തിച്ചിട്ടുണ്ട്.

ഇൻഫാം സംഘടന നമ്മുടെ എല്ലാ ഇടവകകളിലും രൂപീകരിക്കണം. ഒരു സംഘടന ഇല്ലാതെ നമുക്ക് പ്രവർത്തിക്കാൻ സാധിക്കില്ല അതിനാൽ നമ്മുടെ എല്ലാ ഇടവകകളിലും സംഘടനകൾ ജൂൺ ,ജൂലൈ മാസത്തോടെ രൂപീകരിക്കുകയും. ഫൊറോന ഡയറക്ടർ അച്ചൻമാരുടെ അടുക്കൽ ഭാരവാഹികളുടെ ലിസ്റ്റ് നല്കുകയും ചെയ്യുമല്ലോ.

**റീജനൽ കൺവെൻഷൻ** : സംഘടനയെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഫൊറോനകളുടെ നേതൃത്വത്തിൽ മേഖല കൺവെൻഷനുകളും പല ഫോറോനകൾ ചേർന്ന് റീജനൽ കൺവെൻഷനും നടത്തുന്നതും ഇൻഫാം പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തും.

**കാസർഗോഡ് ഇൻഫാം ജില്ലാ കൺവെൻഷൻ** : വെള്ളരിക്കുണ്ട് വച്ച് മെയ് മാസം 3ന് കാസർഗോഡ് ജില്ലാ കൺവെൻഷൻ നടന്നു. വെള്ളരിക്കുണ്ട്, കാഞ്ഞങ്ങാട്, പനത്തടി, തോമാപുരം ഫൊറോനകളിലെ നാനൂറോളം ഇൻഫാം പ്രവർത്തകർ കൺവെൻഷനിൽ പങ്കെടുത്തു. ജില്ലാ പ്രസിഡന്റ് ഗിരിസർ അദ്ധ്യക്ഷനായ മീറ്റിംഗിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. കാസർഗോഡ് റീജനൽ ഡയറക്ടർ വെരി. റവ.ഫാ.ജോൺസൺ അന്ത്യാകുളം പ്രോഗ്രാമിന് നേതൃത്വം നല്കി.ഇൻഫാം ദേശീയ അദ്ധ്യക്ഷൻ മോൺ. ജോസഫ് ഒറ്റപ്ലാക്കലും ഇൻഫാം രൂപതാ ഡയറക്ടർ ഫാ.തോമസ് ചെരുവിലും മീറ്റിംഗിൽ പങ്കെടുത്ത് സംസാരിച്ചു.ഈ സമ്മേളനത്തിന് നേതൃത്വം നല്കിയ ഫൊറോന ഇടവക ഡയറക്ടർ അച്ചൻമാരെയും എകസിക്യൂട്ടിവ് കമ്മറ്റിക്കും പ്രത്യേകിച്ച് വെള്ളരിക്കുണ്ടിലെ സജീവ പ്രവർത്തകർക്കും പ്രത്യേക അഭിനന്ദനങ്ങൾ പ്രസ്തുത മീറ്റിംഗിൽ സംസ്ഥാന മികച്ച കൃഷി ഒഫീസർക്കുള്ള അവാർഡ് ജേതാവ് അനിൽ സെബാസ്റ്റ്യനെ അനുമോദിച്ചു. കുട്ടികളെ കൃഷിയിലേയ്ക്ക് ആകർഷിക്കാൻ കുട്ടികളുടെ കർഷക സംഘം രൂപീകരിക്കുകയും ചെയ്തു. ഈ സമ്മേളനം വൻ വിജയമാക്കുവാൻ പിന്നിൽ പ്രവർത്തിച്ച ഏവർക്കും അഭിനന്ദനങ്ങൾ.

**ഫാ. തോമസ് ചെരുവിൽ**
ഡയറക്ടർ

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി, മുക്തിശ്രീ, എഡിഎസ്‌യു, പ്രതീക്ഷാ മദ്യപ ചികിത്സാകേന്ദ്രം

### 1. നെല്ലിക്കാംപൊയിൽ മേഖല, മീറ്റിംഗ്

ഏപ്രിൽ 22ന് സംസ്ഥാന സമ്മേളനത്തിന്റെ വിജയത്തിനായ് നെല്ലിക്കാംപൊയിൽ മേഖല മീറ്റിംഗ് നടന്നു. 17 ഇടവകകളിൽ നിന്നും പരമാവധി ആളുകൾ പങ്കെടുക്കുവാനുള്ള ക്രമീകരണങ്ങൾ നടത്തി. ലഘുഭക്ഷണം, കുപ്പിവെള്ളം, നാരങ്ങാ വെള്ളം എന്നിവ സമ്മേളനദിവസം ക്രമീകരിക്കുവാൻ തീരുമാനിച്ചു.

### 2. പത്രസമ്മേളനം കണ്ണൂരിൽ

ഏപ്രിൽ 23ന് സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചുള്ള വാർത്തകൾ നല്കുന്നതിനായ് കണ്ണൂർ പ്രസ്സ് ക്ലബ്ബിൽ പത്രസമ്മേളനം നടത്തി. ഫാ. ചാക്കോ കുടിപ്പറമ്പിൽ, ജോർജ് തയ്യിൽ, തങ്കമ്മ പാലമറ്റം എന്നിവർ പങ്കെടുത്തു.

### 3. ഏപ്രിൽ 26–28 സംസ്ഥാന സമ്മേളനം

ഏപ്രിൽ 26ന് മാർ ജോർജ് വലിയമറ്റം പതാക ഉയർത്തിയതോടെ സംസ്ഥാന സമ്മേളനത്തിന് തുടക്കം കുറിച്ചു.

ഏപ്രിൽ 27ന് പ്രതിനിധി സമ്മേളനം ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു.

ഏപ്രിൽ 28 ന് ബഹുജനറാലിയും പൊതു സമ്മേളനവും നടന്നു. മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. യൂഹാനോൻ മാർ തെയോഡോഷ്യസ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ മാർ ജോർജ് ഞറളക്കാട്ട് അനുഗ്രഹ പ്രഭാഷണം നടത്തി. ഈയ്യച്ചേരി കുഞ്ഞികൃഷ്ണൻ മാസ്റ്റർ ആശംസയറിയിച്ചു. മോൺ. തോമസ് തൈത്തോട്ടം, മാത്യു എം. കണ്ടത്തിൽ എന്നിവരെ പൊന്നാടയണിയിച്ച് ആദരവ് നല്കി. ഏറ്റവും മികച്ച പ്രവർത്തനങ്ങൾക്ക് തലശ്ശേരി അതിരൂപത വീണ്ടും അർഹമായി. ഏറ്റവും മികച്ച പ്രവർത്തകനുള്ള അവാർഡ് തങ്കച്ചൻ കൊല്ലക്കൊമ്പിൽ അർഹനായി.

### 4. ഏപ്രിൽ 30 ഇരിക്കൂർ മതസൗഹാർദ്ദ സംഗമം

ഇരിക്കൂറിൽ നടന്ന മതസൗഹാർദ്ദ സംഗമത്തിൽ ഫാ. ചാക്കോ കുടിപ്പറമ്പിൽ പങ്കെടുത്തു. ക്രൈസ്തവദർശനത്തിന്റെ മാനവികതയെക്കുറിച്ച് പ്രഭാഷണം നടത്തി.

### 5. മെയ് 1 തയ്യേനി

തയ്യേനിയിൽ നടന്ന ബോധവത്ക്കരണദിനാചരണത്തിൽ മുഖ്യപ്രഭാഷണം ഡയറക്ടറച്ചൻ നടത്തി.

### 6. മെയ് 10 നെല്ലിക്കാംപൊയിൽ വൈദികകൂട്ടായ്മ

നെല്ലിക്കാംപൊയിൽ വൈദിക കൂട്ടായ്മയിൽ ഡയറക്ടറച്ചൻ പങ്കെടുത്തു. പ്രവർത്തനങ്ങൾ വിശദീകരിച്ചു. സഹകരണം അഭ്യർത്ഥിച്ചു.

### 7. മെയ് 12 കരുവഞ്ചാൽ മീറ്റിംഗ്

മദ്യവിരുദ്ധ പ്രവർത്തനങ്ങളുടെ ചരിത്രരചനയെക്കുറിച്ചുള്ള ആലോചനായോഗം കരുവഞ്ചാലിൽ നടന്നു. മോൺ. തോമസ് തൈത്തോട്ടം, ഫാ. ചാക്കോ കുടിപ്പറമ്പിൽ, ഫാ. മാത്യു കാരിക്കൽ എന്നിവർ പങ്കെടുത്തു.

### 8. മെയ് 17 അതിരൂപതാ പ്രവർത്തക സമിതി

അതിരൂപതാ പ്രവർത്തക സമിതി മെയ് 17ന് നടന്നു. 10 ജപമാലയും തുടർന്ന് വി. കുർബാന, ചർച്ച, പരസ്പര സഹായ നിധി എന്നിവയും നടന്നു.

### 9. മെയ് 18 മാനേജിംഗ് കമ്മിറ്റി

പ്രതീക്ഷാ മാനേജിംഗ് കമ്മിറ്റി മെയ് 18ന് ചേർന്നു. പ്രവർത്തനങ്ങൾ വിലയിരുത്തി. ഭാവികാര്യങ്ങൾ ആലോചിച്ചു.

### 10. മെയ് 20 ചതിരൂർ ബോധവത്ക്കരണം

ചതിരൂരിൽ ബോധവത്ക്കരണ സെമിനാർ നടന്നു. ഡയറക്ടറച്ചൻ ക്ലാസ്സ് എടുത്തു.

## കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, മുക്തിശ്രീ സംഘടനാ ശാക്തീകരണം 2022

**ഒന്നാംഘട്ടം**

1. പ്രാഥമിക മേഖലാ മീറ്റിംഗ് സമ്മേളിക്കുന്നു. ഒരു യൂണിറ്റിൽ നിന്നും കെസിബിസി മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും ഭാരവാഹികൾ (അഥവാ 2 പേർ വീതം പ്രസിഡന്റ്, ജനറൽ സെക്രട്ടറി). സമയ ക്രമീകരണം മേഖലയുടെ ഉചിതമായ തീരുമാനം.

   രാവിലെ എങ്കിൽ
   10–1 pm
   ഉച്ചകഴിഞ്ഞെങ്കിൽ
   2–5 pm

അതിരൂപതാ ഡയറക്ടർ, മേഖലാഡയറക്ടർ എന്നിവർ നേതൃത്വം നൽകും. വന്നു ചേരുന്നവരിൽ നിന്നും മേഖലാ തെരഞ്ഞെടുപ്പ് നടത്തും. അതിൽ മേഖലാ പ്രസിഡന്റുമാർ, ജനറൽ സെക്രട്ടറിമാർ, ഖജാൻജിമാർ (6പേർ) അതിരൂപതാ പ്രവർത്തക സമിതിയംഗങ്ങളായിരിക്കുകയും ചെയ്യും.

**രണ്ടാം ഘട്ടം**

2. മേഖലയിലെ അതിരൂപതാ പ്രവർത്തകസമിതി അംഗങ്ങളും അതിരൂപതാ, മേഖലാ ഡയറക്ടറച്ചന്മാരും ചേർന്ന് തുടർന്ന് പ്രോഗ്രാമുകൾ

നിശ്ചയിക്കും. ഉദാ. യൂണിറ്റ് സന്ദർശനങ്ങൾ, യൂണിറ്റ് ഭാരവാഹികൾ കുറഞ്ഞിടത്ത് രൂപീകരണം മുതലായവ.

**മൂന്നാംഘട്ടം**

3. സമ്പൂർണ്ണ മേഖല ഏകദിന സമ്മേളനം
അഭിവന്ദ്യ പിതാവ് ഫൊറോന വികാരി എന്നിവരുടെ സാന്നിദ്ധ്യം.
ഏകദിന സമ്മേളനം രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ ആയിരിക്കും.
ജപമാല, വി.കുർബാന, സെമിനാർ (സംഘടനയുടെ പ്രസക്തി, പ്രവർത്തനങ്ങൾക്ക് ഇത് സുവിശേഷ ശുശ്രൂഷ), സമ്മേളനം.

**നാലാം ഘട്ടം**

4. തുടർ മാസങ്ങളിൽ മേഖലാ കൂട്ടായ്മകൾ (രണ്ടര മണിക്കൂർ)
സമയം, തീയതി: മേഖല നിശ്ചയിക്കുന്നു.
അതിരൂപതാ ഡയറക്ടർ സംബന്ധിക്കുന്നു
വി. കുർബാന, ക്ലാസ്സ്, ചർച്ച, പരസ്പര സഹായ നിധി
ഒരു മാസം 3 യൂണിറ്റ് ഭാരവാഹികളെ പരിചയപ്പെടൽ, ദിവ്യകാരുണ്യാരാധന (15 മിനിറ്റ്)

**5. അഞ്ചാംഘട്ടം**

മദ്യപാന രോഗികളെ സമീപിക്കുവാൻ, സംസാരിക്കുവാൻ, കേൾക്കുവാൻ കഴിയുന്ന 5 പേരെ എങ്കിലും ഓരോ മേഖലയിലെ കൂട്ടായ്മ കണ്ടെത്തുന്നു. പരിശീലനം നൽകുന്നു. പ്രതീക്ഷയുടെ എല്ലാ സൗകര്യങ്ങളും സാദ്ധ്യതകളും അതിനുവേണ്ടി ഉപയോഗിക്കും.
രോഗികളെ കണ്ടെത്തിയാൽ പ്രതീക്ഷയുടെ സ്റ്റാഫും സഹായത്തിനുണ്ടാവും.
ഇടവകാതലത്തിൽ ഫാമിലി കൗൺസിലിംഗ്, സെമിനാർ എന്നിവയ്ക്കും പ്രതീക്ഷയുടെ സഹകരണം ലഭ്യമാകും.

**NB: സംഘടനയുടെ സഹകരണത്തോടെ വരുന്ന രോഗികൾക്ക് ചികിത്സാചിലവിൽ ഇളവ് നല്കുന്നതുമായിരിക്കും.**

**മറ്റ് പരിപാടികൾ**

1. ഓഗസ്റ്റ് - സെപ്റ്റംബർ സംഘടനാ ശാക്തീകരണം.
2. റിട്ട. പ്രൊഫസർമാർ, വക്കീലന്മാർ, റിട്ട. +2 അദ്ധ്യാപകർ എന്നിവർ മാത്രമുള്ള 12 പേരുടെ ടീം ഏത് വിഭാഗത്തിനും ക്ലാസ് നല്കുവാൻ സജ്ജമാണ്.
3. രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖപ്പെടുത്തിയിട്ടുള്ളതുപോലെ 'മനുഷ്യമഹാകുടുംബത്തിലെ' അംഗങ്ങളെന്ന നിലയിൽ ഇതരമതസ്ഥരുടെയിടയിലും സാദ്ധ്യമാകുന്ന സേവനങ്ങൾ നല്കി വരുന്നു.

4. സായാഹ്ന ബോധവൽക്കരണ പരിപാടികൾ, കോർണർ മീറ്റിംഗുകൾ, സർക്കാരിന്റെ തെറ്റായ നയത്തിനെതിരെയുള്ള പ്രതിരോധങ്ങൾ, ഇട വകയിൽ ഒരുദിനം പ്രോഗ്രാം, സായാഹ്ന ഇടവകാ കൺവെൻഷൻ, ജാഗ രണശുശ്രൂഷകൾ, ഉപവാസദിനാചരണങ്ങൾ, വിശിഷ്ടദിനാചരണങ്ങൾ എന്നിവയിലൂടെ മദ്യത്തിന്റെയും ലഹരിമരുന്നുകളുടെയും ഉപയോഗ ത്തിനെതിരെയുള്ള ശക്തമായ പ്രതിഷേധങ്ങൾ സമൂഹബോധവൽക്ക ണത്തിനായ് നടത്തും.

ഓരോ ഫൊറോനയിലും സംഘടനയുടെ പ്രാരംഭഘട്ടത്തിൽ അതി രൂപതാ പ്രവർത്തക സമിതിയുടെ മേൽനോട്ടത്തിൽ മേഖലാ ഡയറക്ട റുടെ സഹകരണത്തോടെ സന്ദർശനങ്ങൾ, കൂട്ടായ്മകൾ, പരസ്പര സഹാ യനിധി, മേഖലാ സമ്പൂർണ്ണ സമ്മേളനം, എന്നിവ നടക്കുന്നു.നെല്ലിക്കാം പൊയിൽ മേഖലയിലും ചെമ്പന്തൊട്ടി മേഖലയിലും ആരംഭിച്ച ഈ ശൈലി കുറേക്കൂടി ഫലവത്തായി കണ്ടതിനാൽ ജൂൺ-ജൂലൈ മാസങ്ങളിൽ ചെമ്പേരി മേഖലയിൽ ആരംഭം കുറിക്കുന്നു.

ഏത് മേഖലയിൽ തുടങ്ങുന്നതിനും മുമ്പ് അതാത് ഫൊറോന മാസ ധ്യാനത്തിൽ വന്ന് ഡയറക്ടറച്ചൻ പ്രവർത്തനശൈലി വിശദീകരിക്കുകയും അച്ചന്മാരുടെ അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. സഹോ ദരതുല്യമായ സ്നേഹവും സഹകരണവും അച്ചന്മാർ നല്കി വരുന്നു, എന്ന താണ് എന്റെ അനുഭവം.

ആദരവോടെ,

**ഫാ. മാത്യു കാരിക്കൽ**
അഡ്മിനിസ്ട്രേറ്റർ
ഡയറക്ടർ, എഡിഎസ്‌യു

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
ഡയറക്ടർ

# ഏയ്ഞ്ചൽ ട്രസ്റ്റ്

## ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ

ഡയാലിസിസ് ആവശ്യമുള്ള സമൂഹത്തിലെ നിർധനരായ വൃക്ക രോഗികൾക്ക് സൗജന്യ ഡയാലിസിസ് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി സ്മാരകമായി കരുവഞ്ചാലിൽ സ്ഥാപിതമായ ഏയ്ഞ്ചൽ (ANGEL- Archbishop Njaralakatt George's Envision for Life) ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചു. സമൂഹത്തിലെ ഏറ്റവും കഷ്ടതയനുഭവിക്കുന്നവർക്കായി ആവിഷ്ക്കരിച്ചിരിക്കുന്ന ഈ ഡയാലിസിസ് സെന്ററിലൂടെ വർദ്ധിച്ചുവരുന്ന നിരവധി വൃക്കരോഗികളെ സഹായിക്കാനുള്ള കർമ്മപദ്ധതികൾ പ്രാവർത്തികമാക്കിയിരിക്കുന്നു. നിശ്ചിത തുക ഈ സത്കർമ്മത്തിനായി സംഭാവന ചെയ്യാൻ സന്നദ്ധതയുള്ള എല്ലാ സുമനസ്സുകളുടെയും ഫൊറോനകളുടേയും സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഇങ്ങനെ ലഭിച്ച തുക ഉപയോഗിച്ച് മെഷീനുകളും മറ്റു അടിസ്ഥാന സൗകര്യങ്ങളും ഡയാലിസിസ് സെന്ററിൽ പൂർത്തീകരിക്കാൻ സാധിച്ചു. അതിനായി സഹകരിക്കുകയും മനസ്സറിഞ്ഞ് സഹായിക്കുകയും ചെയ്ത എല്ലാവരേയും സ്നേഹപൂർവ്വം ഓർക്കുന്നു.

**ഈ പുണ്യപ്രവൃത്തിക്കായി സംഭാവന നൽകിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

(2022 ഏപ്രിൽ 25-ന് ശേഷം 2022 മെയ് 25 വരെയുള്ള കണക്കുകൾ)

| | |
|---|---|
| Fr.Vicar St.Sebastians Church, Kannivayal | - 50,000/- |
| Jerrin Thomas, Chittarikkal | - 12,000/- |
| Shinto Joseph, Cherupuzha | - 5,000/- |
| Joby John, Vellarikkundu | - 2,500/- |

ഏയ്ഞ്ചൽ ട്രസ്റ്റിന്റെ അക്കൗണ്ടിൽ സീറോ ബാലൻസ് ആവാതിരിക്കുവാൻ എല്ലാ ഫൊറോനകളിൽ നിന്നും ശ്രദ്ധിക്കേണ്ടതാണ്. അക്കൗണ്ടുകൾ ഇനിയും സീറോ ബാലൻസ് ആയി തുടർന്നാൽ അക്കൗണ്ടുകൾ ക്യാൻസൽ ആവുകയും വീണ്ടും പുതിയ അക്കൗണ്ടുകൾ ആരംഭിക്കേണ്ടതായി വരുമെന്നും പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഇത്തരത്തിൽ അക്കൗണ്ടുകൾ കാൻസൽ ആവാതിരിക്കുവാൻ സീറോ ബാലൻസ് അക്കൗണ്ടുകളിൽ ഉടനെ ഇടപാടുകൾ നടത്തുവാൻ ഫൊറോന വികാരിയച്ചന്മാരുടെ സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

## ചികിത്സാ ചിലവുകൾ

ഓരോ ഫൊറോനകളിൽ നിന്നും നിർധന കുടുംബങ്ങളിലെ തെരഞ്ഞെടുക്കപ്പെടുന്ന, സഹായം അർഹിക്കുന്ന വൃക്കരോഗികൾക്ക് 850/- രൂപ നിരക്കിൽ ഡയാലിസിസ് സൗകര്യം നൽകുവാൻ അഭിവന്ദ്യ പിതാക്കന്മാരുടെ അധ്യക്ഷതയിൽ ചേർന്ന ഓരോ ഫൊറോനകളുടെയും വികാരിമാർ, ഏയ്ഞ്ചൽ ട്രസ്റ്റ് ബോർഡ് മെമ്പർമാർ, ഫൊറോനയിൽ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ഉത്തരവാദിത്വമുള്ള വൈദികർ തുടങ്ങിയവർ സംബന്ധിച്ച മീറ്റിംഗിൽ തീരുമാനമെടുത്തു. ഇത്തരത്തിൽ സഹായം അർഹിക്കുന്നവർക്ക് ഓരോ ഡയാലിസിസിനും ചിലവാകുന്ന 900/- രൂപ അതാത് ഫൊറോനകളിൽ അടയ്ക്കാവുന്നതാണ്. മറ്റുള്ളവർ ആശുപത്രിയിലെ ചികിത്സാചെലവുകൾക്കനുസരിച്ച് ഫീസ് ഡയാലിസിസ് സെന്ററിൽ നേരിട്ട് അടയ്ക്കേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് ഓരോ ഫൊറോനകളുടെയും വികാരിമാർ, ഫൊറോനയിൽ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ഉത്തരവാദിത്വമുള്ള വൈദികർ എന്നിവർ മുഖേന ബന്ധപ്പെടാവുന്നതാണ്.

## ഡയാലിസിസ് സെന്ററിന്റെ സേവനം ഇരിട്ടി മേഖലയിലും

സച്ചിദാനന്ദ പ്രകൃതിക്ഷേത്ര ട്രസ്റ്റിന്റെ ഇരിട്ടി കടത്തുംകടവിൽ പ്രവർത്തനമാരംഭിക്കുന്ന ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ കെട്ടിടത്തിന്റെ വെഞ്ചരിപ്പുകർമ്മം തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിച്ചു. ഏയ്ഞ്ചൽ ട്രസ്റ്റിന്റെ സേവനങ്ങൾ 2022 ജൂൺ അവസാനത്തോടെ ലഭ്യമാക്കുന്നു. ഇരിട്ടി മേഖലയിലെ നിർധനരും സാധാരണക്കാരുമായ നിരവധി വൃക്കരോഗികൾക്ക് ഈ സെന്ററിലൂടെ ഡയാലിസിസ് സൗകര്യങ്ങൾ ഒരുക്കുവാൻ സാധിക്കുന്നു.

## ഏയ്ഞ്ചൽ – പണമിടപാടുകൾ

ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ ഫൊറോനകൾ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക ഇടപാടുകൾ കൂടുതൽ സുഗമമാക്കുന്നതിനായി ഓരോ മേഖലകളിലും പുതിയ ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിരുന്നുവല്ലോ. പുതുതായി ആരംഭിച്ച സൗത്ത് ഇന്ത്യൻ ബാങ്ക് അക്കൗണ്ടുകളുടെ പാസ്ബുക്കുകളും, പണമിടപാടുകൾ നടത്തുന്നതിനായി റെസീപ്റ്റ് ബുക്കുകളും ചെക്ക് ബുക്കുകളും എല്ലാ ഫൊറോനകളിലും ലഭ്യമാക്കിയിട്ടുണ്ട്. പരമാവധി 2000/- (രണ്ടായിരം) രൂപ വരെ പണമായിട്ട് വാങ്ങുന്നതായിരിക്കും കൂടുതൽ ഉചിതം. സുതാര്യത ഉറപ്പുവരുത്തുന്നതിനായി സംഭാവനയായി ലഭിക്കുന്ന തുക പരമാവധി ബാങ്ക് വഴി ഇടപാടുകൾ നടത്തുവാൻ ശ്രമിക്കേണ്ടതാണ്. 80G ഉള്ളതിനാൽ ഓഡിറ്ററുടെ നിർദ്ദേശപ്രകാരം ലഭിച്ച സംഭാവനകളുടെ കണക്കുകൾ ഇൻകംടാക്സിൽ സമർപ്പിക്കുമ്പോൾ തുക നൽകുന്ന വ്യക്തിയുടെ പാൻനമ്പർ കൂടി ചേർക്കേണ്ടതാണ്. അതിനാൽ പണമായോ ചെക്ക് ആയോ സംഭാവനകൾ

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി

## (ടി.എസ്.എസ്.എസ്.)

### SHG ലോൺ വിതരണം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ധനലക്ഷ്മി ബാങ്കും സംയുക്തമായി കാർഷികമേഖലയുടെ ഉന്നമനത്തിനായി SHG ഗ്രൂപ്പുകൾക്ക് ലോണുകൾ വിതരണം ചെയ്തു. ആദ്യഘട്ടവിതരണത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി 12 കോടി രൂപയുടെ വിതരണമാണ് നടത്തിയത്.

### ഗ്രാമിയ നോട്ടുബുക്കുകളുടെ വിതരണം നടത്തി

കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ സാധാരണക്കാരായ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ഏറ്റവും കുറഞ്ഞ നിരക്കിൽ നോട്ടുബുക്കുകൾ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നിർമ്മിക്കുന്ന ഗ്രാമിയ നോട്ടുബുക്കുകളുടെ വിതരണം നടത്തി. TSSS യൂണിറ്റുകൾ വഴിയും സ്റ്റാഫ് അംഗങ്ങൾ വഴിയും ഇടവക വികാരിയച്ചന്മാരുടെ നേതൃത്വത്തിലും സ്വീകരിച്ച നോട്ടുബുക്കുകളുടെ ഓർഡറുകൾ ഓരോ മേഖല ഓഫീസുകളിലെത്തിക്കുകയും മേഖലകളുടെ നേതൃത്വത്തിൽ യൂണിറ്റുകളിലും ഓർഡർ നൽകിയവരിലേക്കുമെത്തിച്ചു.

---

തരുന്നവരുടെ ആധാർ കാർഡിന്റെയും പാൻകാർഡിന്റെയും ഒരോ കോപ്പി വീതം വാങ്ങിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഫൊറോനകളിൽ നിന്നും ഏയ്ഞ്ചൽ ട്രസ്റ്റിന്റെ വരവ് - ചെലവ് കണക്കുകൾ എല്ലാ മാസവും 5-ാം തീയതിക്കു മുമ്പായി ഇതോടൊപ്പം തന്നിരിക്കുന്ന മെയിൽ ഐഡിയിലേക്ക് അയയ്ക്കേണ്ടതാണ്. അതിനായി ഫൊറോനയിലെ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ഉത്തരവാദിത്വമുള്ള വികാരിയച്ചന്മാരുടെ സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

E-mail : tsssacc@gmail.com

കൂടുതൽ വിവരങ്ങൾക്ക് : +917034532294

ഒത്തിരി സ്നേഹത്തോടെ,

**ഫാ. ജിൻസ് വാളിപ്ലാക്കൽ**
കോർഡിനേറ്റർ, ഏയ്ഞ്ചൽ ട്രസ്റ്റ്

**ഫാ. ബെന്നി നിരപ്പേൽ**
മാനേജിംഗ് ട്രസ്റ്റി, ഏയ്ഞ്ചൽ ട്രസ്റ്റ്

## ത്രിദിന ട്രെയിനിംഗ് പ്രോഗ്രാം

നബാർഡും ബാങ്കേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് (BIRD) മാംഗളൂരും (On-Location Training Programme on Enhancing Credit Flow in Watershed and Tribal Development Project Areas) കണ്ണൂരിൽ ത്രിദിന ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ളവർ പങ്കെടുത്ത ട്രെയിനിംഗിൽ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രൊജക്ട് ഓഫീസർ ശ്രീ. തോമസ് ജോൺ പങ്കെടുത്തു.

## ക്രെഡിറ്റ് യൂണിയൻ യൂണിറ്റ് രൂപീകരണം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ ജില്ലയിലെ നടുവിൽ ഇടവകയിൽ പുതിയ ക്രെഡിറ്റ് യൂണിയൻ യൂണിറ്റ് രൂപീകരിച്ചു. പുതിയ യൂണിറ്റിന്റെ തുടർപ്രവർത്തനങ്ങൾക്ക് TSSS-ന്റെ എല്ലാവിധ ഭാവുകങ്ങളും. നടുവിൽ ഇടവക വികാരി പ്രിയ ബഹുമാനപ്പെട്ട ചെരുവിൽ അച്ചനും പുതിയ ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ...

## കാൻസർ പരിശോധനാക്യാമ്പുകൾ

കാൻസർ രോഗത്തെ നേരത്തേ കണ്ടെത്തി നിയന്ത്രണവിധേയമാക്കാനും, നമ്മുടെ കുടുംബത്തേയും നാടിനേയും കാൻസർ വിമുക്തമാക്കി മാറ്റാനും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സൗജന്യ കാൻസർ പരിശോധനാക്യാമ്പുകൾ നടത്തി. കൃത്യമായ പരിശോധനയി ലൂടെയും ഉചിതമായ ചികിത്സാരീതികളിലൂടെയും നിരവധിപേരെ രോഗമുക്തരാക്കാനും സഹായിക്കാനും ഇതുവഴി സാധിച്ചിട്ടുണ്ട്. മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ കാൻസർ, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവയുടെ ഈ മാസത്തെ സൗജന്യ പരിശോധന (നെല്ലിക്കാംപൊയിൽ) ജൂൺ 06 തിങ്കൾ, (ആലക്കോട്) ജൂൺ 11 ശനി, (ചിറ്റാരിക്കാൽ) ജൂൺ 13 തിങ്കൾ എന്നീ ദിവസങ്ങളിൽ നടത്തപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് അതാത് മേഖലകളിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടാവുന്നതാണ്.

ഒത്തിരി സ്നേഹത്തോടെ,

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ

## മദർഹോം പരിയാരം

| | | | |
|---|---|---|---|
| 2022 ജൂൺ | 03-05 | : | തപസ് ധ്യാനം |
| ,, | 05-09 | : | യുവജന ധ്യാനം |
| ,, | 11 | : | വചനാഗ്നി ഏകദിന കൺവെൻഷൻ (09 am-02 pm |
| ,, | 16-21 | : | ആന്തരികസൗഖ്യ ധ്യാനം |
| ,, | 24-27 | : | കന്നഡ ധ്യാനം |
| ,, | 30 | : | വൈദിക കൂട്ടായ്മ/പ്രാർത്ഥനാദിനം |
| 2022 ജൂലൈ | 03-08 | : | ആന്തരിക സൗഖ്യധ്യാനം |
| ,, | 09 | : | വചനാഗ്നി ഏകദിന കൺവെൻഷൻ (09 am-02pm |
| ,, | 21-26 | : | ആന്തരിക സൗഖ്യധ്യാനം |
| ,, | 28 | : | വൈദിക കൂട്ടായ്മ/പ്രാർത്ഥനാദിനം |
| ,, | 28-31 | : | കന്നഡ ധ്യാനം |
| 2022 ആഗസ്റ്റ് | 05-07 | : | തപസ് ധ്യാനം |
| ,, | 07-12 | : | ആന്തരിക സൗഖ്യധ്യാനം |
| ,, | 13 | : | വചനാഗ്നി ഏകദിന കൺവെൻഷൻ (09 am-02 pm |
| ,, | 14-19 | : | സിസ്റ്റേഴ്സിനുവേണ്ടിയുള്ള ധ്യാനം |
| ,, | 18-23 | : | ആന്തരിക സൗഖ്യധ്യാനം |
| ,, | 25 | : | വൈദിക കൂട്ടായ്മ/പ്രാർത്ഥനാദിനം |

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ഏപ്രിൽ 2022

21 ബഹു. എബ്രാഹം പോണാട്ട് അച്ചന്റെ പൗരോഹിത്യ സുവർണജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് ആശംസകൾ നേർന്നു.

22 കപ്പൂച്ചിൻ സഭയുടെ ചാപ്റ്ററിൽ പങ്കെടുത്ത് വിശുദ്ധ കുർബാന അർപ്പിച്ചു. മതബോധന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തളിപ്പറമ്പിൽ വച്ച് നടന്ന ധ്യാന നേതൃത്വ പരിശീലന ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ചരൾ ഇടവക നൽകിയ സ്വീകരണത്തിൽ പങ്കെടുത്ത് വിശുദ്ധ കുർബാന അർപ്പിച്ചു. പാലത്തിൻകടവിൽ ചെറുപുഷ്പ മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ നടന്ന എം ടി സി ട്രെയിനിംഗ് ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികളുമായി സംസാരിച്ചു.

23 പാലക്കാട് അഭിവന്ദ്യ മാർ പീറ്റർ കൊച്ചുവീട്ടിൽ പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങിൽ പങ്കെടുത്തു.

26 എം എസ് എഫ് എസ് സഭാംഗങ്ങൾക്കായി ഓൺലൈനായി ക്ലാസ്സ് നയിച്ചു.

27 പേരാവൂർ സെന്റ് ജോസഫ്സ് ഇടവകയിൽ ആദ്യകുർബാന സ്വീകരണത്തിന് മുഖ്യകാർമികത്വം വഹിച്ചു.

28 ഉളിക്കലിൽ വച്ച് തലശ്ശേരി അതിരൂപത ആതിഥേയത്വം വഹിച്ച മദ്യനിരോധന സമിതിയുടെ സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്തു.

30 ബഹു. ജേക്കബ് കരോട്ട് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു. സീ ന്യൂസിന്റെ ഓൺലൈൻ സമ്മേളനത്തിൽ പങ്കെടുത്തു.

### മെയ് 2022

01 ചട്ടമല ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് മാനന്തവാടി രൂപതയുടെ സുവർണ ജൂബിലി ഉദ്ഘാടനത്തോടനുബന്ധിച്ച് അർപ്പിച്ച കൃതജ്ഞതാബലിയിൽ വചനസന്ദേശം നൽകി. ലുവെയ്ൻ ഇന്ത്യൻ കൂട്ടായ്മ അഭിവന്ദ്യ പിതാവിന് നൽകിയ സ്വീകരണത്തിൽ ഓൺലൈനായി പങ്കുചേർന്നു.

02 കൊളക്കാട് ഹയർസെക്കൻഡറി സ്കൂളിൽ നടന്ന യാത്രയയപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്തു. കരുണാപുരം ഇടവകയിൽ വച്ച് വിവാഹിതരായ അമൽ സംഗീത ദമ്പതികളുടെ വിവാഹം ആശീർവദിച്ചു. പേരട്ട ഇടവകയിൽ കുറുംതോട്ടം അമിത്ത് ലിബിന ദമ്പതികളുടെ വിവാഹം ആശിർവദിച്ചു. സന്ദേശഭവന്റെ ഹോം ഡേയിൽ പങ്കെടുത്തു.

03 ചെറുപുഴ ഇടവകയിൽ ആദ്യകുർബാന സ്വീകരണത്തിന് മുഖ്യകാർമികത്വം വഹിച്ചു. ഭീമനടി ഇടവക നിർമിച്ചു നൽകിയ ഭവനത്തിന്റെ വെഞ്ചരിപ്പുകർമം നിർവഹിച്ചു. തുടർന്ന് ഭീമനടി ഇടവകയിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ പരിക്കേറ്റ ശ്രീമതി വടക്കേട്ട് അന്നമ്മയെ സന്ദർശിച്ചു. വെള്ളരിക്കുണ്ടിൽ ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ നടന്ന കർഷക മഹാസംഗമത്തിൽ അധ്യക്ഷത വഹിച്ചു.

04 ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ആൻഡ് സയൻസിന്റെ പുതുതായി നിർമ്മിച്ച മന്ദിരത്തിന്റെ വെഞ്ചരിപ്പുകർമം നിർവഹിച്ചു. സന്ദേശഭവനിൽ വച്ച് കാറ്റക്കിസം ഡിപ്ലോമ റിസൾട്ട് പ്രഖ്യാപിച്ചു. കണ്ണൂർ ഇടവകാംഗമായ ശ്രീ തോമസ് പടിഞ്ഞാത്തിന്റെ ഭവനത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു. 3 മണിക്ക് ബഹു. ലൂയിസ് മേനാച്ചേരി അച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ച ഗ്രാസിയ ഇന്റർനാഷണൽ ആർട്സ് അക്കാദമിയുടെ ഉദ്ഘാടന കർമ്മം നിർവഹിച്ചു. വൈകുന്നേരം ആറുമണിക്ക് കാഞ്ഞിരടുക്കം ഇടവകയിൽ പുതുതായി നിർമ്മിക്കുന്ന പള്ളിമുറിയുടെ ശിലാസ്ഥാപനം നിർവഹിച്ചു.

05 പുലിക്കുരുമ്പ ഇടവകയിൽ വച്ച് ഹോളിക്രോസ് സന്യാസ സഭാംഗമായ ഡീക്കൻ ഷാരോൺ ആക്കട്ടിന് തിരുപ്പട്ടം നൽകി. കുടിയാന്മല ഇടവകയിൽ വച്ച് ഷാരോൺ - നിമ്മി എന്നിവരുടെ മനസമ്മതത്തിന് മുഖ്യകാർമികത്വം വഹിച്ചു. കരുവഞ്ചാൽ ആശുപത്രിയുടെ അവലോകന യോഗത്തിൽ പങ്കെടുത്തു. തടിക്കടവ് ഇടവകയുടെ അഖണ്ഡ ജപമാലയുടെ നൂറാം ദിവസത്തിൽ വചനസന്ദേശം നൽകി. എസ്എച്ച് സന്യാസി സഭാംഗങ്ങൾക്കായി ഓൺലൈനായി ക്ലാസ് നയിച്ചു.

06 പെരിങ്കരിയിൽ ബഹു. ജേക്കബ് കരോട്ട് അച്ചനുവേണ്ടി വിശുദ്ധ കുർബാന അർപ്പിച്ചു.

07 ബഹു. കരിക്കാട്ട്കണ്ണിയേൽ അച്ചന്റെ ചരമവാർഷികത്തിൽ ചെമ്പേരി ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും ഒപ്പീസ് ചൊല്ലുകയും ഭവനത്തിൽ പ്രാർത്ഥിക്കുകയും ചെയ്തു. എം പി സി റിസോഴ്സ് ടീമിന്റെ ഓൺലൈൻ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു. ആലക്കോട് ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. വൈകുന്നേരം ചെമ്പേരി

കരുണാലയത്തിൽ ബഹു. ബെന്നി പുത്തൻനട അച്ചന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

08 പരപ്പ ഇടവകയിൽ ബഹു. ബിജു ചേന്നോത്ത് അച്ചന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷത്തിൽ ആശംസകൾ നേർന്നു. മേരിഗിരി ഫൊറോന ദൈവാലയത്തിൽ ബഹു. മാത്യു മണിമലതറപ്പേൽ അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. വിമൽജ്യോതി എൻജിനീയറിംഗ് കോളേജിൽ വച്ച് നാഷണൽ ബോർഡ് ഓഫ് അക്രെഡിറ്റേഷൻ അംഗങ്ങളുമായി കൂടിക്കാഴ്ച നടത്തി. ജർമൻ ഭാഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികളെ അഭിനന്ദിച്ചു കൊണ്ടുള്ള മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. പേരാവൂർ ഇടവകയിൽ വച്ച് ഒറ്റപ്ലാക്കൽ അൻവിൻ-റിയ ദമ്പതികളുടെ മനസമ്മതത്തിനു മുഖ്യകാർമികത്വം വഹിച്ചു. തലശ്ശേരി കത്തീഡ്രൽ ദൈവാലയം നൽകിയ സ്വീകരണത്തിൽ പങ്കെടുക്കുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

09 ചെറുപുഷ്പ മിഷൻലീഗ് കൗൺസിൽ വാർഷികം ചെറുപുഴയിൽ ഉദ്ഘാടനം ചെയ്തു. നാട്ടക്കൽ ഇടവകയിൽ വച്ച് വലിയപറമ്പിൽ അനീഷ് നിജിയ ദമ്പതികളുടെ വിവാഹം ആശീർവദിച്ചു. ബഹു. കൊച്ചുവീട്ടിൽ പീറ്റർ അച്ചനെ സന്ദർശിച്ചു. ബഹു. ഷിന്റോ ആലപ്പാട്ട് അച്ചന്റെ ഭവനത്തിൽ പിതാവിനെ സന്ദർശിച്ചു. പേരാവൂർ ഇടവകയിൽ നടന്ന ക്രിസ്റ്റീൻ ധ്യാനത്തിൽ ആമുഖ സന്ദേശം നൽകി. അതിരൂപതാ കേന്ദ്രത്തിൽ വച്ച് നടന്ന യാത്രയയപ്പ് മീറ്റിംഗിൽ പങ്കെടുത്തു.

10 തലശ്ശേരിയിലെ അതിരൂപതയിലെ ദൈവശാസ്ത്ര വിദ്യാർഥികൾക്ക് ചെറിയ പട്ടങ്ങൾ നൽകി. പുലിക്കുരുമ്പയിൽ പുതുതായി നിർമ്മിച്ച കുരിശുപള്ളിയുടെ വെഞ്ചരിപ്പുകർമം നിർവഹിച്ചു. അഭിവന്ദ്യ ഞറളക്കാട്ട് പിതാവിന്റെ താമസത്തിനായി കുന്നോത്ത് സജ്ജമാക്കിയ ഭവനത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു.

11 തലശ്ശേരി അതിരൂപതയിലെ വൈദിക വിദ്യാർത്ഥികളുടെ മേജർ സെമിനാരി കൂട്ടായ്മയിൽ പങ്കെടുത്ത് വൈദീക വിദ്യാർഥികളുമായി സംസാരിച്ചു.

12 ദീപഗിരി ഇടവകയിൽ വച്ച് ശ്രീ കുഞ്ഞേട്ടൻ പിണക്കാട്ടിന്റെ വിവാഹ സുവർണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ആശംസകൾ നേർന്നു. തുടർന്ന് ചെറുപാറ ഇടവകയിൽ ബഹു. സി. സുമ എം എസ് എം ഐ-യുടെ സന്യസ്ത ജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിൽ വച്ച് നടന്ന യാത്രയയപ്പ്

മീറ്റിംഗിൽ പങ്കെടുത്തു. പ്രീസ്റ്റ് ഹോമിൽ പുതുതായി നിർമ്മിച്ച മുറികളുടെ വെഞ്ചരിപ്പുകർമം നിർവഹിച്ചു.

13 തൃശ്ശൂർ അതിരൂപത സംഘടിപ്പിച്ച ഫാമിലി സെമിനാറിൽ റിസോഴ്സ് പേഴ്സണായി പങ്കെടുത്തു.

14 തലശ്ശേരി മൈനർ സെമിനാരിയിൽ നടന്ന വെക്കേഷൻ ക്യാമ്പിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും കുട്ടികളുമായി സംവദിക്കുകയും ചെയ്തു. വൈകുന്നേരം അങ്ങാടിക്കടവിൽ ക്രെഡിറ്റ് യൂണിയന്റെ കുടുംബ കൂട്ടായ്മ ഉദ്ഘാടനം ചെയ്തു.

15 തേർമല ഇടവകയിൽ ഇടവക സന്ദർശനം നടത്തി.

16 ചെമ്പേരിയിൽ വച്ച് നടന്ന ഏഞ്ചൽസ് മീറ്റിൽ കുട്ടികളുമായി സംസാരിച്ചു. പൈസക്കരി ഇടവകയിൽ തോരത്ത് അന്നമ്മ ഉലഹന്നാൻ ദമ്പതികളുടെ മക്കളുടെ മാമോദിസ, വെട്ടിത്താനത്ത് ജെസ്ബിൻ-നീനു ദമ്പതികളുടെ കല്യാണം നടത്തി. വെള്ളരിയാനം ഇടവകയിൽ പുതുതായി നിർമ്മിച്ച വിശുദ്ധ ദേവസഹായം പിള്ളയുടെ ഗ്രോട്ടോ വെഞ്ചരിക്കുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

17 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. തലശ്ശേരി അതിരൂപതയുടെ പുതിയ കൂരിയ അംഗങ്ങളുടെ സത്യപ്രതിജ്ഞാ ചടങ്ങിന് നേതൃത്വം നൽകി. തുടർന്ന് കൂടിയ കൂരിയ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വൈകിട്ട് സന്ദേശഭവനിൽ സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുത്തു.

18 കോലുവള്ളി ഇടവകയിൽ സി. ബിന്ദു, സി. ഷാലി എംഎസ്എംഎച്ച് സി എന്നിവരുടെ സന്യസ്ത ജീവിതത്തിന്റെ രജത ജൂബിലി ആഘോഷത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. പനത്തടി ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് നടന്ന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

19 വൈഎംസിഎയുടെ ആഭിമുഖ്യത്തിൽ തളിപ്പറമ്പിൽ വച്ച് നടന്ന സമ്മേളനത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയും എയ്ഞ്ചൽ ഡയാലിസിസ് പദ്ധതിക്കായി നൽകിയ തുക കൈപ്പറ്റുകയും ചെയ്തു. പരിയാരം ഇടവകയിൽ ഇടവകാ ദിനത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും സമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു.

20 വിമൽജ്യോതി എൻജിനീയറിംഗ് കോളേജിൽവച്ച് നാക് അക്രഡിറ്റേഷൻ അംഗങ്ങളുമായുള്ള മീറ്റിംഗിൽ പങ്കെടുത്തു.

## Programme of the Archbishop
## MAR JOSEPH PAMPLANY

**JUNE 2022**

| | | | |
|---|---|---|---|
| 01 | | - | GSMS Kunnoth: Academic Year Inaugration |
| | 04.30 PM | - | Kalluvayal: Grotto Blessing |
| 02 | 10.00 AM | - | Thaliparamba: Year Inauguration |
| | 01.00 PM | - | Padannakad: Counseling Centre Blessing |
| | 03.00 PM | - | Badiadukka: CMC School Blessing |
| 03 | | - | GSMS Kunnoth |
| | 09.00 PM | - | Online Meeting Students Abroad |
| 04 | 08.00 AM | - | Jayagiri: Memorial of Fr. Vanderkunnel |
| | 10.00 AM | - | Thaliparamba: CML Year Inauguration |
| 05 | | - | Banglore: Deepika |
| 06 | | - | Junior Priest's Meet |
| 07 | | - | Junior Priest's Meet |
| | | - | KCBC |
| 08 | | - | Junior Priest's Meet |
| | | - | KCBC |
| | 06.00 PM | - | Monthly Recollection |
| 09 | | - | KCBC |
| | | - | Kakkanad: PAC Meeting |

| | | | |
|---|---|---|---|
| 10 | 10.00 AM | - | Sulthan Bathery |
| | 02.00 PM | - | Diakonia |
| 11 | 10.00 AM | - | Sandesabhavan: Catechism HM Conference |
| | 03.00 PM | - | Archbishop's House: Teaching Priest's Meet |
| 12 | | - | Calicut |
| 13 | 10.00 AM | - | Finance Council |
| | 03.00 PM | - | Consulters Meet |
| | 09.00 PM | - | Priests Working Abroad Online Meeting |
| 14 | | - | Chemperi: Forane Meeting |
| | 06.00 PM | - | Theological Forum Meeting |
| 15 | 08.00 -12.30 PM | - | Visitor's Day |
| 16 | 10.00 AM | - | Kanhangad: Forane Visit |
| 17 | | - | GSMS Kunnoth |
| | 07.00 PM | - | Sandeshabhavan Department Meeting |
| 18 | 10.00 AM | - | Corporate HM Meeting |
| 19 | | - | Karikottakary: Pastoral Visit |
| 20 | 08.00 -12 PM | - | Priest and Sisters Visitor's Day |
| | | - | Nirmalagiri |
| 21 | 10.00 AM | - | Marygiri: Forane Visit |
| 22 | 08.00 -12.30 PM | - | Visitor's Day |
| 23 | 10.00 AM | - | Thomapuram: Forane Visit |
| 24 | | - | GSMS |

| | | | |
|---|---|---|---|
| 25 | 09.30 AM | - | Thomapuram: Jubilee Fr. Abraham Ponattu |
| 26 | | - | Banglore: St. Thomas Church |
| 27 | 10.00 AM | - | Vayattuparamba: Forane Visit |
| 28 | 10.00 AM | - | Thaliparamba: CML Meghala Director's Meet |
| | 02.00 PM | - | Thaliparamba: Forane Visit |
| 29 | 10.00 AM | - | Belthangady |
| 30 | 10.00 AM | - | Vellarikund : Forane Visit |
| | 7.00 PM | - | Mother Home : Priest Night Vigil |

**Secretary to the Archbishop**

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ഏപ്രിൽ 2022

21 തലശ്ശേരി അതിരൂപതയിലെ റീജൻസി പൂർത്തിയാക്കിയ വൈദിക വിദ്യാർത്ഥികളുടെ വൈദിക വസ്ത്ര സ്വീകരണത്തിൽ മുഖ്യ കാർമികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് 2.30 ന് തേർമല ഇടവക ദൈവാലയത്തിന്റെ കൂദാശ കർമ്മം നിർവഹിച്ചു.

22 വൈകിട്ട് 4:30 ന് നെടുവാലൂർ ഇടവകയിൽ പുതുതായി നിർമിക്കുന്ന ദൈവാലയത്തിന്റെ അടിസ്ഥാന ശില വെഞ്ചരിച്ചു.

23 അഭിവന്ദ്യ മാർ പീറ്റർ കൊച്ചുപുരക്കൽ പിതാവിന്റെ സ്ഥാനരോഹണ ചടങ്ങിൽ പങ്കെടുത്തു.

24 പേരാവൂർ ഇടവകയിൽ മാണിക്കത്താഴെ ഫിലിപ്പ്-എലിസബത്ത് ദമ്പതികളുടെ വിവാഹം ആശീർവദിച്ചു

25 കണിയാരം ഇടവകയിൽ ബഹു. സി. അന്നാ മേരിയുടെ ജൂബിലി ആഘോഷത്തോട് അനുബന്ധിച്ചു വിശുദ്ധ കുർബാന അർപ്പിച്ചു.

26 നടവയൽ ഇടവകയിൽ ബഹു. സി. സെസിൽ എം എസ് എം ഐ യുടെ സന്ന്യാസ ജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തോട് അനുബന്ധിച്ചു വിശുദ്ധ കുർബാന അർപ്പിച്ചു.

27 കൂരാച്ചുണ്ടിൽ സി. രജനിയുടെ സന്ന്യാസ ജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തോട് അനുബന്ധിച്ചു വിശുദ്ധ കുർബാന അർപ്പിച്ചു.

28 തലശ്ശേരി എസ് എ ബി എസ് കോൺവെന്റിൽ വിശുദ്ധ കുർബാന അർപ്പിച്ചു. വൈകുന്നേരം 3 മണിക്ക് ഉളിക്കലിൽ മദ്യവിരുദ്ധ സമതിയുടെ സംസ്ഥാന സമ്മേളനത്തിൽ പങ്കെടുത്തു

29 വൈകുന്നേരം 6 മണിക്ക് മദർ ഹോമിൽ വച്ച് നടന്ന ആദം മിനിസ്ട്രി യുടെ ധ്യാനം നയിച്ചു

30 ബഹു. ജേക്കബ് കരോട്ട് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

## മെയ് 2022

02 വൈകുന്നേരം 7 മണി സന്ദേശ വന്റെ ഹോംഡേയിൽ പങ്കെടുത്തു.

03 വൈകിട്ട് 4 മണിക്ക് കവുമന്നം ഇടവകയിൽ സി. മേഴ്സിറ്റ എഫ് സി സിയുടെ സന്ന്യാസ ജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷ ത്തോട് അനുബന്ധിച്ചു വിശുദ്ധ കുർബാന അർപ്പിച്ചു.

04 രാവിലെ 9:30 ന് എസ് എ ബി സ് നവ സന്യാസിനിമാരുടെ സഭാവസ്ത്ര സ്വീകരണത്തിൽ മുഖ്യ കാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

05 വെള്ളാട് ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും നവീകരിച്ച വൈദീകമന്ദിരത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിക്കുകയും ചെയ്തു.

രാവിലെ 8 മണിക്ക് പരിയാരം ഇടവകയിലെ കുട്ടികളുടെ ആദ്യ കുർബാന സ്വീകരണത്തോട് അനുബന്ധിച്ചു വിശുദ്ധ കുർബാന അർപ്പിച്ചു.

07 രാവിലെ 9 മണിക്ക് ഭദ്രാവതി രൂപതയിലെ മൂലകട്ടെ ഇടവകയിൽ വച്ച് ബഹു. ഡീക്കന്മാർക്ക് തിരുപ്പട്ടം നൽകി.

09 രാവിലെ 7 മണിക്ക് പേരാവൂർ എസ് എച്ച് പ്രൊവിൻഷ്യൽ ഹൗസിൽ സി. പ്രെസെന്റാ എസ് എച്ച് ന്റെ മൃതസംസ്കാര ചടങ്ങിൽ മുഖ്യ കാർമികത്വം വഹിച്ചു. വൈകിട്ട് 3 മണിക്ക് ചെറുപുഷ്പ മിഷൻ ലീഗിന്റെ വാർഷിക ആഘോഷം ഉദ്ഘാടനം ചെയ്തു.

10 ചീക്കാട് ഇടവകയിൽ പുതുതായി നിർമിച്ച മൾട്ടി മീഡിയ റൂമിന്റെ വെഞ്ചരിപ്പകർമം നിർവഹിച്ചു. അഭിവന്ദ്യപിതാവിന്റെ താമസത്തിനായി കുന്നോത്ത് സജ്ജമാക്കിയ ഭവനത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു.

12 രാവിലെ 9 മണിക്ക് മണിക്കടവ് ഇടവകയിൽ നെല്ലിക്കാംപൊയിൽ ഫൊറോനായിൽ ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ ഏയ്ഞ്ചൽസ് മീറ്റിൽ വിശുദ്ധ കുർബാന അർപ്പിച്ചു. വൈകിട്ട് 4 മണിക്ക് മാട്ടറ ഇടവകയിൽ പുതുതായി നിർമിച്ച പാരിഷ് ഹാൾ വെഞ്ചരിച്ചു.

13 വൈകിട്ട് 6 മണിക്ക് വാണിയപ്പാറ ദേവാലയം സന്ദർശിച്ചു.

14 രാവിലെ 9:30 ന് നെല്ലിക്കാംപൊയിൽ ഇടവകയിലെ കുട്ടികളുടെ ആദ്യ കുർബാന സ്വീകരണത്തോട് അനുബന്ധിച്ചു വിശുദ്ധ കുർബാന അർപ്പിച്ചു. വൈകിട്ട് കണ്ണിവയൽ ഇടവകയുടെ ജൂബിലി ആഘോഷ ത്തോട് അനുബന്ധിച്ചു വിശുദ്ധ കുർബാന അർപ്പിച്ചു

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### ഏപ്രിൽ 2022

21 തളിപ്പറമ്പിൽ വച്ചു നടന്ന എബ്രഹാം പോണട്ടച്ചന്റെ ജൂബിലി കുർബാനയിലും അനുമോദനയോഗത്തിലും പങ്കെടുത്തു.

23 പാലക്കാട് വച്ചു നടന്ന അഭിവന്ദ്യ മാർ പീറ്റർ കൊച്ചുപുരക്കൽ പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങിൽ പങ്കെടുത്തു. രാത്രി അതിരൂപതാ കേന്ദ്രത്തിൽ നടന്ന നാമഹേതുക തിരുനാൾ ആഘോഷത്തിൽ പങ്കെടുത്തു.

24 പൊൻമല ഇടവകയിൽ തിരുനാൾ കുർബാന അർപ്പിച്ചു.

25 രാവിലെ പത്തരക്ക് കോടഞ്ചേരി ഇടവകയിൽ വച്ച് നടന്ന അഭിവന്ദ്യ മാർ ജോസഫ് കുന്നത്ത് പിതാവിന്റെ ജൂബിലി കുർബനയിൽ പങ്കെടുത്തു. വൈകുന്നേരം അഞ്ച് മണിക്ക് പുലികുരുമ്പ ഇടവകയിൽ ബഹു. നോബിൾ ഓണംകുളം അച്ചന്റെ പൗരോഹിത്യ രജത ജൂബിലി കുർബനയിലും അനുമോദന യോഗത്തിലും പങ്കെടുത്തു.

26 ഉളിക്കല്ലിൽ വച്ച് നടന്ന മദ്യവിരുദ്ധ സമിതിയുടെ ഇരുപത്തിമൂന്നാം സംസ്ഥാനാ സമ്മേളനത്തിലും, റാലിയിലും പങ്കെടുത്തു.

27 രാവിലെ ആറരക്ക് ജോസ്ഗിരി ആശുപത്രിയിൽ വി.കുർബാന അർപ്പിച്ചു.

30 എട്ടരക്ക് ഒറ്റതൈ ഇടവകയിൽ ആദ്യകുർബാന സ്വീകരണത്തിൽ മുഖ്യ കാർമികത്വം വഹിച്ചു. ബഹു. ജേക്കബ് കരോട്ട് അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

### മെയ് 2022

01 രാവിലെ 10: 30 ന് നെടുവാലൂർ ഇടവകയിൽ വി. കുർബാന അർപ്പിച്ചു. വൈകുന്നേരം ഗാന്ധിദർശന സെമിനാറിൽ പങ്കെടുത്തു.

02 നടവയൽ ലാസലേറ്റ് ആശ്രമത്തിൽ വച്ചു ഡീക്കൻമാർക്ക് പട്ടം നൽകി.

03 ഉമ്രപൊയിൽ ഇടവകയിൽ കൊച്ചങ്ങാൽ രഞ്ജു-അനു ദമ്പതികളുടെ ഒന്നാമത്തെ മകൾക്ക് ആദ്യകുർബാനയും നാലാമത്തെ മകൾക്ക് മാമ്മോദിസയും നൽകി.

04 തേർമല ഇടവകയിൽ ആദ്യകുർബാന സ്വീകരണത്തിൽ മുഖ്യ കാർമികത്വം വഹിച്ചു.

05 വൈകുന്നേരം കൊളയാട് പള്ളിയിൽ തോട്ടത്തിൽ ആന്റണി-ഡെയ്സി ദമ്പതികളുടെ വിവാഹം ആശീർവദിച്ചു.

6-7 പാലാ രൂപതയിൽ വിവിധ പരിപാടികളിൽ പങ്കെടുത്തു.

09 അതിരൂപതാ കാര്യാലയത്തിൽ വച്ച് നടന്ന അച്ചന്മാരുടെ യാത്രായയപ്പ് യോഗത്തിൽ പങ്കെടുത്തു.

10 മാനന്തവാടി രൂപതയിലെ ബഹു. പോൾ പുത്തൻപുര അച്ചന്റെ മൃതസംസ്കാര ചടങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ ഞറളക്കാട്ട് പിതാവിന്റെ താമസത്തിനായി കുന്നോത്ത് സജ്ജമാക്കിയ ഭവനത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു.

11 തിരുവമ്പാടിയിൽ തോണിപ്പാറ ശ്രീ. ജോസിന്റെ ഒന്നാം ചരമാവാർഷികത്തിൽ വി. കുർബാന അർപ്പിച്ചു.

12 കരുവഞ്ചാൽ വൈദിക മന്ദിരത്തിന്റെ പുതുതായി നിർമിച്ച കെട്ടിടത്തിന്റെ വെഞ്ചരിപ്പ് കർമത്തിൽ പങ്കെടുത്തു.

15 കനകക്കുന്ന് ഇടവകയിലെ മ്ലമല നിധിൻ-നീനു ദമ്പതികളുടെ വിവാഹം ആശീർവദിച്ചു.

17 അതിരൂപതാ കേന്ദ്രത്തിൽ നടന്ന കൂരിയ അംഗങ്ങളുടെ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുത്തു.

19 എസ്.എ. ബി. എസ്. സന്യാസിനി സമൂഹത്തിലെ സന്ന്യാസിനിമാരുടെ സന്ന്യാസ ജീവിതത്തിന്റെ സുവർണ്ണ, രജതജൂബിലി ആഘോഷത്തോട് അനുബന്ധിച്ചു വിശുദ്ധ കുർബാന അർപ്പിച്ചു.

20 പേരാവൂർ എസ് എച്ച് പ്രൊവിൻഷ്യൽ ഹൗസിൽ സി. ജീൻ മരിയാ എസ്. എച്ച് ന്റെ മൃതസംസ്കാര ചടങ്ങിൽ പങ്കെടുത്തു.

❊❊❊❊❊❊

# അതിരൂപതാ കൂരിയ



| | |
|---|---|
| Proto Syncellus | : Msgr. Muthukunnel Antony |
| Syncellus | : Msgr. Palakuzhy Sebastian |
| Syncellus | : Msgr. Ottaplackal Joseph |
| Syncellus | : Msgr. Elamthuruthipadavil Mathew |
| Chancellor | : Rev. Dr. Muttathukunnel Joseph |
| Procurator | : Rev. Dr. Kakkaramattathil Joseph |
| Judicial vicar | : Rev. Dr. Kovoorputhenpurayil John |
| Vice - chancellor Secretary | : Rev. Fr. Vattukalam Jacob |

RNI Reg. No. 5910/18 Date of Publication: 28/05/2022

**Registered KL/TLY/20/22-24**

Licensed to post without prepayment of postage

No. KL/PMG/NR/WPP/2/TLY/2022-24




Published & Printed by Fr. Sajan George Thengumpally on behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Hollow Way Road Thalassery - 670 101. Published from Archbishop's House, Hollow Way Road, Thalassery - 670 101 Kerala. Editor- Fr. Sajan George Thengumpally.